
9ാം പദ്ധതി

ജനകീയ പദ്ധതി

മടവൂർ ഗ്രാമപഞ്ചായത്ത്
വികസനസെമിനാറിൽ അവതരിപ്പിക്കുന്ന
റിപ്പോർട്ട്



134-4

9ാം പദ്ധതി - ജനകീയ പദ്ധതി

മടവൂർ ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ 1996-97





എഡിറ്റോറിയൽ സ്റ്റാഫ്

എഡിറ്റർ : ശ്രീ.കെ.കെ.ഭാസ്ക്കരൻ നായർ

സബ്-എഡിറ്റർ : ശ്രീ.പി.ഒ.സുധാകരൻ നായർ

അംഗങ്ങൾ :

1. സി.മുഹമ്മദ്
2. കെ.പത്മിനി
3. പി.സി. മുഹമ്മദ്
4. എം.ഇസ്മായിൽ
5. യു.കെ. ഭാസ്ക്കരൻ
6. കെ.ഗോപാലൻ (മുൻ സെക്രട്ടറി)
7. പി.അസ്സൈനാർ
8. അനിൽ കുമാർ.പി.കെ.
9. ശശികുമാർ ചോലക്കര
10. കെ.രാമചന്ദ്രൻ
11. ഇ. അംബുജം
12. എം. മണിക്കുട്ടൻ
13. ടി.ശൈലജ
14. അബ്ദുൽഷുക്കൂർ
15. സരോജിനി.പി.കെ
16. പി.സദാനന്ദൻ.
17. പി.കോരപ്പൻ മാസ്റ്റർ

നാളുകൾ മറിക്കുമ്പോൾ

1. ആമുഖം 5
2. നമ്മുടെ പഞ്ചായത്തിനെ അറിയുക 8
3. ചരിത്ര പശ്ചാത്തലം 11
4. ഭൂപ്രകൃതി-ജനപ്രകൃതി- ജലപ്രകൃതി 13
5. വികസന മേഖലകൾ 19
   - 5-1. കൃഷിയും ജലസേചനവും 19
   - 5-2. മൃഗസംരക്ഷണം 23
   - 5-3. വ്യവസായം 25
   - 5-4. വിദ്യാഭ്യാസം 27
   - 5-5. കുടിവെള്ളവും പൊതുജനാരോഗ്യവും 30
   - 5-6. ഗതാഗതം-ഊർജ്ജം-മാർക്കറ്റ് 32
   - 5-7. പാർപ്പിടവും സാമൂഹ്യക്ഷേമവും 33
   - 5-8. സംസ്ക്കാരം 40
   - 5-9. വനിതാക്ഷേമം 43
   - 5-10. സഹകരണം 44
   - 5-11. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം 44
   - 5-12. വിഭവ സമാഹരണം 46
6. ഉപസംഹാരം 49

ആമുഖം

സ്വതന്ത്രഭാരതത്തിൽ പിറന്നുവീണവരോ സ്വാതന്ത്ര്യസമരത്തിന്റെ അവസാനഘട്ടത്തിൽ ജനിച്ചവരോ ആയിരിക്കും നമ്മളിൽ അധികവും. സ്വാതന്ത്ര്യസമരഘട്ടത്തിലെ സമരസേനാനികൾക്ക് ഒരു സ്വപ്നമുണ്ടായിരുന്നു. സമ്പന്നവും സ്വയം പര്യാപ്തവുമായ ഗ്രാമങ്ങളടങ്ങിയ ഒരിന്ത്യയായിരുന്നു അവരുടെ സ്വപ്നം. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് അടിസ്ഥാനപരമായി നാം കണ്ടിരുന്നത്. പഞ്ചവത്സരപദ്ധതികളിലൂടെയുള്ള വികസന പ്രവർത്തനങ്ങളായിരുന്നു അത്തരത്തിലുള്ള 8 പഞ്ചവത്സരപദ്ധതികൾ പിന്നിട്ടപ്പോൾ നാമിന്ന് എത്തിനില്ക്കുന്നതെവിടെയാണ് ?

റോഡുകളുടെയും പാലങ്ങളുടെയും മറ്റു സേവനമേഖലകളുടെയും ഭക്ഷ്യോല്പാദനത്തിന്റെയും ശാസ്ത്രസാങ്കേതിക വിദ്യകളുടെയും എല്ലാം മേഖലകളിൽ വമ്പിച്ച പുരോഗതി കൈവരിക്കാൻ പഞ്ചവത്സരപദ്ധതികളിലൂടെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന സങ്കല്പം പൂവണിയിക്കാൻ നമുക്കു കഴിയാതെ പോയി. നേടിയെടുത്ത വികസനമാകട്ടെ നാടിന്റെ ചില പ്രത്യേകമേഖലകളിൽ കേന്ദ്രീകരിക്കപ്പെട്ടു. വികസനം കൊണ്ടുണ്ടായ ഗുണഫലങ്ങളുടെ കാര്യത്തിൽ മഹാഭൂരിപക്ഷവും പ്രായേണ പിൻതള്ളപ്പെട്ടു. ഇതിനു പ്രധാനമായും രണ്ടു കാരണങ്ങളായിരുന്നു.

1. പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് അടിസ്ഥാനപരമായ അധികാരമില്ലായിരുന്നു.

2. ആസൂത്രണപ്രക്രിയയിൽ സാധാരണ ജനങ്ങൾക്ക് ഒരു പങ്കുമില്ലായിരുന്നു.

73, 74 ഭരണഘടനാ ഭേദഗതിയോടു കൂടി ഇതിൽ ഒന്നാമത്തെ പ്രശ്നത്തിന് ഒട്ടൊക്കെ പരിഹാരമായി. അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഈ ഭരണഘടനാവകുപ്പുകൾ ഒട്ടൊക്കെ സഹായകരമാണ്. രണ്ടാമത്തെ പ്രശ്നത്തിന്റെ പരിഹാരത്തെപ്പറ്റി ചിന്തിക്കുമ്പോഴാണ് വികേന്ദ്രീകൃതആസൂത്രണത്തിന്റെ പ്രാധാന്യം വെളിവാകുന്നത്. ഇവിടെയാണ് 9-ാം പദ്ധതി - ജനകീയ പദ്ധതി എന്ന മുദ്രാവാക്യത്തിന്റെ പ്രസക്തി. 1997 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്ന 9-ാം പദ്ധതി പ്രകാരം കേരളസംസ്ഥാനത്തിൽ വകയിരുത്തുന്ന 35-40 ശതമാനം ഫണ്ടുകൾ ത്രിതല പഞ്ചായത്തുകൾക്ക് നൽകുന്നതാണെന്ന് കേരള സർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. അപ്പോൾ ഇത്രയും വരുന്ന തുകകൾക്കുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ട ഉത്തരവാദിത്തം ത്രിതല പഞ്ചായത്തുകൾക്കുണ്ട്. ഇത് ജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുക

എന്ന മഹത്തായ ലക്ഷ്യം മുൻ നിർത്തി കേരള സർക്കാറിന്റെയും സംസ്ഥാന ആസൂത്രണബോർഡിന്റെയും പരിപാടി നടന്നുവരിയാണ്.

ഇതിന്റെ ഒന്നാംഘട്ടം എന്ന നിലയിൽ നമ്മുടെ പഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ ഒരു ഏകദേശരൂപം താഴെ കൊടുക്കുന്നു.

1996 സെപ്തംബർ 3 മുതൽ 5 വരെ തിയ്യതികളിൽ ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനകേമ്പ് ചാത്തമംഗലം ഗവ: ഹൈസ്കൂളിൽ നടന്നു. ഇതിൽ നമ്മുടെ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് ജനപ്രതിനിധികളടക്കം 7 പേർ പങ്കെടുത്തു. തുടർന്ന് സെപ്തംബർ 8ന് വികസന സാക്ഷരതാ ദിനാചരണം മുട്ടാഞ്ചേരിയിൽ നടന്നു. സപ്തെബർ 14 ന് ആരാമ്പം സാംസ്ക്കാരിക നിലയത്തിൽ വെച്ച് പഞ്ചായത്ത് തല ഏകദിന പരിശീലനം നടന്നു. ജനപ്രതിനിധികൾക്കു പുറമെ 48 പേർ പരിശീലനത്തിൽ പങ്കെടുത്തു. ഉദ്യോഗസ്ഥ യോഗങ്ങൾ, വനിതാ യോഗങ്ങൾ, വിളംബര ജാഥകൾ, ചാക്കു ബോർഡുകൾ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ പ്രചരണാർത്ഥം സംഘടിപ്പിച്ച് ഗ്രാമസഭയിൽ സജീവമായി പങ്കെടുക്കേണ്ട ആവശ്യബോധം ജനങ്ങളിൽ ഉണർത്തി. സപ്തംബർ 21 മുതൽ ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിൽ ഗ്രാമസഭകൾ ചേരണമെന്നു തീരുമാനിക്കുകയും അതനുസരിച്ച് അഞ്ചു ദിവസങ്ങളിലായി 10 ഗ്രാമസഭകളും ഒക്ടോബർ 2-ാം തിയ്യതിയോടെ ചേരുകയും ചെയ്തു.


ഗ്രാമസഭകളുടെ പങ്കാളിത്തത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ താഴെ പട്ടികയായി കൊടുക്കുന്നു.

വാർഡ്	തിയ്യതി	പുരു	സ്ത്രീ	ആകെ
1	21.9.96	104	92	196
2.	29.9.96	221	38	259
3.	27.9.96	147	133	280
4.	29.9.96	214	162	376
5.	27.9.96	109	73	182
6.	22.9.96	161	96	257
7.	2.10.96	311	263	574
8.	22.9.96	238	136	374
9.	2.10.96	218	128	346
10.	21.9.96	104	86	190
	ആകെ	1827	1207	3034

ഗ്രാമസഭകളിലെ പങ്കാളിത്തം പരിശോധിക്കുമ്പോൾ 574 വോട്ടർമാർ പങ്കെടുത്ത നമ്മുടെ 7-ാം വാർഡ് ഗ്രാമസഭയാണ് കൊടുവള്ളി ബ്ലോക്കിൽ പങ്കാളിത്തത്തിൽ മുന്നിൽ നില്ക്കുന്നതെന്നു കാണാം.

രണ്ടാംഘട്ട പ്രവർത്തനത്തിന്റെ കേന്ദ്രബിന്ദുവാണ് ഈ വികസനസെമിനാർ. സെമിനാറിലേക്കു വേണ്ട ഈ വികസന രേഖ തയാറാക്കുന്നതിനു വേണ്ടി ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ പഞ്ചായത്തിനകത്തും പുറത്തുമുള്ള വിവിധ ഓഫീസുകളിൽ നിന്നും ഉദ്യോഗസ്ഥന്മാരുടെ സഹായസഹകരണങ്ങളോടെ സന്നദ്ധപ്രവർത്തകർ ശേഖരിക്കുകയുണ്ടായി. നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതി, ഭൂവിനിയോഗം, മറ്റുവിഭവങ്ങൾ, ചരിത്രം തുടങ്ങിയവയെക്കുറിച്ച് തൊട്ടറിയുന്നതിനുള്ള ഒരു പഠന പര്യടനം നടത്തി. ജനപ്രതിനിധികളും സന്നദ്ധ സേവകരുമടക്കം 15 ഓളം വരുന്ന അംഗങ്ങളടങ്ങിയ 3 ഗ്രൂപ്പുകൾ പഞ്ചായത്തിൽ തലങ്ങും വിലങ്ങും നടന്ന് വിവരങ്ങൾ ശേഖരിച്ചു. ഗ്രാമസഭകളിൽ നിന്നു ലഭിച്ച റിപ്പോർട്ടുകളും ദ്വിതീയ സ്ഥിതിവിവരക്കണക്കുകളും പഠന പര്യടനത്തിലെ റിപ്പോർട്ടുകളും ആസൂത്രണസമിതിയുടെ നിർദ്ദേശങ്ങളും ക്രോഡീകരിച്ചുകൊണ്ടാണ് ഈ റിപ്പോർട്ടു തയ്യാറാക്കിയത്. ഇതിന്റെ ഓരോ ഘട്ടത്തിലും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ സജീവമായ പങ്കാളിത്തവും ഉത്തരവാദിത്തപൂർണ്ണമായ മേൽനോട്ടവും ഉണ്ടായിരുന്നു.

ഏതു പ്രവർത്തനത്തിലും സഹകരിക്കാൻ സന്നദ്ധരായ റിസോഴ്സ് പേഴ്സൺമാരുടെയും മറ്റു സന്നദ്ധപ്രവർത്തകരുടെയും ആത്മാർത്ഥമായ പ്രവർത്തനത്തിന്റെ എല്ലാ വിഭാഗീയതകളെയും മാറ്റിവെച്ചുകൊണ്ട് ഫലം കൂടിയാണ് ഈ വികസന രേഖ. ഇന്നിന്റെ വെല്ലുവിളികളെ സ്വീകരിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസന മന്ത്രം ഉരുവിട്ടു കൊണ്ട് ദൃഢപ്രതിജ്ഞയോടെയും ആത്മവിശ്വാസത്തോടെയും നമുക്ക് ഒന്നിച്ചുമുന്നേറാം.




പഞ്ചായത്തിനെ അറിയുക

പഞ്ചായത്തിന്റെ പേര്	:	മടവൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	:	മടവൂർ വില്ലേജ്
ബ്ലോക്ക് ഡിവിഷൻ	:	1. ആരാമ്പ്രം
		2. കൊടുവള്ളി
ബ്ലോക്ക് പഞ്ചായത്ത്	:	കൊടുവള്ളി
താലൂക്ക്	:	കോഴിക്കോട്
അസംബ്ലി മണ്ഡലം	:	കൊടുവള്ളി
വിസ്തീർണ്ണം	:	19.391 ച.കി.മി
ജനസംഖ്യ	:	22565
വാർഡുകൾ	:	10
അതിരുകൾ	:	കിഴക്ക്-പൂനൂർ പുഴ (കൊടുവള്ളി, കുന്ദമംഗലം പഞ്ചായത്തുകൾ)
		പടിഞ്ഞാറ് - ചേളന്നൂർ പഞ്ചായത്ത്
		തെക്ക് - കുരുവട്ടൂർ പഞ്ചായത്ത്
		വടക്ക് - കാക്കൂർ - നരിക്കുനി പഞ്ചായത്തുകൾ


ഗ്രാമപഞ്ചായത്ത് ഭരണസമിതി



സി. രാധാമണി
പ്രസിഡണ്ട്



തച്ചിലലേടത്ത് അബൂബക്കർ
വൈസ്പ്രസിഡണ്ട്



സി.പി.ശ്രീധരൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

വാർഡ് വാർഡിന്റെ പേര്	മെമ്പർമാർ
1. അങ്കത്തായ്	K. തങ്കമണി ടീച്ചർ
2. പുല്ലാളൂർ	C. അഹമ്മദ്കോയ ഹാജി
3. മുട്ടാഞ്ചേരി	C.P. ശ്രീധരൻ
4. ആരാമ്പ്രം	M. ഹംസ
5. മടവൂർ	M.K.കൃഷ്ണൻകുട്ടി
6. മടവൂർ മുക്ക്	P. സുലൈഖ
7. പൈമ്പാലശ്ശേരി	T.അബൂബക്കർ (വൈ.പ്ര)
8. എരവന്നൂർ	P.സുലോചന ടീച്ചർ
9. പുള്ളിക്കോത്ത്	സക്കീന മുഹമ്മദ്
10. കരുഞ്ഞി	C.രാധാമണി (പ്രസിഡണ്ട്)

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ

1. കെ.പത്മനാഭൻ ഏറാടി
2. മറിയാമ്മ തോമസ്

ജില്ലാ പഞ്ചായത്ത് മെമ്പർ

എം.സി.മായിൻഹാജി

ഓഫീസ് സ്റ്റാഫ്

1. കെ.കെ ശിവദാസ് സെക്രട്ടറി
2. എ.കെ.രാജൻ ഹെഡ്ക്ലാർക്ക്
3. കെ.കാദർ യു.ഡി.സി
4. ഒ.സുലൈമാൻ യു.ഡി.സി
5. കെ.കെ.ഇസ്മായിൽ എൽ.ഡി.സി
6. കെ.അബ്ദുൽഖാദർ എൽ.ഡി.സി
7. കെ.ചന്ദ്രൻ ജൂനിയർ ബിൽ കലക്ടർ
8. എം.വിശ്വനാഥൻ പ്യൂൺ
9. പി.പി.ഗുരുദാസ് പാർട്ട് ടൈം സ്വീപ്പർ

XX

3. ചരിത്രപാശ്ചാത്തലം

കോഴിക്കോട് ജില്ലയിൽ കൊടുവള്ളി ബ്ലോക്കിൽപെട്ട ഈ പഞ്ചായത്ത് രൂപം കൊണ്ടത് 1.1.1962 ൽ ആണ്. 1964 ലാണ് ആദ്യമായി തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്നത്. അതിനുശേഷം ഈ പഞ്ചായത്തിന്റെ ഭരണസാരഥ്യം വഹിച്ച പ്രസിഡണ്ടുമാരുടെ പേരുകൾ താഴെകൊടുക്കുന്നു.

1.കെ.സി. ആലിക്കുട്ടി ഹാജി.

2.കുന്നുമ്മൽ അബ്ദുൽ ഖാദർ

3. വട്ടക്കണ്ടത്തിൽ മുഹമ്മൂദ്

4. ടി.കെ. അബ്ദുള്ളക്കുട്ടി മാസ്റ്റർ

5. കെ.പി.മാമുഹാജി.

6. കെ.സി. അബു.

7. എം.കെ.അബുഹാജി

8. കെ.പത്മനാഭൻ ഏറാടി

നിലവിലുള്ള പ്രസിഡണ്ട് ശ്രീമതി.സി.രാധാമണി പഞ്ചായത്തിലെ പ്രഥമ വനിതാ പ്രസിഡണ്ടുകൂടിയാണ്.

1950 കൾ വരെ സജീവ രാഷ്ട്രീയ പാരമ്പര്യമോ പോരാട്ടങ്ങളുടെ ചരിത്രമോ ഇല്ലാത്ത മടവൂരിനെക്കുറിച്ച് ആധികാരികമായ രേഖകളോ ചരിത്രത്തെളിവുകളോ വേണ്ടത്ര ലഭ്യമല്ല. പഴമക്കാരിൽ നിന്നുള്ള കേട്ടറിവുകൾ, ഐതീഹ്യങ്ങൾ, മുൻതലമുറയുടെ അനന്തരാവകാശികളിൽ നിന്നുള്ള കഥകൾ ഇവ ചേർത്തുവെക്കുമ്പോൾ കിട്ടുന്ന അവ്യക്തമായ ഒരു ചരിത്രമാണ് ഇന്നു ലഭ്യമായിട്ടുള്ളത്.

ഈ ചരിത്രപാശ്ചാത്തലം വെച്ച് പരിശോധിക്കുമ്പോൾ പഞ്ചായത്തിന്റെ വിശാലമായ ഒരു മേഖലയിൽ നായർ തറവാട്ടുകാരുടെ (ഒന്നു രണ്ടു നമ്പൂതിരി, അമ്പലവാസി കുടുംബത്തിനുകീഴിലുള്ള) മേൽക്കോയ്മയായിരുന്നു എന്നു കാണാം. പഞ്ചായത്തിന്റെ തെക്കെൻ മേഖലയിൽ ചിറക്കൽ-പുതുക്കോട്ട് പൊയിലിൽ എന്നീ ഈഴവ കുടുംബങ്ങൾക്കായിരുന്നു മേൽക്കോയ്മ. നമ്പൂതിരി, നായർ കുടുംബങ്ങളുടെ മഠങ്ങൾ ധാരാളമുണ്ടായിരുന്ന വടക്കൻ മേഖലയ്ക്ക് ``മഠങ്ങളുടെ ഊര്'' എന്ന അർത്ഥം വരുന്ന ``മഠവൂർ'' എന്ന് പേരുണ്ടായി എന്നും അത് പഞ്ചായത്തിന്റെ പേരായ മടവൂർ എന്നു രൂപാന്തരപ്പെട്ടു എന്നുമാണ് കഥകൾ. ഇതിന് ഉപോൽബലകമായി ഈ പ്രദേശത്തുള്ള ധാരാളം പറമ്പുകൾക്ക് മഠമെന്നവാക്കുമായി ബന്ധപ്പെട്ട പേരുകളാണുള്ളത്.

തെക്കൻ മേഖലയെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ ഈഴവ മേൽക്കോയ്മയുടെ അവശിഷ്ടമായി കാണപ്പെടുന്നത് ചാത്തനാറമ്പ് എന്നു വിളിക്കുന്ന സ്ഥലപ്പേരാണ്. യാത്രപ്പറമ്പ് എന്ന പേരിൽ മുമ്പറിയപ്പെട്ടിരുന്ന വിശാലമായ ഈ സ്ഥലത്തുനിന്നും പടനിലത്തേക്ക് പടപുറപ്പെട്ടിരുന്നു എന്നും ആ യാത്രപ്പറമ്പ് പിൽക്കാലത്ത് ചാത്തനാറമ്പായെന്നും കഥകളുണ്ട്. ഗൃഹപ്രവേശന സമയത്ത് വീടിന്റെ പണിയുമായി ബന്ധപ്പെട്ടിരുന്ന ആശാരി, വേട്ടുവൻ തുടങ്ങിയ ജോലിക്കാർക്കൊക്കെ പൊളിച്ച നാളീകേരം കൊടുക്കുകയും അവരതുകൊണ്ട് വീടിന്റെ എല്ലാ വശങ്ങളിലും മുട്ടി വീടിന്റ ശ്രേയസ്സ് ഉറപ്പുവരുത്തുന്ന ഒരു ചടങ്ങ് അടുത്തകാലം വരെ നിലനിന്നിരുന്നു. ഇങ്ങനെ മുട്ടുന്നതിന് നാളീകേരം കിട്ടാതായപ്പോൾ മൂത്താശാരി മുട്ടാച്ചേരി എന്ന്. ഒരു പ്രദേശത്തെ വിളിച്ചുഎന്നും അത് പിൽക്കാലത്ത് മുട്ടാഞ്ചേരി ആയി എന്നും കഥകളുണ്ട്.

കര, നുഞ്ഞിയായ സ്ഥലം കരുഞ്ഞി എന്നും അരുവി കരകളെ അരിക്കൽ അരീച്ചോല എന്നും ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട അന്വർത്ഥങ്ങളായ സ്ഥലനാമങ്ങൾ പഞ്ചായത്തിനകത്തുണ്ട്.

തെക്കു പടിഞ്ഞാറൻ മേഖലകളിൽ പുല്ലാളൂർ എന്ന സ്ഥലത്തിന്റെ പേരിന്റെ പിന്നിലുള്ള കഥ പുല്ലാളുന്നവൻ (ശ്രീകൃഷ്ണൻ) അനുഗ്രഹിച്ച ഊരാണ് പുല്ലൂളൂർ ആയതെന്നാണ്. അതുപോലെ പടിഞ്ഞാറൻ മേഖലകളിലെ എരുവണ്ണൂർ എന്ന സ്ഥലത്തെക്കുറിച്ചും ഒരു സ്ഥലനാമകഥയുണ്ട്. ചുറ്റും ഉയരമുള്ള മലകളുള്ള ഈ പ്രദേശത്തിന് `ഏകരമുള്ള ഊര്' എന്ന അർത്ഥ

ത്തിലാണത്രേ എരുവണ്ണൂർഎന്നു പേരു വന്നത്. പടനിലത്തിനരികിൽകിടക്കുന്ന കൊടുക്കാവുവയൽ ആരാമ്പ്രം എന്നീ പ്രദേശങ്ങൾ ടിപ്പു സുൽത്താന്റെ ചരിത്രവുമായി ബന്ധപ്പെടുത്തുന്ന കഥകളുണ്ട്. കൊട്ടവെയ്ക്കാനുദ്ദേശിച്ച സ്ഥലം കോട്ട-വെക്കാവയൽ പിന്നീട് കോട്ടക്കാവയലെന്നും ആരാമത്തിന് വേണ്ടി ഉദ്ദേശിച്ച സ്ഥലം ആരാമപുരം ആരാമ്പ്രമായെന്നും കഥകളുണ്ട്.

സാമൂതിരി രാജവംശത്തിന്റെ തകർച്ചയോടെ മിക്കവാറും കോഴിക്കോടൻ ഗ്രാമങ്ങളിൽ നമ്പൂതിരി-നായർ തറവാട്ടുകാരുടെ മേൽക്കോയ്മ പൂർണമായി. ഈ മേൽക്കോയ്മതന്നെയായിരുന്നു മടവൂരിന്റെ സാമൂഹ്യ രാഷ്ട്രീയ അന്തരീക്ഷം നിയന്ത്രിച്ചിരുന്നത്. അടിയാളവിഭാഗങ്ങളുടെ സാമൂഹ്യജീവിതവും മതനിഷ്ഠകളും ഇപ്രകാരം നിർണ്ണയിക്കപ്പെട്ടിരുന്നു. മേൽപ്പള്ളി, കവിയാട്ട്, എടവലത്ത് കണ്ടി, കോളേരി, കിളിയങ്ങാട്ട് നക്കാരത്ത്, കൊയിലോത്ത്, പാലക്കടവത്ത് പൂമഠത്തിൽ, പൊയിലിൽ, ചിറക്കൽ പുതുക്കോട്ട് തുടങ്ങിയ തറവാട്ടുകാരായിരുന്നു ഇവരിൽ പ്രമുഖർ. ഇതിൽ അവസാനം സൂചിപ്പിച്ചത് രണ്ട് ഈഴവ കുടുംബങ്ങൾ ആയിരുന്നു എന്നത് സവിശേഷമായ ഒരു വസ്തുതയാണ്. ഈമേൽക്കോയ്മ ക്ഷയിക്കാൻ തുടങ്ങിയ കാലഘട്ടത്തിൽ ഉയർന്നുവന്ന മറ്റൊരു പ്രബല ജന്മികുടുംബമാണ് കെട്ടുങ്ങൾ ചാലരുകണ്ടിയിൽ എന്ന തറവാട്ടുപേരുള്ള മുസ്ലിം കുടുംബം.

ഇപ്രകാരം മടവൂരിന്റെ സാമൂഹികാന്തരീക്ഷത്തെ നിയന്ത്രിച്ചുപോന്നിരുന്ന ജന്മിമേൽക്കോയ്മ കേരളത്തിൽ പൊതുവേ രൂപപ്പെട്ടുവന്ന സാമൂഹിക വളർച്ചയോടെ അപ്രത്യക്ഷമാവുകയായിരുന്നു. സാമൂഹിക ബന്ധങ്ങളിൽ സമൂലമാറ്റം വരുത്തിയ ഈ പ്രക്രിയക്ക് ആക്കം കൂട്ടുന്ന തരത്തിലുള്ള കർഷക സമരങ്ങളോ ജന്മിവിരുദ്ധസംഘടിത നീക്കങ്ങളോ മടവൂരിൽ നടന്നതിന് തെളിവുകളില്ല. ഇത്തരം സമരങ്ങൾക്ക് ചൂടും ചൂരും പകർന്നിരുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സാന്നിദ്ധ്യം സജീവമായി ഇവിടെയുണ്ടായിരുന്നില്ല. ജന്മിത്തറവാട്ടുകാരും മുസ്ലിം ജനസമാന്യവുമായി എടുത്തുപറയത്തക്ക സൗഹൃദബന്ധം ഉണ്ടായിരുന്നു. ഇതാകട്ടെ അവശ ജനവിഭാഗങ്ങളുടെ ജന്മിവിരുദ്ധ നിലപാടുകളെ ദുർബലപ്പെടുത്തി. എന്നിരുന്നാലും മടവൂരിൽ ശക്തമായ അടുത്തറയുള്ള ഒരു മതസൗഹാർദ്ധത്തിനു ഈ ബന്ധം നിദാനമായി.

1940 കളോടെ തകർന്നു ജന്മികുടുംബങ്ങളിൽ നിന്നും നാടിന്റെ മേൽക്കോയ്മ കൈവിട്ടുപോയത് മടവൂരിനെ സംബന്ധിച്ചിടത്തോളം വ്യത്യസ്ഥതയുടെ ആന്തരികവൈരുദ്ധ്യം തന്നെയാണ് മുഖ്യകാരണമായത്. 1957 നുശേഷം നടന്ന ഭൂപരിഷ്ക്കരണവുമായി ബന്ധപ്പെട്ട നിരവധി സർക്കാർ നടപടികൾ ഈ തകർച്ചപൂർണ്ണമാക്കുകയായിരുന്നു.

1960 കളോടെ മടവൂർ ഗ്രാമവും രാഷ്ട്രീയ വൽക്കരിക്കപ്പെടാൻ തുടങ്ങി. 1971ലെ ഭൂപരിഷ്ക്കരണനിയമനിർമ്മാണത്തിലേക്കു നയിച്ച നിരവധി സമരങ്ങളിൽ ചിലതിലെങ്കിലും മടവൂരിനും പങ്കാളിത്തമുണ്ടായിരുന്നു. 1970 കളിൽ നടന്ന വ്യാപകമായ ഭൂവിതരണം, ഗൾഫ് പണത്തിന്റെ ഒഴുക്ക്, ട്രാൻസ്പോർട്ട് വ്യവസായത്തിന്റെ വളർച്ച സർക്കാർ ഇതര തൊഴിലുകളിൽ നിന്നുള്ള വരുമാനം എന്നിവ മടവൂരിന്റെ സാമൂഹ്യ സാംസ്ക്കാരികരംഗത്ത് അടിസ്ഥാനപരമായ മാറ്റം വരുത്തി എന്നാൽ പ്രശ്നങ്ങൾ പുതിയ രൂപത്തിൽ രൂപം കൊള്ളുകയായിരുന്നു. ഇന്ന് മടവൂരിനെ മൊത്തത്തിൽ ബാധിച്ചിരിക്കുന്ന പ്രശ്നങ്ങളിൽ മുഖ്യമായവ താഴെ കൊടുക്കുന്നവയാണ്.

1. രൂക്ഷമായ കുടിവെള്ളക്ഷാമം
2. കാർഷികരംഗത്തെ ഉൽപാദനമാന്ദ്യം
3. അപര്യാപ്തമായ യാത്രാസൗകര്യം.
4. വ്യാവസായികമായ പിന്നോക്കാവസ്ഥ.
5. ചികിത്സാസൗകര്യങ്ങളുടെ കുറവ്
6. വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയും സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അഭാവും.
7. തൊഴിൽ രംഗത്തെ പങ്കാളിത്തക്കുറവ്

ഈ പട്ടിക നീണ്ടുകിടക്കുകയാണ്. അവപരിഹാരവും കാത്തിരിക്കുകയാണ്.

4. ഭൂപ്രകൃതി-ജനപ്രകൃതി-ജലപ്രകൃതി

അവലംബം: വിഭവഭൂപടം, കൃഷിഭവൻരേഖകൾ, പഠനപര്യടനം)

ഭൂപ്രകൃതിയനുസരിച്ച് മടവൂർ പഞ്ചായത്തിനെ പ്രധാനമായും നാലായി തിരിക്കാം.

1. കുന്നിൻ മണ്ടയിലെ നിരപ്പുപ്രദേശം

2. ചരിവു പ്രദേശം 3 താഴ്വര 4 സമതലം

ഇവയോരോന്നിന്റെയും വിസ്തൃതി താഴെ കൊടുക്കുന്നു.

(പട്ടിക 1 കാണുക)

1. ഉയർന്ന നിരപ്പുള്ള പ്രദേശങ്ങൾ

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളിലാണിത്. കുന്നുകളുടെയും മലകളുടെയും ഉച്ചിയിലുള്ള ഈ നിരപ്പു പ്രദേശങ്ങൾ മൊത്തം വിസ്തൃതിയുടെ 2.29% മാത്രമേ വരുന്നുള്ളൂ. പടിഞ്ഞാറ് അങ്കത്തായിലുള്ള അരീക്കൽ കുന്ന് മുതൽ കിഴക്ക് 7-ാം വാർഡിലെ എതിരം പാറ മലവരെയും വടക്ക് അഞ്ചാം വാർഡിലുള്ള പയിങ്ങാറ്റമലമുതൽ തെക്ക് മൂന്നാം വാർഡിലെ വായോറമലയും 7-ാം വാർഡിലെ പുല്ലോറക്കുന്നുവരെയും പഞ്ചായത്തിന്റെ എല്ലാ വർഡുകളിലുമായി കിടക്കുന്ന ഏതാണ്ട് തൊണ്ണൂറോളം കുന്നുകളുടെയും ഉച്ചിയിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളാണിത്. കശുമാവാണ് ഈ പ്രദേശങ്ങളിൽ അധികവും കണ്ടുവരുന്നത്.

2 ചെരിവു പ്രദേശം

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിൽ 85.71% ഇതിൽ ഉൾപ്പെടുന്നു. കുത്തനെയുള്ള ചിരിവുപ്രദേശങ്ങളിൽ കശുമാവ് ഒഴിച്ചാൽ കാര്യമായ കൃഷിയൊന്നും ഇല്ലെന്നു തന്നെ പറയാം. പഞ്ചായത്തിന്റെ വിസ്തീർണ്ണത്തിൽ പകുതിയും ഇടത്തരം ചെരിവുപ്രദേശങ്ങളാണ്. പഞ്ചായത്തിലെ ആവാസകേന്ദ്രങ്ങളിൽ കൂടിതലും ഇത്തരം പ്രദേശത്താണ്. നെല്ലൊഴികെ പഞ്ചായത്തിൽ കണ്ടുവരുന്ന മിക്കവാറും എല്ലാ വിളകളും ഈ പ്രദേശങ്ങളിൽ കാണാം. ചില കുന്നിൻ ചെരുവുകളിൽ ജല സ്രോതസ്സ് കാര്യമായി കണ്ടുവരുമ്പോൾ തൊട്ടെതിർവശത്തുള്ള കുന്നിൻ ചെരുവുകളിൽ കുടിവെള്ളക്ഷാമം നേരിടുന്നു. മൊത്തം വരുന്ന ചെരിവ് പ്രദേശങ്ങളിൽ ജനസാന്ദ്രത കൂടുതലുള്ളത് 5.71% വരുന്ന ചെറുചെരിവുപ്രദേശങ്ങളിലാണ്.

3 താഴ്വാര:-

കുന്നുകളടേയും മലകളുടേയും അടിവാരമായി വരുന്ന ഈ പ്രദേശങ്ങൾ തോടുകളും, കുളങ്ങളും, പൊയിൽപ്രദേശങ്ങളും അടങ്ങിയതാണ്. ആകെ വിസ്തീർണ്ണത്തിന്റെ 9.14% വരും തെങ്ങ്, കവുങ്ങ്, മരിച്ചീനി, വാഴ, നെല്ല് തുടങ്ങിയ കാർഷികവിളകൾ ഈ പ്രദേശത്ത് വളരുന്നു.

പട്ടിക 1

നമ്പർ	ഇനം	വിസ്തീർണം ഹെക്ടർ	ആകെ	ശതമാനം
1	ഉയർന്നനിരപ്പു പ്രദേശങ്ങൾ			
	മലമുകളിലെ	38.78		2.00
	കുന്നിൻമുകളിലെ	5.62	44.40	0.29
2	ചെരിവുപ്രദേശം			
	കുത്തനെയുള്ള	631.56		32.57
	ഇടത്തരം	919.72		47.43
	ചെറുചെരിവ്	110.72	1662.00	5.71
3	താഴ്വര	177.24	177.24	9.14
4	നിരന്ന പ്രദേശം (സമതലം)	55.46	55.46	2.86
		1939.10	1239.10	100.00

കൃഷിയ്ക്ക് ഉപയുക്തമായ ഈ പ്രദേശങ്ങൾ വീടിനും റോഡിനും വേണ്ടി അശാസ്ത്രീയമായി നികത്തിയെടുക്കുന്നതിനാൽ ജലക്ഷാമത്തിനും, നീർക്കെട്ടിനും ഇടവരുത്തുന്നു.

4 നെൽപ്പാടങ്ങൾ:-

താഴ്വാരത്തോടു ചേർന്നുകിടക്കുന്ന 2.86% വരുന്ന ഈ പ്രദേശത്ത് നെല്ല്, കവുങ്ങ് വാഴ തുടങ്ങിയവയാണ് മുഖ്യമായും കൃഷി ചെയ്യുന്നത്.

മുകളിൽ സൂചിപ്പിച്ച 4 ഇനത്തിലുള്ള ഭൂപ്രദേശങ്ങൾ പഞ്ചായത്തിലെ 10 വാർഡുകളിലുമുണ്ട്. അതിനാൽ പഞ്ചായത്തിലെ കാർഷിക വിളകൾ,ജലലഭ്യത,യാത്രാപ്രശ്നങ്ങൾ എന്നിവ എല്ലാ വാർഡുകളിലും പൊതുവായതാണ് എന്നുകാണാം.

5. മണ്ണിന്റെ സ്വഭാവം:-

പഞ്ചായത്തിന്റെ ഉപരിതല വിസ്തീർണ്ണത്തിന്റെ 61.14% പ്രദേത്തും കണ്ടുവരുന്നത് വെട്ടുകൽ മണ്ണാണ് ഇത് ഏകദേശം 1185.57 ഹെക്ടർ പ്രദേശത്ത് കാണപ്പെടുന്നു. എല്ലാ വാർഡിലും കൂടുതൽ ഇത്തരം മണ്ണാണുള്ളത്. ഏറ്റവും കൂടുതൽ ഒന്നാം വാർഡിലും കുറവ് 7-ാം വാർഡിലുമാണ്. 2,3,4,5,6,9, വാർഡുകളിൽ 75 ശതമാനത്തോളവും 8,10 വാർഡുകളിൽ 50 ശതമാനത്തോളവും ഇത്തരം മണ്ണാണ് കണ്ടുവരുന്നത്.

രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് ഊറൽ മണ്ണാണ് (Residium) ഇത് 25.71% വരും ഏതാണ്ട് 498.54 ഹെക്ടർ. പഞ്ചായത്തിന്റെ മധ്യഭാഗത്തായാണ് ഇത് കൂടുതൽ കണ്ടുവരുന്നത്. 1,2,3,5,6 വാർഡുകളിലാണ് ഇത് കുറവ്.

അലൂവിയം (എക്കൽ) മണ്ണാണ് മൂന്നാം സ്ഥാനത്ത് 11.43% ഏകദേശം 221.64 ഹെക്ടർ. എല്ലാ വാർഡുകളിലും ഇത് ചുരുങ്ങിയ തോതിലെങ്കിലും കാണപ്പെടുന്നു. 1.15% വരുന്ന തെളിഞ്ഞ പാറയും (22.3 ഹെക്ടർ) 0.57% വരുന്ന കുന്നിൻ മണ്ടയിലെ പ്രത്യേകതരം മണ്ണും (ourierust 11.05 ഹെക്ടർ) നാലും അഞ്ചും സ്ഥാനങ്ങളിൽ നില്ക്കുന്നു. പഞ്ചായത്തിന്റെ ഉപരിതലത്തിൽ കണ്ടുവരുന്ന മണ്ണിന്റെ കാര്യത്തിലും മിക്കവാറും എല്ലാ വാർഡുകൾക്കും ഒരു പൊതു സ്വഭാവമുണ്ടെന്നു കാണാം. (അവലംബം:- വിഭവഭൂപടം)

ജനപ്രകൃതി

അവലംബനം (കാനേഷുമാരി കണക്കുകൾ 1991)

1991 ലെ കാനേഷുമാരി കണക്കുകൾ പ്രകാരം മടവൂർ പഞ്ചായത്തിലെ ജനസംഖ്യ 22565 ആണ്. 11256 പുരുഷന്മാരും 11309 സ്ത്രീകളും. 1981ലെ സെൻസസ് പ്രകാരം ഇത് 9475 പുരുഷന്മാരും 9287 സ്ത്രീകളുമടക്കം 18762 പേരായിരുന്നു. 10 വർഷം കൊണ്ട് ജനസംഖ്യയിൽ 3803 വർദ്ധനവുണ്ടായപ്പോൾ 81ൽ പിറകിലായിരുന്ന സ്ത്രീകളുടെ എണ്ണം 91 മുമ്പിലെത്തിയതായി കാണാം 10 വർഷം കൊണ്ട് പുരുഷന്മാരുടെ എണ്ണം 18.8% വർദ്ധിച്ചപ്പോൾ സ്ത്രീകളുടെ എണ്ണം 21.77% വർദ്ധിച്ചു. ഇതേ നിരക്കിൽ വർദ്ധനവ് പരിഗണിച്ചാൽ ഇപ്പോൾ പുരുഷന്മാരുടെ എണ്ണം ഏതാണ്ട് 12102 ഉം സ്ത്രീകളുടേത് 12295 ഉം ആയി വർദ്ധിച്ച മൊത്തം ജനസംഖ്യ 24397 ആയിട്ടുണ്ടാകണം വാർഡുകളുടെ പുനർവിഭജനത്തനു ശേഷം മുള്ള ജനസംഖ്യാ കണക്കുകൾ ലഭ്യമല്ല. മുമ്പുണ്ടായിരുന്ന 9 വാർഡുകളിലെ ജനസംഖ്യ 1991ലെ സെൻസസ് പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.

പട്ടിക 3

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	765	866	1631
2	1534	1507	3041
3	1307	1307	2614
4	1172	1221	2393
5	1653	1583	3236
6	1186	1250	2436
7	1549	1547	3096
8	987	969	1956
9	1103	1059	2162
ആകെ	**11256**	**11309**	**22565**

കാനേഷുമാരി കണക്കനുസരിച്ച് 1950 പുരുഷന്മാരും 3157 സ്ത്രീകളും നിരക്ഷരരാണ്. സാക്ഷരതാനിരക്ക് 78.7% 1981ലെ സെൻസസ് പ്രകാരം ഇത് യഥാക്രമം 2123, 3494, 70.06% വീതം ആയിരുന്നു.

പുരുഷന്മാർ 82.68%വും സ്ത്രീകൾ 74.74% വും സാക്ഷരരാണ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും സാക്ഷരതയുടെ കാര്യത്തിലും സ്ത്രീകൾ പിറകിലാണ്. ജനസംഖ്യയിൽ ആകെ 5432 പേരാണ് ഏതെങ്കിലും തരത്തിലുള്ള തൊഴിൽ ചെയ്യുന്നവർ. 24.07% എന്നാൽ ഇതിൽതന്നെ 507 പേർ വർഷം മുഴുവൻ തൊഴിലില്ലാത്ത ഭാഗിക തൊഴിലാളികളാണ്. തൊഴിൽ പങ്കാളിത്തം കാണിക്കുന്ന കണക്കുകൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

തൊഴിലെടുക്കുന്നവരുടെ എണ്ണം പട്ടിക 4

തൊഴിൽ ഇനം	സ്ത്രീ	പുരുഷൻ	ആകെ
1 മുഖ്യതൊഴിലുകൾ	417	4508	4925
2 ഭാഗിക തൊഴിലുകൾ	91	416	507
ആകെ	**508**	**4924**	**5432**
തൊഴിൽ പങ്കാളിത്ത നിരക്ക്	4.49%	43.75%	24.07%

(അവലംബം 1991ലെ സെൻസസ് റിപ്പോർട്ട്)

ഈ പട്ടികയിൽ നിന്നും സ്ത്രീകളുടെയും പുരുഷന്മാരുടേയും തൊഴിൽ പങ്കാളിത്തനിരക്കിന്റെ ഭീമമായ അന്തരം വ്യക്തമാവും പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 43.75% മാവുമ്പോൾ സ്ത്രീകളിടേത് വെറും 4.49% മാത്രമാണ്. ഇതിൽ തന്നെ 18%ഭാഗിക തൊഴിലാളികളാണ്. കുടുംബവുമായി ബന്ധപ്പെട്ട് സ്ത്രീകൾ ചെയ്യുന്ന ജോലികൾ കാനേഷുമാരി ജോലിയുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നില്ല. പ്രത്യക്ഷ വരുമാനമുള്ള തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ ഈ അദൃശ്യത പ്രത്യേക ശ്രദ്ധയർഹിക്കുന്നു ട്രാൻസ്പോർട്ട് പോലെയുള്ള മേഖലകളിൽ ജോലി ചെയ്യുന്നവരുടെ മുഴുവൻ എണ്ണവും ഈ കണക്കുകളിൽ വന്നു കാണുന്നില്ല. പഞ്ചായത്തിന്റെ കിഴക്കൻ മേഖലമുതൽ മധ്യ മേഖലവരേയുള്ള പ്രദേശങ്ങളിലെ യുവാക്കളിൽ ഗണ്യമായ ശതമാനം ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ് എന്ന് പഠന പര്യടനത്തിൽ വെളിവായിരിക്കുന്നു. എന്നിരുന്നാലും വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ പട്ടിക താഴേ കൊടത്തിരിക്കുന്നതിൽ നിന്നും വ്യക്തമാവുന്ന ചില പ്രധാന വസ്തുതകൾ പരിഗണിക്കാതിരിക്കാൻ തരമില്ല. കാർഷിക മേഖല

തൊഴിലാളികുടെ എണ്ണം വിവിധ മേഖലകളിൽ

പട്ടിക 5

നമ്പർ	തൊഴിൽ (മുഖ്യമായവ)	പുരുഷൻ	സ്ത്രീ	മൊത്തം	ശതമാനം
1	കൃഷിക്കാർ	637	19	656	13.32
2	കർഷക തൊഴിലാളികൾ	1049	156	1205	24.47
3	മത്സ്യബന്ധനം മൃഗപരിപാലനം	190	2	192	3.90
4	ഖനനം,പാറപൊട്ടിക്കൽ	87	2	89	1.81
5	കുടിൽ വ്യവസായം	24	3	27	0.55
6	കുടലേതര വ്യവസായം	242	37	279	5.66
7	കെട്ടിട, റോഡ് നിർമ്മാണം	154	5	159	3.22
8	വാണിജ്യം	703	11	714	14.50
9	ഗതാഗതം, വാർത്താവിനിമയം	672	9	681	13.83
10	മറ്റുസേവനങ്ങൾ	750	173	923	18.74
ആകെ	**തൊഴലെടുക്കുന്നവർ**	**4508**	**417**	**4925**	**100.00**

(അവലംബനം 1991ലെ സെൻസസ് റിപ്പോർട്ട്)

യായ നമ്മുടെ പഞ്ചായത്തിലെ കർഷകരുടേയും കർഷകത്തൊഴിലാളികളുടെയും എണ്ണം ആശാവഹമല്ല. നമ്മടെ കാർഷികമേഖലയുടെ പിറകോട്ടടിക്കുള്ള കാരണങ്ങളിൽ ഒന്നിതാണ്.

കർഷകതൊഴിലാളികളുടെ എണ്ണവും ആശാവഹമല്ല. എല്ലാ മേഖലകളിലും പുരുഷന്മാരെ അപേക്ഷിച്ചു സ്ത്രീകൾ വളരെ പിറകിലാണ്. കർഷകതൊഴിലാളി, മറ്റുസേവന മേഖലകൾ എന്നിവയിൽ മാത്രമാണ് സ്ത്രീകൾക്ക് അല്പമെങ്കിലും പ്രാതിനിധ്യമുള്ളത്. 17133 തൊഴിൽരഹിതരിൽ 10801 പേരും സ്ത്രീകളാണ്. ഇതിൽനിന്നും സ്ത്രീകളുടെ തൊഴിലില്ലായ്മയാണ് ഏറ്റവും രൂക്ഷമെന്ന് മനസ്സിലാക്കാം.

പട്ടികജാതി കുടുംബങ്ങളെ ഒഴിവാക്കിയാൽ എല്ലാ ജാതിയിലും മതത്തിലും പെട്ട ആളുകൾക്കിടയിലും പാവപ്പെട്ടവരേയും പണക്കാരേയും കാണാം. പട്ടികജാതി വിഭാഗത്തിൽ 1227 പുരുഷന്മാരും 1147 സ്ത്രീകളുമാണുള്ളത്. ഭൂഉടമസ്ഥരിൽ ഒരു ചെറിയ ന്യൂനപക്ഷം മാത്രമേ സ്വയം കൃഷിക്കാരായുള്ളൂ. വ്യവസായ മേഖലയിൽ ഈ പഞ്ചായത്തിൽ നാമമാത്രമായ തൊഴിലവസരങ്ങളേ ഇന്നുള്ളൂ.

ജലവിഭവങ്ങൾ:-

പഞ്ചായത്തിൽ നിലവിലുള്ള കാർഷിക വ്യവസ്ഥ മഴയെ ആശ്രയിച്ചു കൊണ്ടുള്ളതാണ്. ജൂൺ ജൂലായ് മാസങ്ങളിലാണ് മഴയുടെ സിംഹഭാഗവും ലഭിക്കുന്നത്. ഇതുകാരണം മഴക്കാലത്ത് നീർക്കെട്ടിനും വേനൽക്കാലത്ത് ജലക്ഷാമത്തിനും ഇടവരുന്നു.

(പട്ടിക 6 കാണുക)

കിഴക്ക് കോട്ടക്കാവയൽ മുതൽ 4,9,7,3 വാർഡുകളുടെ അതിർത്തിയിലൂടെ ഒഴുകുന്ന പൂനൂർ പുഴ പഞ്ചായത്തിലെ ജലസേചനത്തിനോ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനോ പ്രയോജനപ്പെടുത്താൻ നമുക്കു കഴിഞ്ഞിട്ടില്ല. പുഴയോരത്തുള്ള അപൂർവ്വം കർഷകൻ മോട്ടോർ പമ്പുകളുപയോഗിക്കുന്നത് വളരെ പരിമിതമായി മാത്രമാണ്..നരിക്കുനി പഞ്ചായത്തിൽനിന്നും ഒഴുകിയെത്തി മടവൂർമുക്കിലൂടെ വന്ന് പൈമ്പാലശ്ശേരി, പുള്ളിക്കോത്തു വഴി മൂന്നാം പുഴക്കൽ വച്ച് പൂനൂർ പുഴയിൽ ചേരുന്ന തോടാണ് പഞ്ചായത്തിലെ ഒരു പ്രധാന ജലവിഭവം. ഇതിൽ 7 ബണ്ടുകൾ നിർമ്മിച്ചിട്ടുണ്ട്. ഒന്ന് പ്രവർത്തനക്ഷമമല്ല.

(ജലവിഭവ ഭൂപടം കാണുക)

ഒന്നാം വാർഡിൽ നിന്നുത്ഭവിച്ച് 8-ാം വാർഡായ എരുവണ്ണൂരിലൂടെ ചേളന്നൂർ പഞ്ചായത്തിലേക്കൊഴുകുന്ന മറ്റൊരു തോട് റോഡു നിർമ്മിക്കുന്നതായി പലസ്ഥലത്തും നികത്തിയതിന്റെ ഫലമായി മഴക്കാലത്ത് നീർക്കെട്ടും വേനൽക്കാല്ത്ത് ജലദൗർലഭ്യവും അനുഭവപ്പെടുന്ന മൂന്നാം വാർഡിലെ നൂഞ്ഞിവയലിൽനിന്നുത്ഭവിച്ച് കല്ലുമുറിക്കൽ താഴം, മുക്കടംകാട് പള്ളിത്താഴം വഴി ഒഴുകുന്ന തോടും ഇതേ വാർഡിന്റെ കരുവട്ടൂർ പഞ്ചായത്ത് അതൃത്തിയിലൂടെ പുതിയേടത്ത് കുളങ്ങരയിൽ നിന്ന് തുടങ്ങി എടക്കാടിൽ താഴം വഴി കുരുവട്ടൂർ പഞ്ചായത്തിൽ കടന്ന് ഒഴുകുന്ന തോടും കുരുവട്ടൂർ പഞ്ചായത്തിലെ പൊയിൽത്താഴത്ത് വച്ച് ഒന്നിച്ച് പൂനൂർ പുഴയിലേക്കൊഴുകുന്നു. ഇതിൽ ആദ്യം പറഞ്ഞത് റോഡുനിർമ്മാണത്തിന്റെയും കാലാകാലങ്ങളിൽ സംരക്ഷിക്കാത്തതിന്റെയും ഫലമായി പലസ്ഥലത്തും ഭാഗികമായോ മുഴുവനായോ നശിപ്പിക്കപ്പെട്ടിരിക്കുന്നു. സൈഡു കെട്ടി സംരക്ഷിക്കുന്നതിനു പകരം കൃഷിക്കാർതന്നെ ഇത് ഇപ്പോഴും നശിപ്പിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. രണ്ടാമത്തെ തോടാവട്ടെ സംരക്ഷണം വേണ്ടവിധത്തിൽ നടക്കാത്തതിനാൽ സൈഡ് ഇടിഞ്ഞു കൊണ്ടിരിക്കുന്ന അവസ്ഥയിലുമാണ്. കവിയാട്ടു താഴത്തു നിന്നും തുടങ്ങുന്ന നീർച്ചാൽ, കൈതവയലിൽ നിന്നു തുടങ്ങുന്ന നീർച്ചാൽ, പുന്നടി പൊയിലിൽ നിന്ന് തുടങ്ങുന്ന നീർച്ചാൽ കൈതവയലിൽ മഠത്തുകുഴി നീരുറവ, 5ാം വാർഡിലെ അരീക്കൽ നീരുറവകൾ, പരപ്പടിച്ചാൽ നീരുറവ, അടുക്കുംമല എയരത്ത് ഇവയുടെ താഴ്വരയിൽ നിന്നും ഉത്ഭവിക്കുന്ന നീരുറവകൾ നൂഞ്ഞിപ്പൊയിലിൽ നിന്നുത്ഭവിക്കുന്ന നീരുറവ, മൊടയാനി

പട്ടിക 6


കഴിഞ്ഞ 10 വർഷത്തെ മഴയുടെ ലഭ്യത (പഞ്ചായത്ത് മേഖലയിൽ)

കൊല്ലം	ജനു	ഫിബ്രു	മാർ	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സപ്തം	ഒക്ടോ	നവ	ഡി	ആകെ	പ്രതിമാസ ശരാശരി
1987	-	-	-	78	139.2	830.8	401.0	350.4	184.0	225.7	238.1	19.8	2396.8	199.73
88	-	-	14.6	89.6	283.8	654.1	663.8	530.0	415.5	69.6	71.1	73.0	2865.1	238.76
89	-	-	0.8	59.4	242.3	920.4	475.1	365.2	213.8	216.2	55.2	1.4	2549.8	212.48
90	11	-	-	-	592.9	537.9	705.1	331.1	77.3	356.1	112.8	-	2724.2	227.02
91	-	-	3.4	61.6	34.2	1002.0	1001.1	539.9	14.7	336.7	91.8	-	3139.4	261.62
92	-	-	-	19.0	161.4	918.9	895.5	592.6	244.6	349.0	193.5	-	3874.5	322.88
93	-	-	-	16.4	210.3	737.6	836.4	352.4	52.5	307.8	104.8	65.2	2683.4	223.59
94	-	-	-	138.7	109.0	1035.3	1343.0	484.5	200.6	432.8	71.2	8.6	3823.7	318.64
95	1.6	-	10.8	59.8	198.7	917.4	716.0	463.4	267.8	168.5	112.6	-	2716.6	226.38
96	-	1.0	47.6	32.8	64.2	719.8	723.6	339.6	381.4	288.4	-	-	2603.4	260.34

പ്രതിവർഷ ശരാശരി 2937.33

* 1996 ഒക്ടോബർ 24 വരെയുള്ള കണക്ക്

(അവലംബം CWRDM രേഖകൾ) അളവ് MM ൽ


MADAVOOR PANCHAYAT
WATER AVAILABILITY
m 125 0 125 250 375 500m
NARIKKUNI PANCHAYAT
Panchayat office
KIZHAKKOTH PANCHAYAT
KARUVATTUR PANCHAYAT
KUNNAMANGALAM PANCHAYAT
INDEX
Seasonal
Low
Medium
High
Tar road
Metalled road
Thodu

മീത്തൽ നിന്നുത്ഭവിക്കുന്ന നീരുവ തുടങ്ങിയവ യിൽ പലതും വർഷം മുഴുവനോ ഭാഗികമായോ ജലം തകരുന്ന ശ്രോതസ്സുകളാണ്. ഒന്നാം വാർഡിലെ അരീക്കൽ മല 8ാം വാർഡിലെ അരീച്ചോല മല എന്നിവിടങ്ങളിൽ വേനൽക്കാ ലത്തും വറ്റാത്ത സാമാന്യം ഉയർന്ന തോതിൽ ജലം തരുന്ന സ്രോതസ്സുകളാണ്. മുട്ടാഞ്ചേരി അരീക്കൽ മലയിലും ഉയർന്ന തോതിലല്ലെ ങ്കിൽപോലും വർഷം മുഴുവൻ ജലംലഭ്യമാ വുന്ന ഒരു ശ്രോതസ്സുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്വകാര്യവ്യക്തികൾ മതസ്ഥാപനങ്ങൾ, എന്നിവ രുടെ ഉടമസ്ഥതയിലും പൊതുഉടമയിലുമായി ഏതാണ്ട് നാല്പതിലധികം കുളങ്ങളുണ്ട്.

പഞ്ചായത്തിന്റെ ചിലപ്രദേശങ്ങളിൽ സാമാന്യം നല്ല ഭൂഗർഭജലലഭ്യതയുണ്ട്. എന്നാൽ ഭൂരിഭാഗം പ്രദേശങ്ങളിലും ജലലഭ്യത മിതമാണ്. 17.14% പ്രദേശങ്ങളിലെ ജലലഭ്യത ഭദ്ര മാണ്. ജലലഭ്യത (അവലംബം വിഭവഭൂപടം)

പട്ടിക 7

സീസൺ	ദരിദ്ര്യം	മിതം	ധാരാളം
11.43%	17.14%	54.29%	17.14 %


മുകളിൽ സൂചിപ്പിച്ച നാലുതരം ജലലഭ്യ തയും പഞ്ചായത്തിന്റെ എല്ലാ വാർഡുകളു ടെയും പൊതുസ്വഭാവമാണ്.

5. വികസന മേഖലകൾ

5. (1) കൃഷിയും ജലസേചനവും

മടവൂർ പഞ്ചായത്തിൽ ജന്മികളും കർഷ കരും കുടിയാന്മാരും തമ്മിലുള്ള ബന്ധം സൗഹൃദപൂർണ്ണമായിരുന്നുവെന്ന് മുമ്പ് സൂചി പ്പിച്ചുവല്ലോ- എന്നാൽ ഇതിനൊരു മറുവശമുണ്ട്. കർഷകത്തൊഴിലാളികളായ പട്ടികജാതിക്കാർ ജന്മിമാരുടെ അടിമകളായിരുന്നു. കൃഷിഭൂമി കർഷകന് എന്ന മുദ്രവാക്യം 1957ൽ ഏറെ ക്കുറെ പ്രയോഗവൽക്കരിക്കപ്പെട്ടതോടെയാണ് പഞ്ചായത്തിനകത്ത് ഇത്തരം കർഷകരുടെ മുന്നേറ്റമുണ്ടായതും മേൽപ്പറഞ്ഞ ജന്മികൾ നാമാവശേഷമായതും ഇവ നേടിയെടുക്കാൻ കർഷകരും കർഷകത്തൊഴിലാളികളും കേരള വ്യാപകമായി നടത്തിയ ധീരോദാത്തങ്ങളായ സമരമുഖങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ പൊതു പ്രവർത്തകരും പങ്കെടുത്തിട്ടുണ്ട്. തൽഫ ലമായി പലരും പോലീസ് മർദ്ദനവും ജയിൽപീ ഡനവും അനുഭവിച്ചിട്ടുണ്ട്. സാമാന്യേന ഭേദ പ്പെട്ട ദിവസക്കൂലി തൊഴിലാളികൾക്ക് ലഭിക്കു ന്നതിനുവേണ്ടി ചെറുതു വലുതമായ തൊഴിൽ സമരങ്ങൾ ഈ രംഗത്ത് നമ്മുടെ പഞ്ചായ ത്തിലും നടന്നിട്ടുണ്ട്.

മടവൂർ പഞ്ചായത്ത് ഒരു കാർഷികമേഖല യാണ് വില്ലേജ് ഓഫീസിലെ `എ രജിസ്റ്റർ' `ബി.ടി.രജിസ്റ്റർ' എന്നീ രേഖകൾ പ്രകാരം 4207.4 ഏക്കർ പുരയിടവും 534.17 ഏക്കർ നിലവും 40.02 ഏക്കർപുറമ്പോക്കുമാണ് പഞ്ചായത്തിലു ള്ളത്. തരിശുഭൂമി തീരേ ഇല്ല. ഇതിൽ നിന്നും മൊത്തം ഭൂമിയുടെ 11.17 % മാത്രമേ വയലുള്ളൂ എന്നു മനസ്സിലാക്കാം. ഇതിൽ തന്നെ വയലിന്റെ പട്ടികയിൽ കാണുന്ന പലസ്ഥലങ്ങളും ഇന്ന് നികത്തി, പുരയിടങ്ങളും റോഡുമായി മാറ്റിയിരി ക്കുന്നു. ഫലത്തിൽ മൊത്തം ഭൂമിയുടെ ഏഴോ എട്ടോ ശതമാനം മാത്രമേ ഇന്നു വയലായി ശേഷിക്കുന്നുള്ളൂ. ജലസേചനസൗകര്യമില്ലാത്ത തുകൊണ്ടും, വാഴമുതലായ കൃഷികൾ ചെയ്യുന്ന തിനാലും നെൽകൃഷിക്ക് ലഭ്യമായ മുഴുവൻ സ്ഥലവും ഉപയോഗപ്പെടുന്നില്ല. ജലവിഭവങ്ങ ളുടെ വിഭവങ്ങളുടെ വിഭാഗത്തിൽ മുമ്പ് സൂചി പ്പിച്ച കുട്ടും പുറത്ത് താഴം മുതൽ മൂന്നാം പുഴ വരെ ഏതാണ്ട് 5കി.മീ നീളമുള്ള തോട്ടിൽ കൂടി ഇന്ന് ഉപയോഗിക്കാൻ കഴിയാതെ ജലം ഒഴുകി പ്പോകുകയാണ്. എന്നാൽഇത് ഒരു കാലത്ത് കൃഷിക്കുവേണ്ടി വ്യാപകമായി ഉപയോഗപ്പെടു ത്തിയിരുന്നു. ഈ 5 കിമീ ദൂരത്തിനിടയിൽക ഴിഞ്ഞ ഘട്ടങ്ങളിൽ അനുയോജ്യമല്ലാത്ത സ്ഥലത്ത് നിർമ്മിച്ച VCBകൾ കൃഷിക്ക് ഉപയു ക്തമല്ലാത്ത സ്ഥിതിയിലാണ്. അതുകൊണ്ടു


MADAVOOR PANCHAYAT
LANDFORM
125 0 125 250 375 500 m
NARIKKUNI PANCHAYAT
KIZHAKKOTH PANCHAYAT
KARUVATTUR PANCHAYAT
KUNNAMANGALAM PANCHAYAT
INDEX
Ridge crest
Hill crest
Side slope, gentle
" moderate
" " moderately steep
" " steep
Valley floor
Tar road
Metalled road
River/Todu
High erosion
Slope of unit
Drainage divide
Scarp face

തന്നെ തോടിന്റെ ഇരുകരങ്ങളിലും വയലുകൾ നെൽകൃഷിക്ക് ഉപയുക്തമല്ലാതായിത്തീരുന്നു. ഈ വയലുകളിൽ നെല്ലിനു പകരം മരച്ചീനി പോലുള്ള കൃഷി ചെയ്യാൻ കർഷകർ നിർബന്ധിതരായിത്തീരുന്നു. പറ്റിയ സ്ഥലത്ത് ഒന്നോ രണ്ടോ VCB കളും 50 ൽ കുറയാത്ത ചെക്ക് ഡാമുകളും നിർമ്മിച്ചാൽ ഏതാണ്ട് 500 ഏക്കർ സ്ഥലത്ത് മരച്ചീനിക്ക് പകരം നെൽക്കൃഷി തന്നെ ചെയ്യാൻ കഴിയും.

തെങ്ങുകൃഷിയാണ് പുരയിടങ്ങളിൽ മുഖ്യമായത്. ശാസ്ത്രീയകൃഷിരീതികളുടെ അഭാവം, തുണ്ടുതുണ്ടായഭൂമിയുടെ ഉടമസ്ഥതമണ്ണൊലിപ്പുതടയാൻ പര്യാപ്തമായ കയ്യാലകളുടെ കുറവ്, ജലസേചന സൗകര്യങ്ങളുടെ കുറവ്, നാളികേരത്തിന്റെ വിപണിയിലുണ്ടാവുന്ന ചാഞ്ചാട്ടം, തുടങ്ങി അനവധി ഘടകങ്ങളാണ് തെങ്ങുകൃഷിയെ പ്രതികൂലമായി ബാധിക്കുന്നത്.

(ഭൂവിനിയോഗ മാപ്പ് കാണുക)

പാടങ്ങൾ നികത്തി പുരയിടങ്ങളാക്കുന്ന പ്രക്രിയ 1960 കളിലാണ് ആരംഭിച്ചത്. 1971 ൽ ഭൂപരിഷ്കരണനിയമം നടപ്പായതോടെ ഈ പ്രക്രിയക്ക് ആക്കം കൂടിയ വിദേശ ജോലിയിൽ നിന്നുള്ള വരവ് ഇതിന് പതിൻമടങ്ങ് വേഗത വർദ്ധിപ്പിച്ചു. ചരിവുപ്രദേശങ്ങളിലെ യാത്രാസൗകര്യക്കുറവ് ജനങ്ങളെ വയൽ നിരത്തി കൊച്ചു പുരയിടങ്ങളുണ്ടാക്കാൻ പ്രേരിപ്പിച്ചു. ഇതെല്ലാം നെല്ലുല്പാദനരംഗത്ത് പിറകോട്ടടിക്ക് കാരണമായി. നെൽകൃഷി അനാകർഷകമായ രീതിയിൽ ചെലവേറിയതും തൊഴിലാളികളുടെ കുറവും എല്ലാം ഇതിന്നു കാരണമാവുന്നുണ്ട്. നെൽപ്പാടങ്ങളിൽ 60 കളുടെ മധ്യം വരെ സാർവ്വത്രികമായിരുന്ന സീസണൽ പച്ചക്കറികളുടെ കൃഷിയും കുറഞ്ഞുവരുന്നതായി കാണാം.

പുരയിടങ്ങളിൽ കണ്ടുവരാറുണ്ടായിരുന്ന ഇടവിളകളുടെയും ഹ്രസ്വവിളകളുടെയും കൃഷിയിൽ കാര്യമായ മാറ്റം വന്നിരിക്കുന്നു. ചാമ, മുത്താറി, നകര, കിഴങ്ങ് കാച്ചിൽ, കപ്പ, ചേന. ചേമ്പ്, പയർ, എള്ള്, കൂർക്കിൽ, മധുരക്കിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, പടുവാഴകൾ, ചീനിമുളക്, പച്ചക്കറികൾ, നെല്ല് തുടങ്ങിയ പല വിളകളും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. ആ സ്ഥാനത്ത് പുതിയ ഇടവിള കൃഷികളൊന്നും വന്നിട്ടുമില്ല. ഫലത്തിൽ പുരയിടത്തിൽ തെങ്ങും കവുങ്ങും അപൂർവ്വം ചില വൃക്ഷങ്ങളുമല്ലാതെ മറ്റൊന്നും തന്നെയില്ല. ഭൂഉടമസ്ഥതയുടെ കണക്കുകൾ പട്ടികയിൽ കൊടുത്തിരിക്കുന്നു. (പട്ടിക 7ഉം 8ഉം കാണുക) ഉടമസ്ഥരുടെ എണ്ണമാണ് ഓരോ ഇനത്തിലും സൂചിപ്പിക്കുന്നത്.

പഞ്ചായത്തിൽ ആകെ 62693 കായ്ക്കുന്നതും 125380 കായ്ക്കാത്തതുമടക്കം 188073 തെങ്ങുകളുണ്ട്. തെങ്ങുല്പാദനത്തിൽ മുന്നിൽ നില്ക്കുന്നത് 5ാം വാർഡും പിറകിൽ നിൽക്കുന്നത് 9ാം വാർഡുമാണ് (52500-8750) കൂമ്പുചീച്ചൽ ചെന്നീരൊലിപ്പ് എന്നിവയാണ് പൊതുവെ കണ്ടുവരുന്ന പ്രധാനരോഗങ്ങൾ, ഇക്കാര്യത്തിൽ എണ്ണം കൊണ്ട് മുന്നിൽ 2ാം വാർഡും പിന്നിൽ 9ാം വാർഡുമാണ്.

ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷികരംഗത്ത് പരിഗണിക്കേണ്ട മുഖ്യ വസ്തുതകൾ താഴ പറയുന്നവയാണ്.

1. ജലസേചന സൗകര്യം തീരേയില്ല.

2. തുണ്ടുഭൂമികളിൽ കൃഷി ആദായകരമല്ല.

3. കുളങ്ങളും തോടുകളും സംരക്ഷിക്കപ്പെടുന്നില്ല.

4. ശാസ്ത്രീയമായ കൃഷിമുറകളുടെ അഭാവം.

5. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനോ അവയ്ക്ക് മാന്യമായ വില ലഭിക്കുന്നതിനോ സംവിധാനമില്ല.

6. മെച്ചപ്പെട്ട വിത്തിനങ്ങൾ സമയത്തിന് ലഭിക്കുന്നില്ല.

7. കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ, കർഷകത്തൊഴിലാളികളുടെ സേവനം എന്നിവ

പട്ടിക 7

1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5നുമുകളിൽ ഏക്കർ
2018	886	627	4217	378	228	7

(അവലംബം വില്ലെജ് റിക്കാർഡ്)

ആകെയുള്ള 8361 ഭൂഉടമകളിൽ പകുതിയിലധികം പേരും 50 സെന്റിനും ഓരേക്കറിനും ഇടയ്ക്ക് ഭൂമിയുള്ളവരാണ് ഇവർ കഴിഞ്ഞാൽ ഗണ്യമായ വിഭാഗം 10 സെന്റോ അതിൽ താഴെയോ ഭൂമിയുള്ള വരാണ്. ഭൂവിനിയോഗം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.


പട്ടിക 8

നമ്പർ	വിള	വിസ്തീർണ്ണം ഹെക്ടർ	ഉത്പാദനം കി.ഗ്രാം
1	നെല്ല് ഒന്നാം വിള	75	108750
2	നെല്ല് രണ്ടാം വിള	50	75000
3	നെല്ല് മൂന്നാം വിള	1	1500
4	പയർ	10	3500
5	എള്ള്	1	150
6	പച്ചക്കറികൾ	2	4500
7.	തെങ്ങ്	1085	434000
8.	വാഴ	20	250 mt
9.	മരച്ചീനി	15	180 MT
10.	കുരുമുളക്	5	625
11.	പ്ലാവ്	3	180 Mt
12.	കശുമാവ്	30	13500
13.	മാവ്	2	32MT
14	റബ്ബർ	5 -	
15.	കവുങ്ങ്	45	945 MT Wet 30.75MT DRY

(അവലംബം: കൃഷിഭവൻ രേഖകൾ, പഠനപര്യടനം)

MADAVOOR PANCHAYAT

LANDUSE



NARIKKUNI PANCHAYAT

Panchayat Office

KIZHAKKOTH PANCHAYAT

KURUVATTUR PANCHAYAT

KUNNAMANGALAM PANCHAYAT

INDEX

- MC Mixed crops
- CO Coconut
- An Arecanut
- B Banana
- T Tapioca
- Pu Pulses
- Pe Pepper
- Ma Mango tree
- Ca Cashew
- Veg Vegetables
- Laterite quarry
- P Paddy
- Tar road
- Metalled road
- Thodu

വേണ്ടത്ര സമയത്തിനു ലഭിക്കുന്നില്ല. കൂലിനിരക്ക് അധികമാണ്.

8. മണ്ണൊലിപ്പ് തടയുന്നതിന് ഫലപ്രദമായ നടപടികളെടുക്കാൻ സാമ്പത്തികമായി കർഷകർക്കു കഴിയുന്നില്ല.

9. വായ്പ ലഭിക്കാനുള്ള സൗകര്യവും സബ്സീഡിയും വേണ്ടത്രയില്ല. ദേശവത്കൃത ബേങ്കുകളൊന്നും ഇവിടെ ശാഖവെച്ച് പ്രവർത്തിക്കുന്നില്ല.

10. കൊപ്ര ഡ്രയർയൂണിറ്റ്, ആവശ്യമായ മേഖലകളിൽ കാർഷിക രംഗത്തെ യന്ത്രവൽക്കരണം എന്നിവയ്ക്ക് സഹായങ്ങൾ ലഭിക്കുന്നില്ല.

11. കൃഷി പാഠ്യവിഷയമല്ല. കർഷകർക്ക് പരിശീലനം ലഭിക്കാൻ സംവിധാനവുമില്ല.

12. മണ്ണു പരിശോധനയ്ക്ക് കർഷകർ ബുദ്ധിമുട്ടനുഭവിക്കുന്നു.

13. രോഗബാധതടയാൻ ഫലപ്രദമായ നടപടികളില്ല.

14. കൃഷിഭവന്റെ സേവനം പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും വേണ്ടത്ര ലഭിക്കുന്നില്ല.

15. വെള്ളപ്പൊക്കം തടയാൻ ഫലപ്രദമായ നടപടികളില്ല.

16. നെൽകൃഷി ഉൽപ്പാദന ബോണസ്സ് അപര്യാപ്തമാണ്.

17. നെല്പാടം നികത്തുന്നതിനെതിരെ നടപടിയെടുക്കുന്നില്ല.

18. കർഷക തൊഴിലാളികളെ പരിശീലിപ്പിക്കാനും അവരെ പ്രോത്സാഹിപ്പിക്കാനും സംവിധാനമില്ല.

സാധ്യതകൾ

1. അവശ്യം വേണ്ട സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികളിൽ നിന്ന് ലഭിക്കുന്ന സ്ഥലത്തു നിർമ്മിക്കുന്ന കുളങ്ങൾ, നിലവിലുള്ള കുളങ്ങൾ തോടുകൾ എന്നിവ സംരക്ഷിച്ച് ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്താം. ഇതിനായി സൗജന്യമനുഷ്യാദ്ധ്വാനം ലഭ്യമാണ്

2. കുറ്റ്യാടി ജല സേചന പദ്ധതിയുടെ ഉപകനാലുകൾ നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിലെ ജലസേചനത്തിന് ഉപയോഗപ്പെടുത്താം.

3. ആധുനിക കൃഷി സമ്പ്രദായങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്താം.

4. കാർഷിക വിളകൾ സംസ്കരിക്കാനും വിൽപ്പന നടത്താനുമുള്ള കേന്ദ്രങ്ങളും ആഴ്ച ചന്തകളും സംഘടിപ്പിക്കാം.

5. പുതിയ റോഡുകൽ നിർമ്മിക്കുമ്പോൾ പരമാവധി നെൽപ്പാടങ്ങളെ ഒഴിവാക്കുക.

6. കൂട്ടുകൃഷി സമ്പ്രദായം വളർത്തുക.

7 നാടൻ വിത്തു സംഭരണ വിതരണം നടത്താം.

8. ഇട വിളകൾ പ്രോത്സാഹിപ്പിക്കാം.

9. മണ്ണുപരിശോധനക്ക് പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനമുണ്ടാക്കാം.

5.2 മൃഗസംരക്ഷണം

കാർഷിക ഗ്രാമമായ ഈ പഞ്ചായത്തിൽ ഭൂരിഭാഗവും കുന്നിൻ പ്രദേശങ്ങളാണ്. ഈ കുന്നൻ ചെരിവുകളിലെ പുല്ലിനെ ആശ്രയിച്ച് ചിലവീടുകളിലെങ്കിലും പത്തോളം കാലികളെ വളർത്തിയിരുന്ന പഴയനാളുകളുണ്ടായിരുന്നു. കുന്നിൻ ചെരുവുകളിൽ കാലികൾക്കെത്താൻ പ്രത്യേക വഴികൾ ഒരുക്കിയിരിക്കുന്നു. കന്നുകാലികളിൽനിന്ന് വിളകളെ വേലികെട്ടി സംരക്ഷിച്ചിരുന്നു. കൃഷിയുടെ അഭിവാജ്യ ഘടകമായിരുന്നു കന്നുകാലികൾ, ജൈവവളങ്ങളുടെ മുഖ്യ ഉറവിടവും ഇവയായിരുന്നു.

ഇതൊക്കെ പൂർവ്വ കാല കഥകളാണെങ്കിലും ഒട്ടും മോശമല്ലാത്ത ഒരു കാലിസമ്പത്തിന്റെ ഉടമയാണ് നാം. പഴയ രീതിയിലുള്ള കാലിവളർത്തലിൽ നിന്നും മാറിയെങ്കിലും പുതിയ സാഹചര്യത്തിനൊത്ത രീതിയി പൂർണ്ണമായും ഉൾക്കൊള്ളാൻ നമുക്ക് കഴിഞ്ഞിട്ടില്ല. എന്നാലും കാലിവളർത്തലിൽ നാം അത്ര പിറകിലല്ല എന്നു

കാണിക്കുന്നതാണ് നമ്മുടെ പാലുത്പാദനം. 5 മിൽമയൂണിറ്റുകളിലൂടെ പ്രതിദിനം 1000ത്തിനും 1500നും ഇടക്ക് ലിറ്റർ പാൽ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. ഈ പഞ്ചായത്തിൽ ഇനിയും ഇത്തരം യൂണിറ്റുകൾക്ക് സാധ്യതയും ധാരാളമുണ്ട്. കന്നുകാലി പ്രദർശനത്തിലും കാളപൂട്ടുമത്സരത്തിലും മറ്റും ജില്ലാതലത്തിൽ വരെ കർഷകർ സമ്മാനാർഹരാകുന്നുണ്ട് എന്നത് എടുത്തു പറയേണ്ട ഒരു വസ്തുതയാണ്. മൃഗസംരക്ഷണത്തിനുള്ള മാത്സര്യബുദ്ധിയുടെ പ്രതീകമായി പണ്ടുമുതലെ നടത്തിവരുന്ന പുല്ലാളൂരിലെ കാളപൂട്ടു മത്സരം ഇന്നും കോട്ടമില്ലാതെ തുടരുന്നു. അടുത്ത കാലത്ത് കൃഷിഭവനും ഗ്രാമപഞ്ചായത്തും മുൻകയ്യെടുത്തു ഇത് കൂടുതൽ ജനകീയ വൽക്കരിക്കാൻ ശ്രമിച്ചിരുന്നു. പഞ്ചായത്തിൽ നിലവിലുള്ള മൃഗങ്ങളുടെ കണക്ക് പട്ടികയിൽ കാണാം. ജനസംഖ്യാനുപാതിക്മായി കാലിവളർത്തൽ വർദ്ധിക്കുന്നില്ല എന്ന വസ്തുത നിൽനില്ക്കുന്നു. മേച്ചിൽ സ്ഥലങ്ങളുടെ കുറവ്, തീറ്റപ്പുല്ലിന്റെ അപര്യാപ്തത, കൃത്രിമകാലിത്തീറ്റകളുടെ വിലവർദ്ധന, പാലിന് ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തി വിലലഭിക്കാതിരിക്കുക, നെൽകൃഷിയുടെ കുറവ് ഇറക്കുമതി ചെയ്യുന്ന വൈക്കോലിന്റെ ഭാരിച്ചവിലതുടങ്ങി അനവധി ഘടകങ്ങളാണ് ഈ രംഗത്ത് മുരടിപ്പുണ്ടാക്കുന്നത്. പേപ്പട്ടികൾ കന്നുകാലികൾക്ക് ഒരു വലിയ ഭീഷണിയായി നിലനിൽക്കുന്നു. ഉത്തരവാദിത്ത ബോധമില്ലാതെ നായ്ക്കളെ വളർത്തുന്നവരാണ് അധികവും. ആധുനിക സൗകര്യങ്ങളോടുകൂടിയ മൃഗാശുപത്രി നമുക്കില്ല. ഉള്ളതിൽ ഡോക്ടർമാരുടെ സേവനം വേണ്ടവിധത്തിൽ ലഭ്യമാവുന്നില്ലതാനും.

പാൽ ഉല്പന്ന നിർമ്മാണ യൂണിറ്റ് ഒന്നേയുള്ളൂ. പുല്ലാളൂരിലുള്ള ഈ യൂണിറ്റിന്റെ പ്രവർത്തനം പുരോഗമിച്ചു വരുന്നേയുള്ളൂ. ഈ രംഗത്ത് വമ്പിച്ച സാധ്യതകൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിലുണ്ട്. കന്നുകാലിക്കച്ചവടം തൊഴിലായി സ്വീകരിച്ച പലരും ഈ പഞ്ചായത്തിലുണ്ട്.

ഈ പഞ്ചായത്തിലെ പ്രധാന വളർത്തു പക്ഷി കോഴിയാണ്. മിക്കവാറും എല്ലാവീടുകളിലും അഞ്ചോ ആറോ കോഴികളെയെങ്കിലും വളർത്തുന്നുണ്ട്. എന്നാൽ വ്യാവസായികാടിസ്ഥാനത്തിലുള്ള കോഴിവളർത്തൽ ഈ പഞ്ചായത്തിലില്ല. ഇറക്കുമതി കോഴികളെ ചില്ലറവില്പന നടത്തുന്ന ഏതാനും കടകൾ ചിലഭാഗങ്ങളിലുണ്ട്. കോഴിവസന്തപോലുള്ള രോഗങ്ങൾ ഫലപ്രദമായി തടഞ്ഞാൽ ഈ രംഗംത്ത് വൻതൊഴിൽ സാധ്യതകൾ ഉണ്ടാക്കാൻ നമുക്കു കഴിയും. ക്രിയാത്മകമായ രീതിയിൽ പദ്ധതികളാവിഷ്ക്കരിച്ചാൽ ഇറച്ചിക്കോഴികളുടെയും മുട്ടക്കോഴികളുടെയും കാര്യത്തിൽ സ്വയം പര്യാപ്തമാവാൻ കഴിയും.

മത്സ്യബന്ധനം : മലയോര പ്രദേശങ്ങളടങ്ങിയ ഈ പഞ്ചായത്തിൽ മത്സ്യബന്ധനത്തിന് സാധ്യതകൾ കുറവാണ്. എന്നിരുന്നാലും, നിലവിലുള്ള തോടുകളും കുളങ്ങളും മത്സ്യകൃഷിക്ക് ഉപയുക്തമാവുന്നതാണ്. (പക്ഷിമൃഗാദികളുടെ 1987ലെ കണക്കാണ് ചുവടെ കൊടുത്തിട്ടുള്ളത്. അവലംബം സ്ഥിതി വിവരക്കണക്ക് ഡിപ്പാർട്ടുമെന്റ്)

മത്സ്യമാർക്കറ്റുകൾ ഈ പഞ്ചായത്തിൽ ഒരിടത്തുമില്ല മത്സ്യവിപണനത്തിന് പ്രതികൂലമായ

പട്ടിക 9

കന്നുകാലികൾ		പോത്ത്	ചെമ്മരിയാട്	കോലാട്	കോഴി		താറാവ്
സങ്കരം	വകതിരിക്കാത്ത				നാടൻ	സങ്കരം	
1403	2118	69	1	1566	550	20460	860

ഒരു ഘടകമാണിത്.

പ്രധാന പ്രശ്നങ്ങൾ

1. ഇപ്പോൾ ഉള്ള മൃഗാശുപത്രികൊണ്ടുമാത്രം പ്രശ്നം തിരുന്നില്ല.

2. കാലിത്തീറ്റ കുറഞ്ഞവിലക്കു ലഭിക്കുന്നില്ല.

3. ക്ഷീരസഹകരണ സംഘങ്ങൾ അപര്യാപ്തം

4. കാലിത്തീറ്റ നിർമ്മാണ യൂനിറ്റില്ല.

5.പാലുല്പന്ന യൂണിറ്റ് ഒന്നുമാത്രമേയുള്ളൂ

6. പാലിന് കിട്ടുന്ന വില അപര്യാപ്തമാണ്.

7. കന്നുകാലികളുടെയും കോഴി താറാവ് മുതലായവയുടെയും വളർത്തുന്നതിനു വേണ്ടത്ര സഹായധനം ലഭിക്കുന്നില്ല.

8. ബയോഗ്യാസ് പ്ലാന്റുകൾ വിലുപമായ രീതിയിൽ സംഘടിപ്പിക്കാൻ കഴിയുന്നില്ല.

9. അധികൃത അറവു കേന്ദ്രങ്ങളില്ല.

10. ഗോട്ട് ഫാം സംഘടിപ്പിക്കാനുള്ള സഹായം വേണ്ടത്ര ലഭ്യമല്ല.

5.3 വ്യവസായം

കേരളത്തിലെ ഒട്ടുമിക്ക തൊഴിൽ മേഖലകളുടെയും ചരിത്രം പരിശോധിച്ചാൽ അവയൊക്കെ കുലത്തൊഴിലുകളായിട്ടാണ് മുൻകാലങ്ങളിൽ നിലനിന്നിരുന്നത് എന്ന് കാണാം. ഈ പൊതുവായ പ്രവണതയിൽ നിന്ന് മടവൂർ പഞ്ചായത്തും വിഭിന്നമായിരുന്നില്ല. ആശാരി, കൊല്ലൻ, ക്ഷുരകൻ തുടങ്ങി അനുഷ്ഠാന കലാരംഗങ്ങളിൽ വരെ ഈ തൊഴിൽ സമ്പ്രദായം നിലനിന്നിരുന്നു. എന്നാൽ ഇന്ന് ഒട്ടുമിക്ക മേഖലകളിലും ആ സമ്പ്രദായം മാറിക്കഴിഞ്ഞു. ഇന്നും മാറ്റമില്ലാതെ കുലത്തൊഴിൽ രീതി തുടരുന്ന രണ്ടു മേഖലകളാണ് ആശാരിപ്പണിയും ക്ഷുരകജോലിയും. അതുകൊണ്ടുതന്നെ എത്ര ആദായകരമായിരുന്നിട്ടും ഈ ജോലിചെയ്യുന്നവരുടെ എണ്ണം ആവശ്യത്തിനില്ലാത്ത് ഒരവസ്ഥ നിലനിൽക്കുന്നു. പ്രത്യേകിച്ചും ആശാരിപ്പണിയിൽ.

കായികാദ്ധ്വാനമുള്ള തൊഴിൽ ചെയ്യാൻ അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർ പൊതുവെ തയ്യാറല്ലായിരുന്നു. എന്നാൽ ഈ പ്രവണതക്ക് ചെറിയ തോതിൽ മാറ്റം കണ്ടുതുടങ്ങിയിരിക്കുന്നു എന്ന കാര്യം ശുഭോതർക്കമാണ്. കായിക ജോലിയും തൊഴിലന്വേഷണവും ഒന്നിച്ചു കൊണ്ടുപോകാൻ ഇത്തരത്തിൽപ്പെട്ട ചെറുപ്പക്കാരിൽ ചിലരെങ്കിലും തയ്യാറാവുന്നു എന്നത് ആശ്വാസകരമാണ്. ഈ പ്രവണത പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. അതോടൊപ്പം ഇത് കാർഷിക മേഖലയെ പോലുള്ള അടിസ്ഥാന ഉത്പാദന മേഖലയിലേക്ക് തിരിച്ചുവിടാനുള്ള ബോധപൂർവ്വമായ ശ്രമവും ആവശ്യമാണ്. ഇത്തരം തൊഴിൽ രംഗത്തു കണ്ടുവരുന്ന മറ്റൊരു പ്രവണതയുണ്ട്. രാവിലെ 7 മണിമുതൽ വൈകുന്നേരം 6 മണഇവരെ ജോലിചെയ്തിരുന്നഅവസ്ഥയിൽ നിന്ന് മാറി 8 മണിക്കൂർ ജോലി എന്ന തത്വത്തിൽ ഇത്തരം അസംഘടിത മേഖല മാറിക്കഴിഞ്ഞിട്ട് വർഷങ്ങളായി. എന്നാൽ 8 മണിക്കൂർ കായികാദ്ധ്വാനത്തിന് ഇന്ന് പല ചെറിപ്പക്കാരും തയ്യാറായില്ല. ഏതാനും മണിക്കൂർ ജോലിചെയ്ത് അതിന് കൂലി വാങ്ങികൂടുതൽ സമയം വിശ്രമത്തിനും വിനോദത്തിനുമായി ചെലവഴിക്കുന്ന പ്രവണതയാണ് ഈ രംഗത്ത് ഇന്നു കണ്ടുവരുന്നനത്. അതേപോലെ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യാനാണ് ഇന്ന് പലരും ഇഷ്ടപ്പെടുന്നത്. ഈ പ്രവണത തൊഴിലുടമസ്ഥനും തൊഴിലാളികളും തമ്മിലുള്ള ബന്ധം ഇല്ലാതാക്കി കരാറുകാരനും തൊഴിലാളികളും തമ്മിലുള്ള ബന്ധമായിമാറുന്നു. ഇത് തൊഴിലൽ ബന്ധങ്ങളിൽ അടിമുടി മാറ്റം വരുത്താനും സാധ്യതയുണ്ട്.

ധാരാളം തൊഴിൽ ആചാരങ്ങൾ നിലനിന്നിരുന്ന പ്രദേശമായിരുന്നു മടവൂർ. മുട്ടാഞ്ചേരി എന്ന പേരിനോടനുബന്ധിച്ചുള്ള കഥ ഒരു തൊഴിലാചാരത്തിൽനിന്ന് ഉടലെടുത്തതാണെല്ലോ നാളികേരം വലിക്കുന്നവർ ഉടമകൾക്കുചെയ്യേണ്ട പല തൃപ്തിപ്പെടുത്തൽ ചടങ്ങുകളുമുണ്ടായിരുന്നു. ഉച്ചാലിന്റെ പാളയട, പെരുന്നാളിന്റെ കോഴി എന്നിവ. വീടു പണിയു

ന്നവർക്ക് ഉടമ നൽകേണ്ട മുണ്ട് മറ്റൊരു തൊഴിലാചാരമായിരുന്നു. ഈ തൊഴിലാചാരങ്ങളിൽ ഒട്ടുമിക്കതും അഭ്യസ്ത വിദ്യരുടെ തൊഴിൽ രംഗത്തേക്കുള്ള വരവോട് കൂടി അപ്രത്യക്ഷമായി.

വ്യാവസായികമായി മടവൂർ പഞ്ചായത്തിന്റെ അവസ്ഥയ്ക്കുള്ള പിറകാണ്. പൊതുസ്വകാര്യ മേഖലകളിൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന ഒറ്റ സ്ഥാപനവും മടവൂർ പഞ്ചായത്തിലില്ല. ഇവിടുത്തെ വ്യവസായ തൊഴിലാളികൾ പഞ്ചായത്തിനു പുറത്തുള്ള സ്ഥാപനങ്ങളിലാണ് ജോലി ചെയ്യുന്നത്. പുല്ലാളൂരിലെ ക്ഷീരോല്പന്ന യൂണിറ്റ് അരങ്കിത്താഴത്തെ കയർ യൂണിറ്റ്, കാമ്പ്രത്തുകുന്നിലെ ഭക്ഷ്യവ്യവസായ യൂണിറ്റ്, ആരാമ്പ്രത്തും പുല്ലാളൂരിലുമുള്ള തടിമില്ലുകൾ, അഞ്ച് ഫ്ളോർമില്ലുകൾ ഏതാനും ചെറുകിട മെറ്റൽ ഇന്റസ്ട്രികൾ എന്നിവയാണ് മടവൂരിലെ വ്യവസായ സ്ഥാപനങ്ങളുടെ പട്ടികയിൽപ്പെടുന്നത് (പട്ടിക കാണുക)

ക്ഷീരോല്പന്ന യൂനിറ്റ് കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോയും ഇത്തരം യൂണിറ്റുകൾ മറ്റു മേഖലകളിൽ കൂടുതൽ ആരംഭിച്ചും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള സാധ്യതയുണ്ട്. സഹകരണ മേഖലകളിലൂടെ വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കാനുള്ള കാര്യമായ പരിശ്രമം നടക്കുന്നില്ല. നമ്മുടെ പഞ്ചായത്തിലെ മുഖ്യ അസംസ്കൃത വസ്തുവായി ചകിരിയെ കാണാം. ഇത് ഉപയോഗിച്ചുള്ള വ്യാവസായിക യൂണിറ്റുകൾക്ക് സാധ്യതയുണ്ട്. ഖാദി വ്യവസായ ബോഡിന്റെ കീഴിലുള്ള പല വ്യവസായ യൂണിറ്റുകളും സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടക്കേണ്ടിയിരിക്കുന്നു. കൂടിൽ വ്യവസായങ്ങളെ കാര്യമായി പ്രോത്സാഹിപ്പിക്കണം. തൊഴിലാളികളെ കിട്ടാനില്ലാത്ത പലമേഖലകളും ഇന്ന് നമ്മുടെ നാട്ടിൽ നിലവിലുണ്ട് എന്നത് തൊഴിൽ രംഗത്തെ പരിശീലനത്തിന്റെ പോരായ്മയെ കാണിക്കുന്നു. ആശാരിപ്പണി തെങ്ങുകയറ്റം മതലായവ ഉദാഹരണം. ഇക്കാര്യത്തിൽ തികച്ചും ആസൂത്രിതമായ രീതിയിൽ നീങ്ങിയാലേ ഭാവിയിൽ തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥ ഒഴിവാക്കാൻ കഴിയൂ. പരിശീലനം സിദ്ധിച്ച തൊഴിലാളികൾക്ക് തൊഴിലില്ലാതെ വരുന്ന അവസ്ഥയും ഇതുകൊണ്ടൊഴിവാക്കാം

കർഷകതൊഴിലാളികളുടെ ഒരു സംഘം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്വയം പ്രവർത്തിക്കുന്ന കമ്മിറ്റികളായി ഓരോ വാർഡിലും സംഘടിപ്പിക്കുകയാണെങ്കിൽ ഇവർക്ക് കാർഷിക പണിയായുധങ്ങൾ വാങ്ങിക്കുവാനും തൊഴിലാളികളെ ആവശ്യമുള്ളവർക്ക് ഈ സംഘത്തിൽ നേരത്തെ പേർ രജിസ്റ്റർ ചെയ്താൽ ആയുധങ്ങളടക്കം തൊഴിലാളികളെ ലഭിക്കാനുള്ള അവസരം തൊഴിലുടമയ്ക്കു ലഭിക്കും. ആയുധങ്ങളുടെ വാടകയും കൂലിയും ഉടമയിൽനിന്നീടാക്കാം. തൊഴിലുള്ള സമയത്ത് ഒരു ചെറിയ സംഖ്യ തൊഴിലാളികളിൽ നിന്ന് സ്വരൂപിച്ച് ഗ്രാമപഞ്ചായത്ത് പഞ്ചായത്തിന്റേതായ പഹ്കും ചേർത്ത് ഒരു നിധിയുണ്ടാക്കി തൊഴിലില്ലാതെ വരുന്ന അവസരങ്ങളിൽ തൊഴിലാളികൾക്ക് ചെറിയൊരു സംഖ്യ ഉപജീവനപ്പടി എന്ന നിലക്ക് കൊടുക്കാനും പദ്ധതിയുണ്ടാക്കണം. ഇത്തരം തൊഴിലുകൾ ആകർഷകമാക്കാൻ നമുക്ക് കഴിയണം. ആവശ്യത്തിന് തൊഴി

വ്യാവസായ സ്ഥാപനങ്ങളുടെ തരംതിരിച്ച പട്ടിക (Statistic Dept)

ചെറുകിട നമ്പർ	യൂണിറ്റ് തൊഴിലാളികൾ	Sc/St വക	സ്ത്രീകൾ നടത്തുന്ന	കൃഷി സംബന്ധം	കാട് സംബന്ധം	തുണി	എൻജിനീയറിംഗ്	ഗൃഹനിർമ്മാണവസ്തുക്കൾ
21	55	1	2	4	2	1	9	2

ലാളികളെ ലഭിക്കാത്ത എല്ലാ മേഖലകളിലും ഇത്തരം സംഘങ്ങൾ രൂപവത്ക്കരിക്കണം.

മുമ്പു സൂചിപ്പിച്ച പലതോടുകളുടെയും ഇരു കരകളിലും വളരുന്ന കൈതച്ചെടുകൾ ഉപയോഗിച്ച് ഒരു ചെറുകിടവ്യവസായ യൂണിറ്റുണ്ടാക്കാൻ കഴിയും. പായ, കൊട്ട, ഹേന്റ് ബേഗ് തുടങ്ങി പല ആകർഷക വസ്തുക്കളും ഉല്പാദിപ്പിക്കാനും വിപണനം ചെയ്യാനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ നമുക്കുകഴിയണം.

പ്രശ്നങ്ങൾ

1. കൊപ്രസംസ്ക്കരണ യൂണിറ്റും കയർവ്യവസായ യൂണിറ്റും ഇല്ല.

2. വ്യവസായ ലൈസൻസുകൾ ലഭിക്കാൻ കാലതാമസം നേരിടുന്നു.

3. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, മെഴുകുതിരി നിർമ്മാണം ഭക്ഷ്യസംസ്ക്കരണം എന്നിവ ആരംഭിക്കുന്നതിന് പരിശീലനവും സാമ്പത്തിക സഹായങ്ങളും വേണ്ടത്ര ലഭ്യമല്ല.

4, പരമ്പരാഗത വ്യവസായങ്ങളിലും കൈത്തൊഴിലുകളിലും പരിശീലനം ലഭിക്കാനുള്ള സംവിധാനമില്ല.

5. കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

6. ഖാദിമേഖലയോ കൈത്തറി സഹകരണ സംഘങ്ങളോ നിലവിലില്ല.

7. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നൽകാനുള്ള അവസരങ്ങൾ ഇല്ല.

8. വനിതകൾക്ക് തൊഴിലവസരങ്ങൾ കുറവാണ്.

9. കെട്ടിടനിർമ്മാണ സാമഗ്രികൾ ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾ നിലവിലില്ല.

10. ട്രാൻസ്പോർട്ട് തൊഴിലാളികൾ ഏറ്റവും കൂടുതലുള്ള ഈ പഞ്ചായത്തിൽ വാഹന വായ്പ ലഭിക്കുന്നതിനു ബാങ്കുകളുടെ ശാഖകൾ നിലവിലില്ല.

5. (4) വിദ്യാഭ്യാസം

ഭാരതത്തിൽ നിലനിന്നിരുന്ന ഗുരുകുല സമ്പ്രദായത്തിന്റെ അവസാനത്തെ കണ്ണി എന്ന് വിശേഷിപ്പിക്കാവുന്ന കുടിപ്പള്ളിക്കൂടങ്ങൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഒരു കാലത്ത് നിലനിന്നിരുന്നു. ഇവിടെവച്ച് ആശാന്മാർ നിലത്തെഴുത്ത് പഠിപ്പിച്ചിരുന്നു. ചില പ്രത്യേക വീടുകളെ കേന്ദ്രീകരിച്ച്സംസ്കൃത പഠനം അടുത്ത കാലം വരെ നിലനിന്നിരുന്നു. മുണ്ടാളി, പുവ്വത്തും പുറായി, ആരാമ്പ്രം തുടങ്ങിയ സ്ഥലങ്ങളിൽ ഇത്തരം കുടിപ്പള്ളിക്കൂടങ്ങളെ അനുസ്മരിപ്പിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലനിന്നിരുന്നു. കരുഞ്ഞി എന്ന സ്ഥത്ത് ആധുനിക വിദ്യാഭ്യാസത്തിന്റെ ഭാഗമായിരുന്ന ഒരു പ്രൈമറി സ്കൂൾ വർഷങ്ങൾക്കു മുമ്പ് ചരിത്രത്തിന്റെ ഭാഗമായിത്തീർന്നു.

1987-ൽ ആരംഭിച്ച് സാക്ഷരതാ പ്രസ്ഥാനം നിരക്ഷരെ വിദ്യാഭ്യാസധാരയിലേക്ക് കൊണ്ടുവരാൻ കഴളിയുമാറ് ശക്തമായ ജനകീയടിത്തറയോടെ പഞ്ചായത്തിൽ വേരൂന്നിയിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ 1991ന് ശേഷം ഈ രംഗത്തുണ്ടായ അപചയം നിരക്ഷരതയെ സംബന്ധിച്ചിടത്തോളം അശനിപാതിതമായി മാറി.

ഇന്ന് ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂളും നാല് യു.പി സ്കൂളും എട്ട് എൽ.പി. സ്കൂളുകളു. 2 ഇംഗ്ലഷ്മീഡിയം നഴ്സറി സ്കൂളുകളുമാണുള്ളത്. എന്നാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഒന്നും ഈ പഞ്ചായത്തിലില്ല. ഇതിന് കോഴിക്കോട് നഗരത്തെയാണ് ഈ പഞ്ചായത്തിലെ കുട്ടികൾ മുഖ്യമായും ആശ്രയിക്കുന്നത്. ആവശ്യത്തിന് യാത്രാസൗകര്യം പോലുമില്ലാത്ത് ഈ പഞ്ചായത്തിലെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസരംഗത്തുള്ള പിറകോട്ടടിക്ക് ഇതൊരു മുഖ്യകാരണമാണ്. ഉള്ള വിദ്യാലയങ്ങളാവട്ടെ ചില പ്രത്യേക സ്ഥലങ്ങ

ളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഒരു എൽ.പി. സ്കൂൾപോലുമില്ലാത്ത രണ്ടു വാർഡുകളാണ് അങ്കത്തായ്, കാരുഞ്ഞി എന്നിവ.

വിദ്യാലയ സർവ്വേയുടെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൽഅപര്യാപ്തമെന്നു കാണാവുന്നതാണ്. ഹൈസ്കൂളൊഴിച്ചു മറ്റു 12 സ്ഥാപനത്തിലും ആവശ്യത്തിനു ബഞ്ചോ ഡസ്ക്കോ മറ്റുപകരണങ്ങളോ ഇല്ല. 4 വിദ്യാലയങ്ങൾക്കാണ് വൈദ്യുതി കണക്ഷനുള്ളത്. സ്റ്റാഫ് റൂമുകളുള്ളത് 5 സ്കൂളുകൾക്ക് മാത്രമാണ്. ബ്ലാക്ക് ബോർഡുകൾ വേണ്ടത്രയില്ലാത്ത സ്കൂളുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. (പട്ടിക കാണുക) കുടിവെള്ളം, കക്കൂസ്, വെപ്പുപുര ഇവയുടെ കാര്യത്തിലും സ്ഥിതി ഭിന്നമല്ല.

പഠനനിലവാരക്കണക്കുകൾ നിലവാരത്തകർച്ചയാണ് കാണിക്കുന്നത്. 40- 50 ശതമാനം മാർക്കുവാങ്ങുന്നവരാണ് ഭൂരിഭാഗം കുട്ടികളും. മെറിറ്റ് സ്കോളർഷിപ്പുവാങ്ങുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്തിലെ ഏക ഹൈസ്കൂളിന്റെ പഠനനിലവാരം ശരാശരിയാണ്. വിദ്യാർത്ഥിസമരങ്ങളാണ് നിലവാരത്തകർച്ചയെന്ന വാദഗതിക്കെതിരെ നമ്മുടെ സ്കൂളികളിലെ കണക്കുകൾ വിരൽചൂണ്ടുന്നു. വിദ്യാർത്ഥിസമരം മൂലം അധ്യയന ദിനങ്ങൾ നഷ്ടപ്പെടാതിരുന്ന നമ്മുടെ സ്കൂളുകളിലെ നിലവാരത്തകർച്ചയുടെ കാരണം മറ്റൊന്തോ ആണെന്ന് വ്യക്തമണ്. ഇതുപരിശോധിക്കുമ്പോൾ താഴെ പറയുന്ന കാരണങ്ങൾ മുഖ്യമായവയായികാണാവുന്നതാണ്. സാമൂഹ്യമായ പിന്നോക്കാവസ്ഥ, രക്ഷിതാക്കളും വിദ്യാർത്ഥികളും അധ്യാപകരുംതമ്മിലുള്ള ബന്ധത്തിന്റെ കുറവ്, ഭൗതികസാഹചര്യങ്ങളുടെ കുറവ്, അധ്യാപനത്തിലെ പാളിച്ചകൾ, അധ്യാപകരുടെ അർപ്പണബോധമില്ലായ്മ. ഉയർന്ന അധ്യാപക വിദ്യാർത്ഥിഅനുപാതം മുതലായവയും ട്രാൻസ്പോർട്ടു വ്യവസായത്തിലെ തൊഴിൽ സാധ്യത, ഗൾഫ് സ്വാധീനം എന്നിവയും ഈ രംഗത്തെ തിരിച്ചടിക്ക് കാരണമാണ്. ഇക്കാരണങ്ങൾ കൊണ്ടായിരിക്കാം. നിലവാരം തേടിപ്പോകുന്ന പല രക്ഷിതാക്കളും പഞ്ചായത്തിനു പുറത്തുള്ള സ്കൂളുകളെ പ്രത്യേകിച്ചു അൺഎയ്ഡ്സ് സ്കൂളുകളെ ആശ്രയിക്കുന്ന പ്രവണത കൂടി വരുന്നത്.

പഠനോപകരണത്തിന്റെ കാര്യത്തിലും നമ്മുടെ സ്കൂളുകൾ വളരെ പിറകിലാണ്. ലൈബ്രേറി, ലാബ് സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. ദൃശ്യശ്രാവ്യ ഉപകരണങ്ങൾ വളരെ പരിമിതവും കളിക്കളങ്ങളുടെ കാര്യവും വ്യത്യസ്തമല്ല. ഇതിനൊക്കെ പുറമേയാണ് P.T.A കമ്മിറ്റികളുടെ കാര്യക്ഷമതയില്ലായ്മ. അപകടകരമായ ഈ പിന്നോക്കാവസ്ഥക്ക് കാരണങ്ങൾ പലതാണെന്ന് നമ്മൾ കണ്ടു കഴിഞ്ഞു. ഈ പ്രതിസന്ധി നാം തരണം ചെയ്തേ പറ്റൂ. അക്ഷരം അറിയാത്ത കുട്ടികൾക്കെങ്കിലും ക്ലാസുകയറ്റം നൽകുന്നത് അവസാനിപ്പിക്കാൻ നമുക്ക് കഴിയണം. അവശ്യം വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കാത്ത സ്കൂളിൽ പുതിയ നിയമനം നടക്കുമ്പോൾ ഇത് ഉറപ്പുവരുത്താൻ നമുക്ക് കഴിയണം. അദ്ധ്യാപകനിയമനങ്ങളിൽ സർക്കാർ നിയന്ത്രണം നടപ്പിലാക്കാൻ നിയമനം P.S.Cയ്ക്ക് വിടണം. ഇതിന്റെ മുന്നോടിയായി സ്വകാര്യ കോളേജ് അധ്യാപകനിയമനത്തിലുള്ള വ്യവസ്ഥകളെങ്കിലും സ്കൂൾ വിദ്യാഭ്യാസരംഗത്തും നടപ്പാക്കണം. അധ്യാകരുടെ ഗുണനിലവാരം ഉയർത്താൻ ഇത് സഹായിക്കും. കുടിവെള്ളം സാനിട്ടറി സൗകര്യങ്ങൾ എന്നിവയുടെ കാര്യത്തിൽ സർക്കാർ സ്വകാര്യം എന്നിവ പരിഗണിക്കേണ്ട ആവശ്യംവേണ്ട സ്കൂളുകളിൽ P.T.Aയുടെ നേതൃത്വത്തിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയേണ്ടതുണ്ട്. ഉച്ചഭക്ഷണപരിപാടി പൂർണ്ണമായും P.T.A യുടെ നേതൃത്വത്തിലാക്കണം.

ഇതോടൊപ്പം നമ്മൽ കണക്കിലെടുക്കേണ്ട ഒരു വസ്തുതയുണ്ട്. താരതമ്യേന അഭ്യസ്ഥവിദ്യരുടെ യുവാക്കളുടെ ഒരു നീണ്ട നിരതന്നെയുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇവരെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ എങ്ങനെ പങ്കാളികളാക്കാം എന്നു ചർച്ച ചെയ്യേണ്ടിയിരിക്കുന്നു.

(പട്ടിക 10 നോക്കുക)

പട്ടിക 10

സ്കൂളിന്റെ പേര് മാനേജ്മെന്റ് കുട്ടികളുടെ എണ്ണം അധ്യാപകരുടെ എണ്ണം, മറ്റു വിവരങ്ങൾ

	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം			കുട്ടികളുടെ എണ്ണം			വിസ്തീർണ്ണം (സെന്റ്)	ലൈബ്രറി	ടോയ്ലറ്റ്	വി. ഫി.	അധ്യയന ദിനം	സമയത്തിലുടെ സംഘടിപ്പിച്ച ദിനം	പി.ടി.എ.	കുടിവെള്ളം കിണർ / പമ്പ്	കുടിവെള്ളം സ്ഥിരം	ഗേറ്റ്	ചുറ്റുമതിൽ	ഫർണിച്ചറുകൾ ആവശ്യത്തിനുണ്ടോ	ഫർണിച്ചർ ആവശ്യത്തിനുണ്ടോ					
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ														ഡസ്ക്	ബെഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1.	പുല്ലാളൂർ	ALP aided	71	81	152	3	3	6		ഉണ്ട്	ഇല്ല	ഉണ്ട്	194	1	ഇല്ല	ആണ്	കിണർ	ഇല്ല	ഇല്ല	ഇല്ല	20	10	2	4	2
2.	പുല്ലാളൂർ	NORTH AMLP Aided	93	83	176	4	3	7	14	ഉണ്ട്	ഇല്ല	ഉണ്ട്	185	ഇല്ല	ഇല്ല	ആണ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	15	-	2	-	3
3	മടവൂർ North	AMLP Aided	100	103	203	7	1	8	15	ഉണ്ട്	ഇല്ല	ഉണ്ട്	186	ഇല്ല	ഇല്ല	സ്ഥിരം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-
4.	മുട്ടാഞ്ചേരി	ALP Aided	45	45	90	1	2	3	-	ഉണ്ട്	ഉണ്ട്	ഇല്ല	195	5	ഉണ്ട്	സ്ഥിരം	കിണർ	ഇല്ല	ഇല്ല	ഇല്ല	20	20	5	5	ഷെൽഫ്
5.	Govt. LP Payambalassery	Govt	42	59	101	4	1	5	21	ഇല്ല	ഇല്ല	ഉണ്ട്	$185^1/_2$	ഇല്ല	ഉണ്ട്	സ്ഥിരം	കിണർ	ഇല്ല	ഇല്ല	ഇല്ല	5	5	1	2	അലമാര
6.	AMLP Payambalassery	Aided	66	48	114	6	2	8	16	ഇല്ല	ഇല്ല	ഉണ്ട്	185	ഇല്ല	ഇല്ല	സ്ഥിരം	കിണർ	ഇല്ല	ഇല്ല	ഇല്ല	5	5	-	-	അലമാര
7.	അഹമ്മദ് കുരിക്കൾ സ്മാരക L.P കൊട്ടക്കാവയൽ	Aided	90	80	170	5	-	5	-	ഇല്ല	ഇല്ല	ഉണ്ട്	$184^1/_2$	ഇല്ല	ഉണ്ട്	സ്ഥിരം	കിണർ	ഉണ്ട്	ഇല്ല	ഇല്ല	10	10	2	2	അലമാര 1
8.	AMLPS എരവന്നൂർ	Aided	53	51	104	4	1	5	202	ഇല്ല	ഇല്ല	ഉണ്ട്	$185^1/_2$	ഇല്ല	ഉണ്ട്	2	കിണർ	ഉണ്ട്	ഇല്ല	ഇല്ല	10	10	3	4	അലമാര
9.	മടവൂർ AUP	Aided	429	335	764	16	15	31	56	ഉണ്ട്	ഇല്ല	ഉണ്ട്	183	ഇല്ല	ഉണ്ട്	ആണ്	ടാങ്ക്	ഉണ്ട്	ഉണ്ട്		കണക്ക് ലഭ്യമല്ല				
10.	Govt. MUP Arambra	Govt.	442	500	942	18	9	27	88.5	ഉണ്ട്	ഉണ്ട്	ഉണ്ട്	183	ഇല്ല	ഉണ്ട്	അർദ്ധ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	25	10	5	5	അലമാര
11.	Hasaniya AUP Muttanchery	Aided	312	281	593	11	11	22	1ഏ	ഉണ്ട്	ഉണ്ട്	ഇല്ല	184	ഇല്ല	ഉണ്ട്	സ്ഥിരം	ടാങ്ക്	ഇല്ല	ഇല്ല	ഇല്ല	100	100	15	15	അലമാര
12.	AUPS എരവണ്ണൂർ	Aided	295	308	603	14	9	23	59	ഉണ്ട്	ഉണ്ട്	ഉണ്ട്	$191^1/_2$	4	ഉണ്ട്	9	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	75	75	7	10	അലമാര
13.	ചക്കാലക്കൽ HS	Aided	850	826	1676	47	16	63	3ഏ	ഉണ്ട്	ഉണ്ട്	ഉണ്ട്	195	-	ഇല്ല	സ്ഥിരം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	-	-	-	ഉണ്ട്

S.S.L.C. വിജയശതമാനം

92-93 - 53% 93-94 - 39%

94-95 - 51% 95-96 - 52%

പ്രശ്നങ്ങൾ

1 സാമൂഹ്യമായി പിന്നോക്കം നില്ക്കുന്ന ജാതികളുടെയും മതന്യൂനപക്ഷത്തിന്റെയും വിദ്യഭ്യാസനിലവാരം തൃപ്തികരമല്ല.

2. സ്കൂളിലെ പഠനനിലവാരം പൊതുവെ തൃപ്തികരമല്ല.

3. S.S.L.C വിജയശതമാനം താരതമ്യേന കുറവാണ്.

4. സ്കൂളുകളിലെ ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല.

5. ഹൈസ്കൂൾ പഞ്ചായത്തിന്റെ ഒരറ്റത്താണ്.

6. അധ്യാപകർക്ക് ഇൻസർവീസ് കോഴ്സുകൾ കാര്യക്ഷമമായി നടക്കുന്നില്ല

7. PTA കൾവേണ്ടത്ര സജീവമല്ല.

8. വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര മുതലിറക്കുന്നില്ല.

9. ഉച്ചക്കഞ്ഞി വിതരണ കാര്യക്ഷമമല്ല

10. അക്കാദമിക് അവലോകനം കാര്യക്ഷമമല്ല.

11. വേണ്ടത്ര അധ്യയന ദിവസങ്ങൾ ലഭിക്കുന്നില്ല.

12. ചില വാർഡുകളിൽ സ്കൂളില്ല. ഉള്ളവ അപ്ഗ്രേഡ് ചെയ്തിട്ടുമില്ല.

13. സ്കക്സു കോപ്ലക്സുകൾ കാര്യക്ഷമമായിട്ടില്ല.

5.5 കുടിവെള്ളവും പൊതുജനാരോഗ്യവും

പഞ്ചായത്തിലെ മുഖ്യ കുടിനീർ ശ്രോതസ്സ് കിണറുകളാണ്. ഏതാണ്ട് 5400 വീടുകളുള്ളതിൽ പകുതി എണ്ണത്തിനേ സ്വന്തമായി കിണറുള്ളൂ. കുന്നുകൾ കൂടുതലുള്ള ഈ പഞ്ചായത്തിൽ കിണർ കുഴിക്കുന്നത് ശ്രമകരമായതും വളരെയധികം സാമ്പത്തിക ബാധ്യതകളുള്ളതുമാണ്. കുടിവെള്ളമെത്തിക്കുന്നതിന് 3 പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഒന്നുമാത്രമേ ഫലപ്രദമായി പ്രവർത്തിക്കുന്നുള്ളൂ. മാനിപുരം, പരപ്പടിച്ചാൽ പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. ചീക്കുനി പദ്ധതിയിൽ കൂടി മാത്രമേ ജലവിതരണം നടത്താൻ കഴിഞ്ഞിട്ടുള്ളൂ. വെള്ളത്തിനു വേണ്ടിരണ്ടു കിലോ മീറ്ററിലധികം സഞ്ചരിക്കേണ്ടിവരുന്ന കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ പഞ്ചായത്തുകിണറുകളുണ്ടെങ്കിലും അത് വർഷം തോറും വൃത്തിയാക്കാറില്ല. ജനങ്ങൾക്ക് ഉപകാരപ്രദമായ സ്ഥലത്തല്ല ഇവയിൽ ചിലത്. കുന്നിൻപുറത്തെ പൊതുകിണറുകൾ പലതും ദരിദ്രജലസമ്പത്തുള്ളവയാണ്. പത്തോളം കുഴൽ കിണറുകളുണ്ടെങ്കിലും ഇവകൊണ്ടൊന്നും പ്രശ്നം പരിഹൃദമാകുന്നില്ല. ഇവയിൽ പലതും ഉചിതമായ സ്ഥലത്തല്ല സ്ഥാപിച്ചിരിക്കുന്നത്.

പൂനൂർ പുഴയിലെ ജനസമ്പത്ത് ഈ പ്രശ്നപരിഹാരത്തിന് ഉപയോഗിക്കപ്പെടാതെ പോവുകയാണ്. മടവൂർ മുക്ക്-മൂന്നാം പുഴതോടിന് ഏഴോളം V.CB ഉണ്ട്. പലതിനും പലകയിടാറില്ല. ഇത് കിണറുകളിലെ ജലവിതാനം താഴ്ത്താനിടവരുത്തുന്നു. ഈ തോടും കുടിവെള്ള പ്രശ്നപരിഹാരത്തിന് ഉപയോഗിക്കപ്പെടുന്നില്ല. മൊത്തത്തിൽ മടവൂർ പഞ്ചായത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഒരു പ്രദേശമാണ്. വർഷം മുഴുവൻ ജലം തന്നിരുന്ന പലകിണറുകളും ഇന്ന് വേനൽക്കാലമായാൽ വറ്റിവരളുന്ന അവസ്ഥ പഞ്ചായത്തിന്റെ ഭാഗങ്ങളിലും കണ്ടു വരുന്നു. സംസ്ഥാന ശരാശരിയോളം മഴ ലഭിക്കുന്ന ഒരു പ്രദേശമാണ് നമ്മുടേത്. (പട്ടിക കൊടുത്തിട്ടുണ്ട്) കഴിഞ്ഞ 10 വർഷത്തെ മഴയുടെ ശരാശരി ലഭ്യത പരിശോധിച്ചാൽ 2937.33 മില്ലിമീറ്റർ മഴ പ്രതിവർഷം നമുക്കു ലഭിക്കുന്നുണ്ടെന്നു കാണാം. കുന്നുകളും മലകളും നിറഞ്ഞ നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് ഈ ജലമെല്ലാം ഭൂമിക്കടിയിലേക്ക് താഴാതെ പെട്ടെന്ന് ഒഴുകി നഷ്ടപ്പെടുന്നു. ഇത് പരിഹരിക്കുന്നതിന് ലളിതവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ അവലംബിച്ച് ലഭിക്കുന്ന

ജലത്തെ ഭൂമിക്കടിയിൽ സംഭരിക്കപ്പെടാൻ സാഹചര്യമൊരുക്കിയാൽ കിണറുകളുടെ ഈ ശോചനീയാവസ്ഥ പരിഹരിക്കാൻ നമുക്കു കഴിയും. കുളങ്ങളും തോടുകളും നികത്തുന്നതു മൂലം സംഭരിക്കാൻ കഴിയാത്ത അവസ്ഥ ഒരുക്കുന്ന അശാസ്ത്രീയമായ നമ്മുടെ ഭൂവിനിയോഗരീതിയും വികസനപ്രവർത്തനങ്ങളും നാം അവസാനിപ്പിക്കണം.

പൊതുജനാരോഗ്യം:

നാട്ടുവൈദ്യന്മാരുടെയും മന്ത്രവാദികളുടെയും വയറ്റാട്ടിമാരുടെയും മറ്റു നേതൃത്വത്തിലുള്ള ചികിത്സ സമ്പ്രദായമായിരുന്നു നമ്മുടെ പഞ്ചായത്തിൽനിലനിന്നിരുന്നത്. ആധുനിക രീതിയിലുള്ള ആരോഗ്യസംരക്ഷണ പരിപടികളുടെയും വിദ്യാഭ്യാസരംഗത്തുണ്ടായ ഉയർച്ചയുടെയും ഫലമായി മുകളിൽ സൂചിപ്പിച്ച പല സമ്പ്രദായങ്ങളും ഏറെക്കുറെ മാഞ്ഞുകഴിഞ്ഞു. എന്നാലും ചിലതൊക്കെ ഇന്നും നിലനിൽക്കുന്നു. പാരമ്പര്യ നാട്ടുവൈദ്യന്മാരുടെ സേവനം ഇന്നും കുറെയൊക്കെ ലഭ്യമാണ്. ആയുർവ്വേദ പഠനത്തിന് ഉപയുക്തമായ താളിയോല ഗ്രന്ഥങ്ങളുടെ ശേഖരം ചില വീടുകളിൽ നലനില്ക്കുന്നു. (എരവണ്ണൂർ, കരയത്തിങ്ങൽ)

പാരമ്പര്യ വൈദ്യന്മാരെയും ഒറ്റമൂലി ചികിത്സ എരവണ്ണൂർ ആയുർവ്വേദ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിച്ചാൽ ആരോഗ്യപരിപാലനരംഗത്തിന് ഒരു പുതിയ മാനം കൈവരിക്കാൻ നമുക്കുകഴിയും. നാട്ടുമരുന്നുകൾ ഇവരുടെ മേൽനോട്ടത്തിൽ നട്ടുവളർത്താനും നാം അതിലൂടെ പുതിയൊരു തൊഴിൽ മേഖല കണ്ടെത്താനും നമുക്കു കഴിയും. മടവൂർ പഞ്ചായത്തിൽ നിലവിൽ നാല് കുടുംബക്ഷേമ ഉപകേന്ദ്രങ്ങളും ഒരു ആയുർവ്വേദ ഡിസ്പൻസറിയുമാണുള്ളത്. അലോപ്പതി ഹോമിയോ ചികിത്സാരംഗത്ത് ആരാമ്പ്രത്തുള്ള ഒരു സ്വകാര്യാശുപത്രിമാത്രമാണുള്ളത്. ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടമുള്ളവ അങ്കത്തായ്, മടവൂർ, പള്ളിത്താഴം ഉപകേന്ദ്രങ്ങൾക്കുമാത്രമാണ്. ആരാമ്പ്രം ഉപകേന്ദ്രത്തിന് കെട്ടിടമോ സ്ഥലമോ ഇല്ല. എരുവണ്ണൂരിലെ ആയുർവ്വേദ ഡിസ്പൻസറിക്ക് കെട്ടിടമുണ്ട് എന്നാൽ മറ്റു സൗകര്യങ്ങൾ വേണ്ടത്രയില്ല. കിണർ, ചുറ്റുമതിൽ, വൈദ്യുതി സൈകര്യങ്ങൾ മിക്ക കേന്ദ്രങ്ങളിലുമില്ല.

അംഗനവാടികളുടെയും കുടുംബക്ഷേമ കേന്ദ്രങ്ങളിലൂടെയും നടത്തുന്ന നാമമാത്രമായ ആരോഗ്യ സംരക്ഷണ പരിപാടികൾ മാത്രമാണ് പഞ്ചായത്തിലെ ഈ രംഗത്തെ പ്രവർത്തനങ്ങൾ, പോഷകാഹാരം വൈറ്റമിൻ ഗുളികൾ എന്നിവയുടെ വിതരണം നടത്തുന്നുണ്ടെങ്കിലും അർഹതപ്പെട്ടവർക്കു മുഴുവൻ ഇതെത്തിക്കാൻ കഴിയുന്നില്ല.

അങ്ങാടികളിൽ ചപ്പുചവറുകൾ നിക്ഷേപിക്കാൻ പരിമിതമായ സൗകര്യങ്ങൾ ഉണ്ട്. എന്നാൽ അവ നീക്കം ചെയ്യാൻ വേണ്ടത്ര സംവിധാനമില്ല. അണു നാശിനി വിതരണം അപര്യാപ്തമാണ് അങ്ങാടികളിൽ പൊതുമൂത്രപ്പുരയും കക്കൂസ്സും നമ്മുടെ പഞ്ചായത്തിൽ ഇല്ല. മത്സ്യമാർക്കറ്റ് ഇല്ലാത്തതിനാൽ റോഡിൽ വെച്ചുള്ള മത്സ്യവില്പനയും ഇറച്ചിക്കടകൾക്ക് പ്രത്യേകനിബന്ധനകൾ പഞ്ചായത്തിൽ നിലവിലില്ലാത്തതും ആരോഗ്യപ്രശ്നങ്ങൾക്ക് വഴിയൊരുക്കിയേക്കാം. പകുതിയോളം കുടുംബങ്ങൾക്കും കക്കൂസില്ലാത്തതും ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്നു. വീടുകളിൽ ചപ്പുചവറുകൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നില്ല, മലിനജലത്തിന്റെ കാര്യവും ഇതുപോലെതന്നെ. പഞ്ചായത്തിൽ ചെങ്കണ്ണ്, വയറിളക്കം, വിഷപ്പനി, ചിക്കൻപോക്സ്, തുടങ്ങിയ പകർച്ചവ്യാധികൾ ഇടക്ക് കണ്ടുവരാറുണ്ട്.

1. അംഗൻവാടകളുടെ എണ്ണം പര്യാപ്തമല്ല.

2. ഹെൽത്ത് സെന്റർ നിലവിലില്ല.

3. കക്കൂസുകളുടെ എണ്ണക്കുറവ് ജലജന്യരോഗങ്ങൾക്കിടവരുത്തുന്നു.

4. വേനൽക്കാലത്തെ കുടിവെള്ളക്ഷാമം പകർച്ചവ്യാധികൾക്കിടവരുത്തുന്നു.

5.6 ഊർജ്ജവും ഗതാഗതവും

കുറ്റിക്കാട്ടൂർ 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതിയാണ് നമ്മുടെ പഞ്ചായത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. വർഷങ്ങൾക്കു മുമ്പ് ഉപഭോക്താക്കൾ കുറഞ്ഞ സമയത്ത് ഉണ്ടായിരുന്ന സംവിധാനം തന്നെയാണ് ഉപഭോക്താക്കളുടെ എണ്ണം പതിൻമടങ്ങ് വർദ്ധിച്ചിട്ടും ഇന്നും നിലവിലുള്ളത്. ഇതുകൊണ്ടുതന്നെ ഈ സേവനമേഖലയിൽ ഉപഭോക്താക്കൾ അസന്തുഷ്ടരാണ്. വൈദ്യുതി ഉപഭോഗത്തിന്റെ സിംഹഭാഗവും ഗാർഹിക മേഖലയിലാണ്. എന്നിട്ടും പഞ്ചായത്തിലെ പകുതിയോളം വീടുകൾ വൈദ്യുതീകരിക്കാത്തതായി നിലനിൽക്കുന്നു. രണ്ട് 110 കെ.വി. ലൈനുകൾ ഒരുമിക്കുന്ന പുല്ലാളൂരിൽ ഒരു സബ്സ്റ്റേഷന് സാധ്യതയുണ്ട്.

വോൾട്ടേജ് ക്ഷാമമാണ് ഈ രംഗത്തെ പ്രധാന പ്രശ്നം. പീക്ക് ലോഡ് സമയത്ത് സ്ഥിതി കൂടുതൽ വഷളാകുന്നു. വൈദ്യുത വിതരണലൈനുകൾ എല്ലാം അമിത ഭാരം വഹിക്കുന്നവയാണ്. ആധുനിക യന്ത്രോപകരണങ്ങൾ കൂടുതലുള്ള ഉപഭോക്താക്കൾ അടങ്ങിയ ചില ലൈനുകളിൽ സ്ഥിതി അത്യന്തം ഗുരുതരമാണ്. പുതിയ കണക്ഷനുവേണ്ടിയുള്ള അപേക്ഷകർ നിരവധിയാണ്. ഹരിജൻ കോളനി, ലക്ഷംവീട് കോളനി, പൊതു സ്ഥാപനങ്ങൾ എന്നിവയിൽ ചിലത് വൈദ്യുതീകരിച്ചിട്ടില്ല. മീറ്റർ റീഡിംഗിന്റെ കാര്യത്തിൽ ഉപഭോക്താക്കൾക്ക് പല പരാതികളും ഉണ്ട്. വൈദ്യുതി മോഷണം പ്രായേണ കുറവാണ്. പ്രേക്ഷണവിതരണ നഷ്ടമാണ്. കൂടുതലുള്ളത്. ജെമ്പർ മെച്ചപ്പെടുത്തിയും വൈദ്യുതിലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റിയും ട്രാൻസ്ഫോർമറുകളുടെ എണ്ണം കൂട്ടിയും പ്രേഷണവിതരണനഷ്ടം കുറയ്ക്കാൻ കഴിയും.

വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തിന്റെ മറ്റു പ്രദേളിലൊന്നും വൈദ്യുതി എത്താതിരുന്ന ഒരു കാലഘട്ടത്തിൽ വടകര കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വൈദ്യുതി ഓഫീസുമായി നിരന്തരം ബന്ധപ്പെട്ട് എരവന്നൂരിലെ കുന്നിൻ പ്രദേശത്ത് വൈദ്യുതി എത്തിച്ച് കരണ്ട് മൊയ്തീൻ എന്ന അപരനാമം സമ്പാദിച്ച് വ്യക്തിക്ക് നമ്മുടെ വൈദ്യുത ചരിത്രവുമായുള്ള ബന്ധം ഇവിടെ സൂചിപ്പിക്കട്ടെ.)

പ്രശ്നങ്ങൾ

1. വേണ്ടത്ര ട്രാൻസ്ഫോർമറുകൾ ഇല്ല.

2. കുന്നിൻ പ്രദേശങ്ങളിൽ വൈദ്യുതി എത്തുന്നില്ല.

3. സോളാർ, ബയോഗ്യാസ്, പ്രകൃതിവാതകം, പുകയില്ലാത്ത അടുപ്പ് എന്നിവയുടെ കാര്യത്തിൽ പഞ്ചായത്ത് പിറകിലാണ്.

4. ത്രീഫെയ്സ് ലൈൻ ആവശ്യത്തിനില്ല.

5. മെർക്കുറി ലൈറ്റുകൾ ആവശ്യത്തിനില്ല.

6. കൂടുതൽ പേർക്കും പാചക ഇന്ധനം ഇന്നൊരു പ്രധാന പ്രശ്നമാണ്.

ഗതാഗതം

മടവൂർ പഞ്ചായത്തിലെ റോഡ് ശൃംഗലയിൽ 168.5 K.M റോഡാണുള്ളത്. ഇതിൽ 15 K.M മാത്രമേ ടാർ ചെയ്തിട്ടുള്ളൂ. ഇതിൽ PWD റോഡുകൾ 12.300 KM ആണ്. പഞ്ചായത്തിന്റെ വടക്ക് മടവൂർ മുക്ക് മുതൽ തെക്ക് പൊയിൽത്താഴം വരെ ബന്ധപ്പെടാൻ എല്ലാ ഭാഗത്തും ടാറിട്ടതല്ലെങ്കിലും റോഡു സൗകര്യമുണ്ട്. പടിഞ്ഞാറ് അങ്കത്തായ് മുതൽ കിഴക്ക് പടനിലം വരെ ബന്ധപ്പെടാൻ ഏതാനും കിലോ മീറ്റർറോഡുകൂടി നിർമ്മിച്ചാൽ മതി. പഞ്ചായത്തു റോഡുകളിൽ പലതും ഗതാഗത യോഗ്യമല്ല. പ്രധാന റോഡുകമായി ബന്ധപ്പെടാത്തതിനാൽ പല റോഡുകളും ലക്ഷ്യമിട്ട യാത്രാസൗകര്യം ലഭിക്കുന്നവയല്ല.

പഞ്ചായത്തിലൂടെ കടന്നുപോകുന്ന പടനിലം നരിക്കുനി, ആരാമ്പ്രം- കാച്ചേരിമുക്ക്, പൈമ്പാല ശ്ശേരി-പുല്ലാളൂർ, പാലോളിത്താഴം- നെട്ടോടിത്താഴം, മുട്ടാഞ്ചേരി-പൊയിൽത്താഴം കാച്ചേരിമുക്ക് - നരിക്കുനി, ആരാമ്പ്രം പൊയിൽത്താഴം, എന്നിവ PWD റോഡുകളാണ്. അവസാനംസൂചി

പ്പിച്ച റോഡ് പണി നടന്നുകൊണ്ടിരിക്കുകയാണ്. ഇവയിൽ മിക്കതിനും ഓവുചാലുകളോ ആവശ്യത്തിന് കൻവർട്ടുകളോ ഇല്ല. മടവൂർ-കാമ്പ്രത്തുകുന്ന് കോളനിറോഡ് ടാറിട്ടതാണെങ്കിലും ഗതാഗതത്തിനനുസൃതമായി വീതി ഈ റോഡിനില്ല.മെറ്റലിംഗ് നടത്തിയിട്ടുണ്ടെങ്കിലും ടാറിട്ട റോഡുകളും പഞ്ചായത്തിലുണ്ട്. കൊട്ടാക്കാവയൽ ചക്കാലക്കൽ അങ്കത്തായ് ചെറുവലത്ത് താഴം, നെട്ടോടിത്താഴം-പൂളക്കോട്ടുതാഴം പൈമ്പാലശ്ശേരി-മടവൂർ മുക്ക് എന്നിവ ഇതിൽപ്പെടുന്നു.

പുതിയ ട്രാൻസ്പോർട്ട് നിയമത്തിന് ശേഷം സ്വകാര്യബന്ധുക്കളും കെ.എസ്.ആർ.ടി.സി ബസ്സുകളും പഞ്ചായത്തിലൂടെയുള്ള റൂട്ടുകൾ ഉപേക്ഷിച്ചതുകാരണം നിലവിലുള്ള റോഡുകൽ പോലും സാധാരണക്കാരന്റെ യാത്രക്ക് ഉതകുന്നില്ല. ഉദാഹരണം - പയമ്പാലശ്ശേരി- പുല്ലാളൂർ ആരാമ്പ്രം-കച്ചേരിമുക്ക്, മടവൂർമുക്ക്-കച്ചേരിമുക്ക്.

(പട്ടിക 11 കാണുക)

പ്രശ്നങ്ങൾ:-

1. പൂനൂർ പുഴക്ക് ആവശ്യമായ കേന്ദ്രങ്ങളിൽ പാലമില്ലാത്തത് വയനാട് റോഡുമായി ബന്ധപ്പെടാൻ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

2. അയൽ പഞ്ചായത്തുമായും അയൽ വാർഡുകളുമായും ബന്ധപ്പെടുന്നതിന് ആവശ്യമായത്ര റോഡോ പാലമോ ഇല്ല.

3. JRY പദ്ധതികളുടെ നിബന്ധനകൾ ജനസാന്ദ്രത കൂടിയ നമ്മുടെ സംസ്ഥാനത്തിന് യോജിച്ചതല്ല.

4. ബസ്സു റൂട്ടിന് സൗകര്യമുള്ള റോഡുകളിൽ ആവശ്യത്തിന് ബസ് ഓടുന്നില്ല.

5. റോഡുകളിൽ കൾവർട്ടുകളും ഓവുചാലുകളും ആവശ്യത്തിനില്ല.

6. പൊതു സ്ഥാപനങ്ങളിലേക്ക് വേണ്ടത്ര റോഡുസൗകര്യമില്ല.

7. ബസ് സ്റ്റോപ്പുകൾ വേണ്ടത്രയില്ല.

8. ഇടവഴികൽ പലതും സഞ്ചാരയോഗ്യമല്ല.

9. വീടുകളിൽ നിന്നും പൊതുവഴിയുമായി ബന്ധപ്പെടാൻ മാർഗ്ഗമില്ലാത്ത പ്രശ്നങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. ഇത് പല പ്പോഴും കലഹങ്ങൾക്ക് കാരണമാകാറുണ്ട്.

10. കുന്നിൻമുകളിലേക്കും തോട്, പുഴ, കുളം, വെള്ളമൊലിക്കുന്ന ഇടവഴികൾ എന്നിവക്കും ഫുട് സ്റ്റപ്പുകളില്ല.

11. റോഡിനുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്ന നടപടികൾ ഇഴഞ്ഞുനീങ്ങുന്നു.

12. പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന ചില റോഡുകൾ ശ്രദ്ധിക്കപ്പെടാതെ കിടക്കുന്നു.

13. പ്രൈവറ്റ് റോഡുകൾ പഞ്ചായത്തിന് ലഭിക്കാത്തതുകൊണ്ട് പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുന്നില്ല.

14. പൊതുവഴികൾ കൈയ്യടക്കാനുള്ള ശ്രമങ്ങളൾ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കണ്ടുവരുന്നു.

5 (7) പാർപ്പിടവും സാമൂഹ്യക്ഷേമവും

പഞ്ചായത്തിലെ 62.5% വീടുകളും ഓടുമേഞ്ഞവയാണ്. ഏങ്കിലും ഓടിട്ടവയിൽ പകുതിയുടേതും മേൽക്കൂര സുരക്ഷിതമല്ല. ഭിത്തികൾ നിർമ്മിച്ചിരിക്കുന്നത് മൺകട്ട കൊണ്ടോ ചെങ്കല്ലുകൊണ്ടോ ആണ്. തറയും ചെങ്കല്ലുകൊണ്ടാണ് നിർമിച്ചിട്ടുള്ളത്. 20.4% ഓലപ്പുരകളാണ്. ഇത്തരം വീടുകളുടെ ഭിത്തിയും തറയും ചെങ്കല്ലുകൊണ്ടോ മൺകട്ടകൊണ്ടോ നിർമ്മിച്ചിരിക്കുന്നു. മേൽക്കൂര കവുങ്ങോ മുളയോ തെങ്ങോ കൊണ്ട് പണിതിരിക്കുന്നു. ഇവയിൽ പലതിന്റെയും അവസ്ഥ പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ സുരക്ഷിതമല്ലാതായിത്തീരുന്നു. 8.3% വരുന്ന ചെറ്റക്കുടിലുകളുടെ തറ മണ്ണുകൊണ്ടും ചുമർ ഓലകൊണ്ടും മേൽക്കൂര കവുങ്ങുകൊണ്ടും പണിതിരിക്കുന്നു. ഇവയുടെ സ്ഥിതി

പട്ടിക 11

ക്രമനമ്പർ	വാർഡ്	റോഡിന്റെ പേര്	ഇനം	ദൂരം	വീതി	
1	iv ix vi v x	പടനിലം-നന്മണ്ട റോഡ്	ടാർ റോഡ്	3KM	8ൽകൂടുതൽ	PWD
2.	ix vii iii ii	പൈമ്പാലശ്ശേരി-പുല്ലാളൂർ റോഡ്	"	4KM	8മീറ്റർ	"
3.	iv	ആരാമ്പ്രം-കാഞ്ഞിരമുക്ക്	"	2KM	8മീറ്റർ	"
4.	i viii	പാലോളിത്താഴം-പാലത്ത്		"	2KM	" "
5.	vi v	കൊടുവള്ളി-നരിക്കുനി	"	11/2KM	"	"
6.	v vii	മടവൂർ- കാമ്പ്രത്ത് കുന്ന്	"	21/2KM	6 മീറ്റർ	പഞ്ചായത്ത് റോഡ്
7.	ix	ആരാമ്പ്രം-ലക്ഷം വീട് റോഡ്	"	500 m	3m	പഞ്ചായത്ത് റോഡ്
8.	iii	മുട്ടാഞ്ചേരി-പൊയിൽത്താഴം	"	800m	8m	PWD
9.	ix vii iii	ആരാമ്പ്രം-പൊയിൽത്താഴം	മൺറോഡ്	43/4Km	8m	"
10.	i viii	പൂപ്പറങ്ങോട്ട്കാവ്-ചെറുവലത്ത് താഴം	മൺറോഡ്	3KM	5m	പഞ്ചായത്ത് റോഡ്
11.	i	തൈക്കണ്ടിതാഴം-അരീക്കൽ താഴം	മൺ	2KM	5m	"
12.	i	മുക്കാളിത്താഴം-തുവാട്ട് താഴം	മൺ	$1^1/_2$Km	5m	"
13.	i	അങ്കത്തായ്-കോറോത്ത് പൊയിൽ	മൺ	1KM	5m	"
14.	i	ചിറ്റടിമുക്ക്-വിളയാറത്താഴം	മൺ	$1^1/_2$KM	4m	"
15.	i	പൂപ്പറങ്ങോട്ട് കാവ്- പുളിയരുകണ്ടിതാഴം	മൺ	$^3/_4$KM	5m	"
16.	I	പാമ്പൂര്യൻപാറ- അമ്പലപ്പാട്	മൺ	1KM	4M	"
17.	i	ചട്ടിപൊടിത്താഴം- ആരീപ്രമല	മൺ	1KM	5M	"
18.	I	മേലത്താട്ട്താഴം- കോറോത്തുപൊയിൽ	മൺ	11/2	4M	"
19	ii	തച്ചൂർതാഴം -നെട്ടോടിത്താഴം	മൺ	2KM	-	"
20	ii	തറോൽത്താഴം-ചൂവൻഞ്ചേരിത്താഴം	"	1KM	-	"

21	ii	പുല്ലാളൂർ-കാമ്പ്രത്ത്കുന്ന് റോഡ്	"	$1^1/_2$KM	-	"
22	ii	പരപ്പിൽപ്പടി-എരഞ്ഞുകുന്ന്	"	1KM	-	"
23	ii	അയിക്കൽത്താഴം-ഇടുക്കപ്പാറ	"	1KM	-	"
24	ii	അരീച്ചോല-കണ്ണിയാട്ട് താഴം	"	1KM	-	"
25	iii vii	കരയത്തിങ്ങൽ-പൂവത്തും പുറായി	"	2KM	3 മീറ്റർ	"
26	v vii x iii	രാംപൊയിൽ-മുട്ടാഞ്ചേരി	"	21/2	6M	"
27	iii	മുട്ടാഞ്ചേരി-കീഴ്പ്പറമ്പിൽമീത്തൽ ഹരിജൻ കോളനി റോഡ്	"	1KM	3M	"
28	iii	എടക്കിലോട്ട്-മുക്കടങ്ങാട്ട്-ചാത്തനാറമ്പ്	"	1800M	3"	"
29	iii	ചാത്തനാറമ്പ്-കേളോത്ത് കണ്ടിപുറയിൽ	"	1/2	3"	"
30	iii	മുട്ടാഞ്ചേരി- ചാത്തനാറമ്പ്	"	11/2	3"	"
31	iii	പേനക്കുഴി-കോളോത്ത് കണ്ടി പുറായിൽ	"	11/2	3"	"
32	iv vi	കരട്ടകുന്ന്-മഠത്തുകുഴി	മൺ	1KM	6M	ജില്ലാപഞ്ചായത്ത്.
33	iv	കോട്ടക്കാവ് വയൽ-മരത്തുംകുഴി	"	1KM	4M	പഞ്ചായത്ത്
34	iv	മാവുള്ളകണ്ടി-പൊമ്പറ്റച്ചരുറോഡ്	"	2KM	3M	"
35	iv	കൊട്ടക്കാവുവയൽ ചക്കലക്കൽ	"	2KM	4M	"
36	iv	പീടികക്കണ്ടിചെമ്പറ്റച്ചെരു	"	11/2KM	3M	"
37	iv	മാവുള്ളകണ്ടി താനത്താം കണ്ടത്തിൽ	"	3/4 km	3m	"
38	iv	ലക്ഷം വീട് കീമാരിക്കടവ്	"	2km	3m	"
39	iv	ചക്കാലക്കൽ ഹൈസ്ക്കൂൾ	റോഡ് ടാർ	1/2km	4m	"
40	iv	തച്ചം കുഴിമണ്ണിൽ-തടത്തിൽ	മൺ	1/2km	3m	"
41	iv	ആരാമ്പ്രം-കീമാരിക്കടവ്	"	2km	3m	"
42	iv	കുന്നുമ്മൽച്ചരു- മേനിപ്പറമ്പ്	"	$^1/_2$km	3m	"

43	iv	പുള്ളൂന്നിച്ചാലിൽ-പുതുശ്ശേരിമ്മൽ	മൺ	1/2km	3m	പഞ്ചായത്ത്
44	iv	പുല്ലോറക്കാവിൽ കുറ്റ്യോയത്തിൽ	"	1/2km	3m	"
45	v	വെള്ളോട്ട് കുളം-അമ്പലത്ത് താഴം	"	11/2km	3m	"
46	v	മെള്ളാരം കണ്ടി- കൂട്ടുംപുറത്ത്താഴം	"	2km	3m	"
47	v	വെള്ളാരം പാറ-രാംപൊയിൽ	"	2km,	3m	"
48	v	രാംപൊയിൽ-പാറക്കെ പുരായിൽ	"	1km	3m	"
49	vi	പൈമ്പാശ്ശേരി-മടവൂർ മുക്ക്	മെറ്റൽ	3KM	6M	പഞ്ചായത്ത്
50	vi	ചക്കാലക്കൽ പള്ളൂന്നിച്ചാലിൽ	മൺ	1km	3m	"
51	vi	മടത്തും കുഴി-അടമാറിത്താഴം	"	1km	3m	"
52	vi	മടവൂർ മുക്ക്-വെള്ളോപ്രചാൽ	"	11/2km	4m	"
53	vi	ഇടക്കാട്-പൂന്താനത്തു താഴം	"	11/2km	3m	"
54	vii	മേച്ചേരിക്കാട്-ചോലക്കരത്താഴം	മൺ	1.3km	3m	പഞ്ചായത്ത്
55	vii	മടവൂർ കാമ്പ്രത്ത കുന്ന് പുല്ലാളൂർ മുക്ക് റോഡ്	"	5km	6m	"
56	vii	പൂവത്തും പുറായി-കരയിത്തിങ്ങൾ പരനിലം ഹരിജൻ കോളനി	"	1.5km	3m	"
57	vii	പുല്ലോറേമ്മൽ-മൂന്നാംപുഴ	"	500km	3m	"
58	Viii	ചെന്നിലോട് താഴം - അരീച്ചോരി - പുല്ലാളൂർ	" "	3 Km	5 മീ	" "
59	Viii	ചെറുവലത്ത് താഴം - പുല്ലാളൂർ	" "	3 Km	5 മീ	" "
60	Viii	ചെറുവലത്ത് താഴം - അങ്കത്തായ്	" "	3 Km	8 മീ	" "
61	Viii	ചാടിക്കുഴിയിൽ താഴം - ഞയരുൽ താഴം	" "	200 മീ	5 മീ	" "
62	Viii	പുല്ലാളൂർ പൂളക്കോട്ട് താഴം	" "	1 km	7 മീറ്റർ	" "
63	Viii	മാടമ്പലത്ത് താഴം - കണ്ടോത്തു പാറ	" "	3 Km	5 മീറ്റർ	" "
64	Viii	പൂളക്കോട്ടു താഴം - തച്ചൂർ താഴം	" "	4 Km	"	"

65	Viii	ചെന്നിലോട്ടു താഴം - പുല്ലാളൂർ - കുരുവട്ടൂർ	"	2 Km	"	"
66	X	നട്ടിപ്പാറ - അടുക്കത്തുമ്മൽ	മൺ	1 Km	പഞ്ചായത്ത്	"
67	X	മടവൂർ കാമ്പ്രത്തുകുന്ന് ഹരിജൻ കോളനി പുല്ലൂളൂർ - മുക്ക്	"	4km		
68	IX	ആരാമ്പ്രം പൂളക്കാടി	,, ,,	1 1/2 Km	3 മീ	,, ,,
69	IX	മഞ്ഞോറമ്മൽ മുക്കത്തു കടവ്	,, ,,	2Km	3 മീ	,, ,,
70	IX	വര്യമ്പിലാക്കി - ആരാമ്പ്രം	,, ,,	2 1/2 Km	3 മീ	,, ,,
71	IX	ആരാമ്പ്രം - പുല്ലോറക്കാവിൽ	,, ,,	2Km	3 മീ	,, ,,
72	IX	പക്കാലക്കൽ - കീഴേടത്ത് താഴം	,, ,,	4 Km	3 മീ	,, ,,
73	IX	മഞ്ഞോറമ്മൽ - ഇയ്യാനിക്കോത്ത്	,, ,,	2Km	3 മീ	,, ,,

വർഷക്കാലത്ത് ശോചനീയമാണ്. 8.79% വരുന്ന കോൺക്രീറ്റ് വീടുകൾ കരിങ്കല്ലും ചെങ്കല്ലും ഇഷ്ടികയും സിമന്റും കമ്പിയുമൊക്കെ ഉപയോഗിച്ച് പണിതിരിക്കുന്നു. ഇത്തരം വീടുകളുടെ നിർമ്മാണത്തിൽ ഗൾഫ് പണം കാര്യമായ സ്വാധീനം ചെലുത്തിയിരിക്കുന്നു. സ്വന്തമായി വീടില്ലാത്ത 900- ത്തോളം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ലക്ഷംവീട് കോളനികൾ 4 വാർഡുകളിലായി നാലെണ്ണമുണ്ട്. ഒരു പാർപ്പിട നിർമ്മാണ സഹകരണസംഘം പഞ്ചായത്തിൽ അനിവാര്യമാണ്. വീടുവെക്കാൻ ഭൂമിയില്ലായ്മ സാമ്പത്തികമായ ബുദ്ധിമുട്ട് എന്നിവ കൊണ്ടും നിർമ്മാണത്തൊഴിലാളികളെ കിട്ടാനില്ലാത്തതു കൊണ്ടും പാർപ്പിടപ്രശ്നം അനുഭവപ്പെടുന്നവരുണ്ട്. ചെങ്കല്ല്, കരിങ്കല്ല്, മണ്ണ് എന്നിവ ലഭ്യമാണ്. തെങ്ങ്, കവുങ്ങ്, മറ്റു വൃക്ഷങ്ങൾ എന്നിവ പരിമിതമാണ്. നിർമ്മാണത്തൊഴിലാളികളുടെ കൂലി പുരുഷന് 85 മുതൽ 150 രൂപ വരെയും സ്ത്രീക്ക് 50 മുതൽ 75 രൂപ വരെയുമാണ്. കൂലിയിൽ അമ്പത് രൂപയിലധികം അന്തരം കാണുന്നു.

വീടുകളുടെ എണ്ണം ഇനംതിരിച്ച്

പട്ടിക 12

നമ്പർ	ഇനം	എണ്ണം	ശതമാനം
1	ഓടിട്ടത്	3375	62.50
2	ഓല മേഞ്ഞത്	1100	20.37
3	കുടിൽ	450	8.33
4	കോൺക്രീറ്റ്	475	8.80
5	ആകെ	5400	100.00

സാമൂഹ്യക്ഷേമരംഗത്ത് ചിട്ടയായ ഒരു പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടില്ല. ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ അവിടവിടെ നടക്കുന്നു എന്നതു മറക്കുന്നില്ല.

ഈ രംഗത്ത് ധാരാളം സന്നദ്ധസംഘടനകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനത്തിന് ഒരു ഏകീകരിച്ച രൂപമില്ല. സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഈ രംഗത്ത് വേണ്ടത്രയില്ല. അജ്ഞതയുടെയും നിസ്സഹായതയുടെയും പേരിൽ സർക്കാർ നൽകുന്ന സാമൂഹ്യക്ഷേമരംഗത്തെ സഹായങ്ങൾ അർഹതപ്പെട്ട പലർക്കും ലഭ്യമാകുന്നില്ല.

14 അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും പഞ്ചായത്തിന്റെ കിടപ്പും ജനസംഖ്യയുമനുസരിച്ച് എല്ലാ മേഖലയിലും ഇവയുടെ സേവനം ലഭ്യമാവുന്നില്ല.

(പട്ടിക 13 കാണുക.)

ക്ഷേമനിധികൾ പലതിലും അർഹതപ്പെട്ടവരെല്ലാം അംഗങ്ങളായിട്ടില്ല. കലാകായിക- സാഹിത്യരംഗത്ത് താല്പര്യമുള്ള യുവതീയുവാക്കളേയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളൊന്നും ആസൂത്രണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും ഉള്ള പെൻഷൻ ഈ പഞ്ചായത്തിലാർക്കും ലഭിക്കുന്നില്ല. കുഷ്ഠരോഗപെൻഷൻ ഇവിടെ ആർക്കുമില്ല. ആറുതരം പെൻഷനുകളും യുവാക്കൾക്കുള്ള തൊഴിലില്ലായ്മാവേതനവും ഈ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായവും ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ലഭ്യമായ കണക്കുകൾ താഴെ കൊടുക്കുന്നു.

പട്ടിക 14

നമ്പർ	ഇനം	എണ്ണം
1	വിധവാ പെൻഷൻ	144
2	വികലാംഗ പെൻഷൻ	108
3	വാർദ്ധക്യകാല പെൻഷൻ	46
4	ക്ഷയരോഗ പെൻഷൻ	2
5	കാൻസർ രോഗ പെൻഷൻ	1
	ആകെ	**301**

ഐ.ആർ.ഡി.പി ലിസ്റ്റ് പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള 1745 കുടുംബങ്ങളുണ്ട്. ഇവർക്ക് വിവിധ തൊഴിലുകൾക്കായി വായ്പകൾ ലഭിക്കുന്നുണ്ട്.

പട്ടിക 13

അംഗൻവാടികളുടെ പ്രവർത്തനപരിധിയിലെ വിശദാംശങ്ങൾ

നമ്പർ	അംഗൻവാടിയുടെ പേര്	നമ്പർ	ജനസംഖ്യ	പട്ടിക ജാതി	5 വയസ്സിന് താഴെയുള്ള കുട്ടികൾ	ഗർഭിണികൾ	മുലയൂട്ടു അമ്മമാർ	കഴിഞ്ഞ വർഷത്തെ ജനനം	ചാപിള്ള ജനനം	ബാലമരണം 6 വയസ്സിനു താഴെ	മറ്റു മരണങ്ങൾ	അനുപൂരകപോഷകാഹാരം ലഭിക്കുന്ന കുട്ടികൾ	അനപൂരകപോഷകാഹാരം ലഭിക്കുന്ന അമ്മമാർ	അനുപൂരകപോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ	പോഷകാഹാരക്കുറവുള്ള കുട്ടികൾ ആൺ	പോഷകാഹാരക്കുറവുള്ള കുട്ടികൾ പെൺ
1.	മടവൂർ	31	2122	222	179	18	19	34	1	-	7	55	12	14	53	56
2.	വെള്ളാട്ടുമ്മൽ താഴം	146	1400	81	164	34	30	34	2	1	7	42	2	4	22	23
3.	ചക്കാലക്കൽ	155	1387	142	152	14	20	24		1	2	56	9	12	20	29
4.	മടവൂർ മുക്ക്	33	2165	202	173	17	15	34	2	3	16	50	10	8	67	83
5.	കരയത്തിങ്ങൽ	105	1407	183	143	16	13	19	1	-	16	51	12	6	24	18
6.	പൈമ്പാലശ്ശേരി	32	1637	174	137	23	12	16	-	1	-	30	6	2	28	29
7.	ചെറുവലത്തുതാഴം	156	1445	228	127	16	10	14	-	1	6	38	6	2	11	11
8.	കാമ്പറത്ത് കോളനി	157	1258	219	60	9	3	9	-	-	3	27	6	15	8	7
9.	പുള്ളിക്കോത്ത്	30	1370	135	137	15	16	28	1	-	10	56	10	10	20	20
10.	അങ്കത്തായ്	-	1631	139	198	15	12	15	-	-	5	75	7	2	10	13
11.	മുട്ടാഞ്ചേരി	29	1971	139	179	31	19	44	1	3	10	52	8	9	31	30
12.	കൊട്ടക്കാവയൽ	27	2781	69*	268	31	33	62	1	-	13	60	7	6	27	24
13.	പുല്ലാളൂർ	28	1700	194	162	34	16	33	1	1	8	20	7	4	25	24
14.	വെള്ളാറമ്പാറ	158	1300	137	130	16	9	27	-	1	7	38	8	6	25	26
	ആകെ		23564	2264	2209	289	227	393	10	12	110	650	110	100	371	393

* 67+2 SC/ST

പ്രശ്നങ്ങൾ

1. നിർദ്ധനരായ വീടില്ലാത്ത കുടുംബങ്ങൾ കൂടുതൽ ഉണ്ട്.

2. വിവിധതരം കോളനികളിൽ താമസിക്കുന്ന വർക്ക് റേഷൻകാർഡ്, പട്ടയം എന്നിവ ലഭിച്ചിട്ടില്ല.

3. ഓലപ്പുരകളും ചെറ്റക്കുടിലുകളും ലക്ഷം വീടുകളിൽ പലതും ശോചനീയാവസ്ഥയിലാണ്.

4. കക്കൂസില്ലാത്ത വീടുകൾ നിരവധിയാണ്.

5. ഭവന നിർമാണ വായ്പകൾ അപര്യാപ്തവും, ലഭിക്കാൻ കാലതാമസം നേരിടുന്നവയുമാണ്. പഞ്ചായത്തിൽ ഭവനനിർമാണ സഹകരണസംഘം ഇല്ല.

6. വീടുകളുടെ പ്ലാൻ അംഗീകരിച്ചുകിട്ടാൻ താമസം നേരിടുന്നു.

7. വീടു വെയ്ക്കാൻ ഭൂമി ഇല്ലാത്തവരുണ്ട്.

8. അംഗൻവാടി കേന്ദ്രങ്ങൾ കുറവാണ്.

9. അഗതി പെൻഷനുകൾ അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല.

10. എല്ലാ വിഭാഗം ജനങ്ങൾക്കും ക്ഷേമനിധി ഇല്ല. ഉള്ളവയിൽ അർഹതപ്പെട്ടവർ മുഴുവൻ അംഗങ്ങളായിട്ടില്ല.

11. വൃദ്ധമന്ദിരങ്ങളും വികലാംഗർക്കുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇല്ല.

12. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

5 (8) സംസ്കാരം

പണ്ടുകാലത്ത് കലകളുടെ ആസ്ഥാനം നമ്പൂതിരി മനകളും ക്ഷേത്രങ്ങളുമായിരുന്നല്ലോ. അടിസ്ഥാനവർഗക്കാർക്കും സാധാരണക്കാർക്കും അപ്രാപ്യമായിരുന്നു ഇത്തരം കലാസങ്കേതങ്ങൾ. അതിന് പരിഹാരമായി നമ്മുടെ പഞ്ചായത്തിലും ഇത്തരം വിഭാഗങ്ങൾ തങ്ങളുടെ വീട്ടുപരിസരത്ത് കാവുകൾ നിർമിച്ച് തങ്ങളുടേതായ ദൈവങ്ങളെ ആരാധിക്കാൻ തുടങ്ങി. നാടൻകലകളുടെ സമ്മേളനമായ തിറയും കളമെഴുത്തും മറ്റും പഞ്ചായത്തിലെ പതിനഞ്ചോളം കാവുകളിൽ ഇന്നും നടന്നുവരുന്നു. കുടുംബബന്ധങ്ങൾ അരക്കിട്ടുറപ്പിക്കാൻ ഈ ഉത്സവങ്ങൾ ഒരു കാരണമായി. തോറ്റംപാട്ടിന്റെ കലാമൂല്യം തിറകളെ സമ്പുഷ്ടമാക്കി. പാണരും, പെരുവണ്ണാനും കുലത്തൊഴിലായിത്തന്നെ ഈ കലാപ്രകടനങ്ങളെ കണ്ടിരുന്നു. തിറയും തെയ്യവും തോറ്റവും പുതിയ തലമുറകളിൽ ദിവ്യത്വസങ്കല്പത്തിലുപരിയായ ഒരു പുതിയ ആസ്വാദന ശേഷി വളർത്തി.

പൈമ്പാലശ്ശേരിയിലുള്ള കരിപ്പൂർ വിഷ്ണുക്ഷേത്രത്തിലെ ശിലാഫലകത്തിലെ ലിഖിതങ്ങൾ ഇതുവരെ വായിച്ചുമനസ്സിലാക്കുവാനുള്ള ഒരു ശ്രമം നടന്നിട്ടില്ല. യൂണിവേഴ്സിറ്റി വിദഗ്ദ്ധരുമായി ബന്ധപ്പെട്ട് ആ ശിലാലിഖിതങ്ങൾ വായിക്കാൻ കഴിഞ്ഞാൽ ഈ പഞ്ചായത്തിന്റെ ചരിത്രത്തിലേക്ക് വെളിച്ചം വീശാനുതകുന്ന പല വിവരങ്ങളും കിട്ടാനുള്ള സാധ്യതയുണ്ട്.

പള്ളികളിലെ റാത്തീബ് നേർച്ചകളും ദഫ്മുട്ടും ആളുകളെ പണ്ടുമുതൽക്കേ ആകർഷിച്ചിരുന്ന കലകളാണ്. കല്ല്യാണവീടുകളിലെ ഒപ്പന ഇന്ന് സ്റ്റേജുകളിൽ പുനർജ്ജനിച്ചിരിക്കുന്നു. ദഫ്മുട്ടും ഇന്ന് ആകർഷകമായ ഒരു കലാപ്രകടനമായി മാറിയിരിക്കുന്നു.

സാവധാനമെങ്കിലും വികസിച്ചുവരുന്ന ഒരു സാംസ്ക്കാരിക അന്തരീക്ഷമാണ് ഇപ്പോൾ മടവൂരിന്റേത്. പഞ്ചയാത്ത് രൂപവത്ക്കരണത്തിനു മുമ്പുതന്നെ പുല്ലാളൂർ, മുട്ടാഞ്ചേരി കരയത്തങ്ങൽ, എരവണ്ണൂർ എന്നിവിടങ്ങളിലൊക്കെ സജീവങ്ങളായ ഗ്രന്ഥാലയങ്ങളുണ്ടായിരുന്നു. പഴയ ഗ്രന്ഥശാലകൾ ഗ്രാമത്തിന്റെ സാംസ്ക്കാരിക കേന്ദ്രങ്ങളായിരുന്നു. എന്നാൽ ഇന്ന് ഇവയൊക്കെ പ്രവർത്തനത്തിൽ മാന്ദ്യം വന്ന അവസ്ഥയിലാണ്. ഇലക്ട്രോണിൽ ഉപകരണങ്ങളുടെ കടന്നുകയറ്റം വായന എന്ന നല്ല സ്വഭാവത്തിന് ഏൽപ്പിച്ച ക്ഷതമാണ് ഗ്രന്ഥശാലയങ്ങളുടെ ഈ പ്രവർത്തന മാന്ദ്യത്തിന് മുഖ്യകാ.

രണം. അടിയന്തരാവസ്ഥക്ക് ശേഷം ഗ്രന്ഥശാലാ പ്രസ്ഥാനത്തിനേറ്റ മുരടിപ്പും പൈങ്കിളി സാഹിത്യങ്ങളുടെ തള്ളിക്കയറ്റവും വായന ഗൗരവപൂർവ്വം സമീപിക്കേണ്ട ഒന്നല്ലാതാക്കി തീർത്തു. ഈ അവസ്ഥ ചിന്തകൾക്ക് കടിഞ്ഞാണിടുന്ന ഭീകരമായ ഒരവസ്ഥയിൽ എത്തിനിൽക്കുകയാണ്. ഓരോമനസ്സും സ്വയം ഒരു പരിഹാരപ്രയോഗത്തിന് പക്വമാകേണ്ടതാണ്.

കായികരംഗത്തിന്റെ അവസ്ഥയും ഇതിൽനിന്നും ഏറെയൊന്നും ഭിന്നമല്ല. കലാരംഗവും മഹിളാസമാജങ്ങളും ഒട്ടൊക്കെ പ്രവർത്തനക്ഷമമാണ്. ഈ രംഗത്ത് ഉൽഘാടന കലാപരിപാടികളുടെ കടഭാരം കൊണ്ടുപിറന്ന ഉടനെ മരിച്ചു വീഴുന്ന അനവധി കലാകായിക സംഘടനകളുണ്ടായിട്ടുണ്ട്. എന്നാൽ ആശാവഹമായ രീതിയിൽ പ്രവർത്തനം സംഘടിപ്പിക്കുന്ന ഏതാനും സംഘടനകൾ പഞ്ചായത്തിൽ അങ്ങിങ്ങായുണ്ട്. സ്വന്തം കെട്ടിടമില്ലാത്തവയാണ് ഇവയെല്ലാം എന്നാൽ സ്ഥലം വിലക്കുവാങ്ങി കെട്ടിടം പണി ആരംഭിച്ച ചില സംഘടനകളുമുണ്ട്.

യുവജനോത്സവങ്ങൾ :-

1987മുതൽ വർഷം തോറും പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിവരുന്ന ഗ്രാമോത്സവങ്ങൾ വേണ്ടത്ര സമയമെടുത്ത് പ്ലാൻ ചെയ്യുന്നവയല്ല. അതിന്റെ കുറവ് ഇത്തരം ഉത്സവങ്ങളിൽ കാണാറുണ്ട്. എന്നിരുന്നാലും ഒന്നുമില്ലാത്ത അവസ്ഥക്ക് ഒരു മാറ്റമായി ഇതിനെ സ്വാഗതം ചെയ്യാം. പുരോഗമനകലാസാഹിത്യ സംഘം ഒരു കാലത്ത് പഞ്ചായത്തിൽ സജ്ജീവമായിരുന്നു. കലാസാംസ്കാരിക രംഗത്ത് പഞ്ചായത്തിലങ്ങോളമിങ്ങോളമുള്ള മുമ്പ് സൂചിപ്പിച്ച തരത്തിലുള്ള നിരവധി കാവുകളിൽ കെട്ടിയാടപ്പെടുന്ന തെയ്യം പ്രാചീന കലകളുടെ ഉയിർത്തെഴുന്നേൽപ്പിനെ സൂചിപ്പിക്കുന്നു. ദഫ്മുട്ട്, ഒപ്പന, കോൽക്കളി തുടങ്ങിയ കലാരൂപങ്ങളും പഞ്ചായത്തിൽ പച്ച പിടിച്ചു നിൽക്കുന്നു. ഒരേ കികരണത്തിന്റെ അഭാവമാണ് ഈ രംഗങ്ങളിലെല്ലാം മുഴച്ചു നിൽക്കുന്നത്. നിലവിൽ പഞ്ചായത്തിലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പേരുവിവരം താഴെകൊടുക്കുന്നു.

പട്ടിക 15

നമ്പർ	സ്ഥാപനത്തിന്റെ പേര്	രജിസ്റ്റർ ചെയ്തോ	വാർഡ്	റിമാർക്ക്സ്
1	2	ഇല്ലയോ എന്ന്	4	5
1.	സാരഥി വായനശാല അകത്തായ്	ഉണ്ട്	I	
2.	സാരഥി മഹിളാ സമാജം അങ്കത്തായ്		I	
3.	സാരഥി കലാവേദി അങ്കത്തായ്		I	
4.	റിപ്പബ്ലിക്ക് വായനശാല പുല്ലാളൂർ	ഉണ്ട്	II	
5.	ചെന്താര കലാവേദി പുല്ലാളൂർ	ഉണ്ട്	II	
6.	ക്രസന്റ് ആർട്സ് & സ്പോർട്ട്സ് ക്ലബ് പുല്ലാളൂർ	ഉണ്ട്	II	
7.	ചെറുകാട് വായനശാല ചാത്തനാറമ്പ്	ഉണ്ട്	III	
8.	പൊതുജന വായനശാല, മുട്ടാഞ്ചേരി	ഉണ്ട്	III	
9.	റെഡ് ആർട്സ് & സ്പോർട്സ് ക്ലബ് മുട്ടാഞ്ചേരി	ഉണ്ട്	III	
10.	ക്രസന്റ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് മുട്ടാഞ്ചേരി	ഉണ്ട്	III	
11.	മാസ് ആർട്സ് & സ്പോർട്സ് ക്ലബ് മുട്ടാഞ്ചേരി		III	
12.	സഹൃദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് മുട്ടാഞ്ചേരി, പൊയിൽതാഴം		III	

13. മഹിളാസമാജം, മുട്ടാഞ്ചേരി	ഉണ്ട്	III
14. ക്രസന്റ് ആർട്സ് & സ്പോർട്സ് ക്ലബ്, കൊട്ടക്കാവയൽ	ഉണ്ട്	IV
15. ഹൊറൈസൺ ആർട്സ് & സ്പോർട്സ് ക്ലബ്, കൊട്ടക്കാവയൽ		IV
16. ടോർപ്പിഡോസ് ആർട്സ് & സ്പോർട്സ് ക്ലബ്, ആരാമ്പ്രം		IV
17. മഹിളാസമാജം, കൊട്ടക്കായമൽ		IV
18. എം.വി.അഹമ്മദ് സ്മാരകവായനശാല മടവൂർ മുക്ക്	ഉണ്ട്	VI
19. അനുപമ ക്ലബ്ബ് മടവൂർ മുക്ക്		VI
20. ഫാസ്ക്ക് പയബാലലശ്ശേരി		VI

മഹിളാസമാജം

21. സർഗ്ഗ ആർട്സ് & സ്പോർട്സ് അരക്കിൽതാഴം	ഉണ്ട്	VII
22. മൈത്രി മഹിളാസമാജം അരക്കിൽതാഴം	ഉണ്ട്	VII
23. മുട്ടാഞ്ചേരി മഹിലാ സമാജം, കരയത്തിങ്ങൽ	ഉണ്ട്	VII
24. പാസ്ക് പരനിലം	ഉണ്ട്	VII
25. ജ്ഞാനപോഷിണി വായനശാല കരയത്തിങ്ങലൽ	ഉണ്ട്	VII
26. ബ്ലസ്സിംഗ് ആർട്സ് & സ്പോർട്സ് കരയത്തിങ്ങൽ	ഉണ്ട്	VII
27. ശ്രുതികലാവേദി എരവനൂർ		VIII
28. ശ്രുതിവായന ശാല എരവനൂർ		VIII
29. ശ്രുതി മഹിളാസമാജം എരവനൂർ		VIII
30. ജനവിദ്യാകേന്ദ്രം എരവനൂർ		VIII
31. ഡ്രൈവേഴ്സ് & ക്ലീനേഴ്സ് ക്ലബ് ചോലക്കരതാഴം	ഉണ്ട്	IX
32. യുവചേതന ആർട്സ് & സ്പോർട്സ് ക്ലബ്ബ് പുള്ളിക്കോത്ത്		IX
33. ചാർലിചാപ്ലിൻ ഇന്റർനാഷണൽ കരാട്ടേ ക്ലബ്ബ്, പുള്ളിക്കോത്ത്		IX
34. കാസ്ക് കുളിപ്പുറത്ത്		IX
35. കൈരളി മഹിളാസമാജം പുള്ളിക്കോത്ത്		IX
36. മഹിളാസമാജം കുളിപ്പുറത്ത്		IX
37. നവോദയ വായനശാല കാമ്പ്രത്ത്കുന്ന്	ഉണ്ട്	X
38. നവോദയ മഹിളാസമാജം കാമ്പ്രത്ത്കുന്ന്	ഉണ്ട്	X
39. അക്ഷര മഹിളാസമാജം		V
40. മെസ്കോ മടവൂർ	ഉണ്ട്	V
41. യുവത രാംപൊയിൽ		V

പ്രശ്നങ്ങൾ

1. കലാവേദികൾ, വായനശാലകൾ എന്നിവ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ഫണ്ടില്ലായ്മയാണ്.

2. കലാപ്രവർത്തനങ്ങൾ, വായന, എന്നിവക്ക് ടി.വി.കേന്ദ്രങ്ങളുടെ വ്യാപനം തടസ്സമാകുന്നു.

5. (9) വനിതാ ക്ഷേമം

അടുക്കളയിൽതന്നെ സ്ത്രീകൾ അടിഞ്ഞു കൂടുന്ന ഒരനുഭവമായിരുന്നു നമ്മുടെ പഞ്ചായത്തിൽ അടുത്ത കാലംവരെ നിലനിന്നിരുന്നത്. ഭൗതിക വിദ്യാഭ്യാസത്തെ എതിർക്കുന്ന ചിന്തക്ക് ഇന്നും നമ്മുടെ പഞ്ചായത്തിൽ സ്വാധീനമില്ലാതില്ല. വിദ്യാഭ്യാസം നേടിയ ദുർലഭം ചില വനിതകൾക്കെങ്കിലും ഭർത്സനങ്ങളും ഒറ്റപ്പെടുത്തലും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. പട്ടിക ജാതി വിഭാഗത്തിൽ മുഴുവൻ സ്ത്രീകളും തൊഴിൽ രംഗത്തുണ്ടായിരുന്നെങ്കിലും ഇവർ സ്വതന്ത്രരായിരുന്നില്ല. മേലാളരുടെ ആജ്ഞാനുവർത്തികൾ മാത്രമായിരുന്നു. ശൈശവവിവാഹം, നമ്മുടെ നാട്ടിൽ വ്യാപകമായിരുന്നു. മക്കത്തായ, മരുമക്കത്തായ ദായക്രമങ്ങൾ നിലനിന്നിരുന്നു. ബഹുഭർത്തൃത്വവും ബഹുഭാര്യാത്വവും ചില വിഭാഗങ്ങളിലെങ്കിലും പഞ്ചായത്തിൽ നിലനിന്നിരുന്നു. വിദ്യാഭ്യാസത്തിൽ ആശാവഹമായ തുല്യത കൈവന്നിട്ടുണ്ട്. ജാതി-മത വിവേചനം കുറഞ്ഞിരിക്കുന്നു. പുരോഗമന, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വനിതകൾക്ക് കുറെയൊക്കെ വേദിസൃഷ്ടിച്ചു. 1964ൽ മട്ടാഞ്ചേരി മഹിളാ സമാജം രൂപീകൃതമായതോടെ സ്ത്രീകൾ സംഘടിത രൂപത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. അംഗനവാടികളുടെ വ്യാപനത്തോടെ പഞ്ചായത്തിന്റെ എല്ലാ മേഖലകളിലേക്കും ഈ പ്രവണത വ്യാപിച്ചു. മഹിളാ സമാജങ്ങളുടെ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ യൂനിറ്റുകൾ രൂപവൽക്കരിക്കപ്പെട്ടത് ഇതിന്റെ ഫലമാണ്.

പഞ്ചായത്തിലെ ജനസംഖ്യയിൽ 51% സ്ത്രീകളാണ്. വിദ്യാഭ്യാസ യോഗ്യതയിലും സാക്ഷരതയിലും സ്ത്രീകൾ പിറകിലാണ്. ഭൂരിഭാഗം സ്ത്രീകളും വീട്ടുജോലികളിൽ വ്യാപൃതരാണ്. തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള സ്ത്രീകളിൽ ഭൂരിഭാഗത്തിനും തൊഴിലില്ല. 15നും 35നും ഇടക്കുള്ള സ്ത്രീകളിൽ ഭൂരിഭാഗവും എസ്.എസ്.എൽ.സി. വരെയെങ്കിലും പഠിച്ചവരാണ്. ഇവരെ അധിവസിപ്പിക്കാൻ പറ്റിയ തൊഴിൽ സംരഭങ്ങളില്ല. നാലു യൂണിറ്റുകളാണ് തൊഴിൽ രംഗത്ത് സ്ത്രീപങ്കാളിത്തമുള്ള സ്ഥാപനങ്ങൾ. ഇവയിൽ പലതിന്റെയും പ്രവർത്തനം കാര്യക്ഷമമല്ല. സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്തം പട്ടിക 5ൽ നിന്നും മനസ്സിലാക്കാം. റെഡിമെയ്ഡ്, അച്ചാർ, അംബർ ചർക്കചൂടി, അവിൽ, ചെരുപ്പ്, മെഴുകുതിരി, പപ്പടം, കോഴിവളർത്തൽ, പാൽഉൽപന്നങ്ങൾ, സോപ്പുനിർമ്മാണം എന്നീ രംഗങ്ങളിൽ സംഘടിത ശ്രമം നടക്കുകയാണെങ്കിൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ സാധ്യത ഉണ്ടാക്കാൻ കഴിയും.

പ്രശ്നങ്ങൾ:

1. പൊതുരംഗത്തും തൊഴിൽ മേഖലയിലും സംഘടനാ നേതൃത്വത്തിലും സ്ത്രീ പങ്കാളിതം കുറവാണ്.

2. DWCRA തുടങ്ങിയ വനിതാ വ്യവസായ യൂണിറ്റുകൾ വേണ്ടത്ര ഇല്ല.

3. മദ്യ നിരോധനം സ്ത്രീധന നിരോധനനിയമം എന്നിവ ഫലപ്രദമായിട്ടില്ല.

4. പെൺകുട്ടികൾക്ക് മാത്രമായി തൊഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.

5. സ്ത്രീകളുടെ നേതൃത്വത്തിലുള്ള വീടുകൾ മറ്റുള്ളവയെ അപേക്ഷിച്ച് സാമ്പത്തിക വിഷമം നേരിടുന്നു.

6. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പായിട്ടില്ല.

7. ഭർത്താവ് ഉപേക്ഷിച്ച് സ്ത്രീകളും കുട്ടികളും അടങ്ങുന്ന കുടുംബം ദുരിതമനുഭവിക്കുന്നു.

8. സ്വകാര്യ സ്ഥാപനങ്ങൾ സ്ത്രീകളുടെ തൊഴിലില്ലായ്മ ചൂഷണം ചെയ്യുന്നു.

9. വനിതകൾക്കുനേരെ സാംസ്കാരികവും, ശാരീരികവുമായ ആക്രമണം നടക്കുന്നു. അന്ധവിശ്വാസങ്ങൾ സ്ത്രീകളെ തളച്ചിടാനുള്ള ഉപാധിയായി നിലനിൽക്കുന്നു.

5 (10) സഹകരണം

ഉണ്ടറുതി, ഭൂപണയം തുടങ്ങിയ ചില വായ്പാ വ്യവസ്ഥകൾ നമ്മുടെ പഞ്ചായത്തിൽ വ്യാപകമായിരുന്നു. ഈ ചൂഷണ വ്യവസ്ഥ പല കുടുംബങ്ങളേയും വഴിയാധാരമാക്കി. ഇതിൽ നിന്നും ജനങ്ങളെ രക്ഷപ്പെടുത്താൻ രൂപവല്ക്കരിച്ച ഐക്യനാണയസംഘമാവട്ടെ നിരക്ഷരരെ ചൂഷണംചെയ്യാനുള്ള മറ്റൊരു വേദിയായി മാറി. കാർഷിക സഹകരണ സംഘങ്ങളുടെ വരവോടെ ഇതിന്നൊരറുതിവന്നു. എന്നാൽ ഇന്ന് ഈ രംഗത്ത് മറ്റൊരു ദുരന്തം നമ്മേകുറിച്ച് നോക്കുകയാണ്. സഹകരണ സംഘത്തിന്റ ശക്തമായി ഇടപെടലിന്റെ അഭാവത്താൽ കൊള്ളപ്പലിശക്കാരായ നാടൻ പണമിടപാടുകാർ രംഗത്തുവന്നിരിക്കുന്നു. ഇത് ഭാവിയിൽ സാമ്പത്തിക രംഗത്ത് നമ്മുടെ പഞ്ചായത്തിന്റെ ഭീകരമായ ദുരന്തം വിതച്ചേക്കാം.

രണ്ടു തരം സഹകരണ സംഘങ്ങളാണ് മടവൂർ പഞ്ചായത്തിലുള്ളത്. ഒരു വായ്പാ സഹകരണ സംഘവും 4 വായ്പേതര സഹകരണ സംഘങ്ങളും. സ്കൂൾ സഹകരണ സംഘങ്ങൾ ഇതിനു പുറമെയാണ്. ആരാമ്പ്രം, മുട്ടാഞ്ചേരി, പുല്ലാളൂർ, മടവൂർ, എരവന്നൂർ എന്നിവിടങ്ങളിലാണ് പാൽ സഹകരണ സംഘങ്ങൾ ഉള്ളത്.

മാർക്കറ്റിൽ ഫലപ്രദമായ ഇടപെടാൻ മടവൂർ സഹകരണ ബേങ്കിന് കഴിഞ്ഞിട്ടില്ല. ഫലപ്രദമായ ഒരു മാവേലിസ്റ്റോർ പോലും ഇതിനു കഴിവില്ല. പല ഭാഗങ്ങളിൽനിന്നും ഇതിനുള്ള ആവശ്യം ഉയർന്നിരിക്കുന്നു. ഒരു സഹകരണ കൺസ്യൂമർ സൊസൈറ്റിപോലും ഈ പഞ്ചായത്തിലില്ല. കാർഷികവിള രൂപവൽക്കരിക്കേണ്ടിയിരിക്കുന്നു. വനിതാ സഹകരണ സംഘത്തിനിവിടെ സാധ്യതയുണ്ട്.

(പട്ടിക 16 കാണുക)

പ്രശ്നങ്ങൾ:-

1. സഹകരണ മേഖലയിൽ മാവേലി സ്റ്റോർ, ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്, സ്പേയർ പാർട്ട് കട, എന്നിവക്ക് സാധ്യതയുണ്ടെങ്കിലും ഈ രംഗത്ത് കാര്യമായ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

2. കയർ, വനിത, കർഷക സഹകരണ സംഘങ്ങൾ, സ്ഥാപിക്കപ്പെടേണ്ടിയിരിക്കുന്നു.

3. കൊപ്രസംഭരണം കാര്യക്ഷമമല്ല.

5 (11) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

മണ്ണിൽ പണിയെടുക്കുന്ന അടിസ്ഥാന വർഗ്ഗം ഇവിടെ ഭൂടമകളുടെ അടിയാളരായിരുന്നു എന്ന് സൂചിപ്പിച്ചല്ലോ മേലാളരുടെ ചൊൽപ്പടിക്ക് നിൽക്കാൻ മാത്രമെ അവർക്ക് കഴിയുമായിരുന്നുള്ളൂ. അവരത് `ചരള'കളിൽ കഴിയാൻ മാത്രം വിധിക്കപ്പെട്ടവരായിരുന്നു. സംസ്ഥാനാടിസ്ഥാനത്തിൽ കൂടികിടപ്പിന് വേണ്ടി നടന്ന സമരം ഇവരെ മനുഷ്യരാക്കി ഭൂടമകളും കൂടിയാന്മാരും തമ്മിലുള്ള മുമ്പ് സൂചിപ്പിച്ച സൗഹൃദബന്ധം മുതലെടുത്തും അടിസ്ഥാന വർഗ്ഗത്തെ പ്രീണിപ്പിച്ചു. പ്രലോഭിപ്പിച്ചും മലമടക്കുകളിലെത്തിക്കാൻ ഭൂ ഉടമകൾക്ക് കഴിഞ്ഞു. വെള്ളവും വെളിച്ചവുമില്ലാത്തെ കോളനിതലത്തിൽ പദിക്കുന്ന ആനുകൂല്യങ്ങളും സംരക്ഷണ നിയമങ്ങളും മറ്റാർക്കോ വേണ്ടി ദുരുപയോഗം ചെയ്യാപ്പെടുന്ന ദുസ്ഥിതി, ഇന്ന് കണ്ടുവരരുന്നുണ്ട്. ബോധവൽക്കരണം കൊണ്ട് ഈ അവസ്ഥക്ക് മാറ്റം വരുത്താൻ നമുക്ക് കഴിയണം.

മടവൂർ പഞ്ചായത്തിൽ 500 ഓളം പട്ടികജാതി കുടുംബങ്ങൾ ഉണ്ട് സാമൂഹിക സാമ്പത്തിക രംഗത്ത് ഈ വിഭാഗം വളരെ പിന്നിലാണ് സാക്ഷരതാ പ്രവർത്തന ഫലമായി ഒരു പരിധിവരെ അക്ഷരം പഠിക്കുവാൻ പഞ്ചായത്തിലെ പട്ടികജാതിയിൽപെട്ട ജനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും വിദ്യാഭ്യാസരംഗത്ത് പട്ടികജാതി വിദ്യാർത്ഥികളുടെ നില ഒട്ടും തൃപ്തികരമല്ല. എസ്.എസ്.എൽ.സി. വിജയിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ 10% ത്തിന് താഴെയാണ്. വിജയിക്കുന്ന വിദ്യാർത്ഥികളിൽ ഫസ്റ്റ് ക്ലാസ്

പട്ടിക 16

മടവൂർ പഞ്ചായത്തിലെ സഹകരണ സംഘങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	സ്വഭാവം	പ്രവർത്തന മേഖല	സ്ഥാപിച്ച വർഷം	അംഗീകൃത മൂലധനം	പിരിഞ്ഞു കിട്ടിയ മൂലധനം	സർക്കാർ ഓഹരി	പ്രതിദിന പാൽ ഉല്പാദനം(ലി)	മൊത്തം നല്കിയ വായ്പകൾ
1.	മടവൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് മടവൂർ	വായ്പ	മടവൂർ പഞ്ചായത്ത്	31-12-66	500000 രൂ.	276881 രൂ.	25000 രൂ.	----	3856847 രൂ.
2.	മടവൂർ ക്ഷീരോല്പാദക സഹകരണ സംഘം	വായ്പേതരം	5,6,7,9 വാർഡുകൾ	24-12-69	10000രൂ.	6620	ഇല്ല	230	----
3.	ആരാമ്പ്രം ക്ഷീരോല്പാദക സഹകരണ സംഘം	വായ്പേതരം	4-ാം വാർഡ് പുള്ളിക്കോത്ത് ദേശവും-	1-6-91	10000 രൂ.	3280	ഇല്ല	160	---
4.	പുല്ലാളൂർ ക്ഷീരോല്പാദക സഹകരണ സംഘം	വായ്പേതരം	2ാം വാർഡ്	1-11-93	10000 രൂ.	2700	ഇല്ല	200	---
5.	മുട്ടാഞ്ചേരി ക്ഷീരോല്പാദക സഹകരണ സംഘം	വായ്പേതരം	3ാം വാർഡ്	93	10000 രൂ.	1410	ഇല്ല	110	---
					ആകെ	276881 14010	25000	700	3856847

നേടുന്ന വിദ്യാർത്ഥികൾ വിരളമാണ്. ഉന്നത വിദ്യാഭ്യാസം നേടാൻ ഇതു കാരണം ഈ വിദ്യാർത്ഥികൾക്ക് സാധിക്കുന്നില്ല.

സാമൂഹ്യ മേഖലയിൽ പഞ്ചായത്തിലെ പട്ടികജാതി ജനങ്ങൾ ഇന്നും വളരെ പിന്നോക്കമാണ്. ജാതിവ്യവസ്ഥ നിലനില്ക്കുന്നില്ലെങ്കിലും മറ്റുള്ളവരോടൊപ്പം തലയുയർത്തി നിൽക്കാൻ ഇന്നും സാധിച്ചിട്ടില്ല. സർക്കാർ അനുവദിക്കുന്ന സഹായങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഭൂരിപക്ഷത്തിനും കഴിയുന്നില്ല. പട്ടികജാതി കോളനികളും 4 സെറ്റിൽമെന്റ് കോളനിയുമടക്കം 13 കോളനികളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ കാമ്പ്രത്ത് കുന്ന് കോളനിയും, കരിയാട്ടുമല കോളനിയും IHDP കോളനികളാണ്. പലർക്കും ഭദ്രമായ വീടുകൾ സ്വന്തമായില്ല. പട്ടയം ലഭിക്കാത്തവരും റേഷൻ കാർഡില്ലാത്തവരുമാണ് മിക്ക കുടുംബങ്ങളും. ഓല മേഞ്ഞ വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്നവരാണ് അധികം പേരും.

നിലവിലുള്ള പൊതു ശ്മശാനങ്ങളിലേക്ക് പൊതു വഴിയില്ല. കക്കൂസില്ലാത്ത വീടുകളാണ് പട്ടികജാതി കുടുംബങ്ങളിൽ പലർക്കും.

പ്രശ്നങ്ങൾ:-

1. പട്ടികജാതി സർവ്വീസ് സഹകരണ സംഘം നിലവിലില്ല.

2. സാമൂഹിക ക്ഷേമ പദ്ധതികൾ പട്ടികജാതി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്നിട്ടില്ല.

3. വിടുനിർമ്മിക്കാൻ സർക്കാർ നൽകുന്ന സംഖ്യ തീർത്തും അപര്യാപ്തമാണ്.

4. പട്ടികജാതി ലിസ്റ്റിൽ കൂടുതൽ ജാതികളെ ഉൾപ്പെടുത്തുന്നത് ഇവരിൽ ഭീതിപടർത്തുന്നു.

5. പട്ടികജാതികൾ തിങ്ങിപ്പാർക്കുന്ന ചില പ്രദേശങ്ങൾ ഇനിയും കോളനിയായി അംഗീകരിച്ചിട്ടില്ല.

5 (12) വിഭവ സമാഹരണം

മുൻ സൂചിപ്പിച്ച 11 മേഖലകളിലായി ഉയർന്നു വന്നിരിക്കുന്ന പ്രശ്നങ്ങൾ പരിശോധിച്ചാൽ കോടിക്കണക്കിന് രൂപ വികസന രംഗത്ത് ചെലവഴിച്ചാൽ മാത്രമേ നമ്മുടെ പഞ്ചായത്തിലെ വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ എന്ന് മനസ്സിലാക്കാം. സർക്കാരിൽ നിന്നും ലഭ്യമാകുന്ന പദ്ധതി വിഹിതത്തിന്റെ രണ്ടിരട്ടിയെങ്കിലും ചെലവഴിച്ചാലെ അടിയന്തരപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ.

വിഭവ സമാഹരണത്തിന്റെ പ്രശ്നം പരിശോധിക്കുമ്പോൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നത് മനുഷ്യവിഭവം തന്നെയാണ്. നാല്പത്തിഒന്നോളം ചെറുതും വലുതുമായ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലുള്ള ധാരാളം കർമ്മോത്സുഖരായ യുവതീ യുവാക്കൾ നമുക്കുണ്ട്. വ്യത്യസ്ത യുവജന സംഘടനകളുടെ നേതൃത്വത്തിൽ മറ്റൊരുസംഘം യുവതീ യുവാക്കളും നമുക്കുണ്ട്. ഇവരുടെ കഴിവുകൾ സാമ്പത്തിക മേഖലകളിലെ ഉല്പാദന പ്രക്രിയകൾക്കായി പ്രയോജനപ്പെടുത്തുവാനുള്ള കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടേണ്ടിയിരിക്കുന്നു. ചെങ്കല്ല്, കരിങ്കല്ല്, ജനസ്രോതസ്സുകൾ മുതലായ നമ്മുടെ വിടവ സമാഹരണരംഗത്തെ മുതൽകൂട്ടുകളാണ്. ജല വിഭവമേഖലകളിൽ സൂചിപ്പിച്ച കൂട്ടുംപുറത്ത് താഴം മൂന്നാം പുഴ തോടിന്റെ ഇരുകരകളിലുമായി ഇപ്പോഴുള്ള തരിശ് സ്ഥലത്ത് ഏകദേശം 500 ഓളം കവുങ്ങുകളും 50ൽ അധികം തെങ്ങുകളും ഏതാനും മറ്റും വൃക്ഷങ്ങളും പഞ്ചായത്തിന്റേതായി ഉണ്ട്. ഈ തോടിന്റെ കരഭാഗം മതിൽ കെട്ടി സംരക്ഷിച്ചാൽ 3500 കവുങ്ങുകളും 500 തെങ്ങുകളും കൃഷിചെയ്യുവാൻ കഴിയും. ഇതിൽനിന്നും പഞ്ചായത്തിന് പ്രതിവർഷം മൂന്നുലക്ഷത്തിലധികം രൂപ വരുമാനമുണ്ടാകാം. ഇരുകരകളിലും നിബിഡമായി വളരുന്ന കൈതച്ചെടികൾ ചെറുകിട വ്യവസായ രംഗത്ത് ഒരു മുതൽ കൂട്ടായിരിക്കും.

മടവൂർ സി.എം.മഖാം സംസ്ഥാനാന്തര പ്രശസ്തി നേടിയ ഒരു സ്ഥാപനമായിരിക്കുന്നു. ഇവിടെനിന്നുള്ള വരുമാനം സ്കൂൾ ആശുപത്രി തുടങ്ങിയ മേഖലകളിൽ മുതലിറക്കാൻ പ്രസ്തുത സ്ഥാപനത്തിനു കഴിഞ്ഞാൽ അത് ആ സ്ഥാപനത്തിന്റേയും നമ്മുടെ പഞ്ചായത്തിന്റേയും പുരോഗതിക്ക് ഒരു ചാലക ശക്തിയായി മാറും. പഞ്ചായത്തിന്റെ സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക രംഗങ്ങളിൽ പുതിയൊരു ചലനം സൃഷ്ടിക്കും. അതിലൂടെ നമ്മുടെ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ കാര്യമായി പരിഹരിക്കപ്പെടും.

നമ്മുടെ പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങളാകട്ടെ മറ്റു പല പഞ്ചായത്തുകളെ അപേക്ഷിച്ച് തുലോം വിരളമാണുതാനും. തൊഴിൽ നികുതി, കെട്ടിട നികുതി എന്നിവയാണ് മാത്രം നമ്മുടെ നാമമാത്രമായ വരുമാനമാർഗ്ഗങ്ങൾ. ഇതിൽ വൻകിട സ്ഥാപനങ്ങൾ ഒന്നും തന്നെയില്ലാത്ത നമ്മുടെ പഞ്ചായത്ത് തൊഴിൽ നികുതി പരിഗണനാർഹമായ ഒരു വരുമാനമാർഗ്ഗമാകുന്നില്ല. മറ്റു പല പഞ്ചായത്തുകൾക്കും വിനോദ നികുതി ഒരു പ്രധാന വരുമാന മാർഗ്ഗമാവുമ്പോൾ നമ്മുടെ പഞ്ചായത്തിൽ ഈ ഇനം ഒരു വരുമാനമാർഗ്ഗമേ അല്ല. ഈ സാഹചര്യത്തിൽ നമ്മുടെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നത് കൂടുതൽ ശ്രദ്ധയർപ്പിക്കുന്ന വിഷയമായിമാറുന്നു. ആയതിലേക്ക് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് പരിശോധിക്കാം.

പ്രശ്നങ്ങൾ:

1. വിഭവ സമാഹരണത്തിന്റെ ഭാഗമായി റോഡ്, കുളം, കിണർ, സാംസ്കാരിക സ്ഥാപനങ്ങളുടെ ഓഫീസ്, തോട്, മുതലായവ നിർമ്മിക്കാൻ ആവശ്യമായ സ്ഥലം, മനുഷ്യാദ്ധ്വാനം മുതലായവയും നിലവിലുള്ള കുളങ്ങളും സംഭാവന നൽകാൻ എല്ലാവാർഡിലുമുള്ള ജനങ്ങൾ സന്നദ്ധരാണ്. ധരകാര്യ സ്ഥാപനങ്ങൾക്ക് സാധ്യതകൾ ഏറെയുണ്ട്.

2. പുറമ്പോക്ക് ഭൂമികൾ, ജല സ്രോതസ്സുകൾ എന്നിവ ഫലപ്രദമായി വിനിയോഗിക്കാം.

3. വിദേശ മലയാളികൾ ധാരാളമുണ്ട്. അവരിലൂടെ വിദേശപണം വികസനരംഗത്ത് മുതലിറക്കാം.

4. പഞ്ചായത്ത് വക ഫലവൃക്ഷങ്ങളുടെ ആദായം, ലേലം ചെയ്ത് വില്കാം.

5. നിലം നികുതി പൂരയിടമാക്കുന്നവരിൽ നിന്നും പിഴ ഈടാക്കാം.

6. സാധാരണക്കാരെ ബാധിക്കാത്ത പുതിയ നികുതികൾ ഏർപ്പെടുത്താം.

7. പഞ്ചായത്ത് തലത്തിൽ ആനുകൂല്യം നൽകുന്ന ക്ലബ്ബുകളുടെ സേവനം വികസനത്തിന് ഉപയോഗിക്കാം.

8. പഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഒഴുകുന്ന പുഴയുടെ പുറമ്പോക്ക് ഭൂമി വിട്ടുകിട്ടിയാൽ വരുമാന മാർഗ്ഗമുണ്ടാകാം.

9. റോഡ് പുറമ്പോക്ക്, തോട് പുറമ്പോക്ക് പൊതുനടവഴികൾ പൊതു ഇടവഴികൾ എന്നിവ റീസർവ്വേ നടത്തി പഞ്ചായത്ത് ഏറ്റെടുക്കണം.

10. കളിമണ്ണ്, ഇരുമ്പയിര്, ചെങ്കല്ല്, കരിങ്കല്ല് തുടങ്ങിയ വിഭാഗങ്ങൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിലുണ്ട്.

11. വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി പഞ്ചായത്തിലെ വ്യക്തികളിൽ നിന്നും മതസ്ഥാപനങ്ങളിൽനിന്നും സഹായം സ്വീകരിക്കാവുന്നതാണ്.

12. ആഴ്ച ചന്തകൾക്കും, കന്നുകാലി ചന്തകൾക്കും, മത്സ്യമാർക്കറ്റ്, പച്ചക്കറി ചന്ത എന്നിവക്കും സാധ്യതകളുണ്ട്.

13. ഷോപ്പിംഗ് കോംപ്ലക്സ്, കല്യാണമണ്ഡപം, സിനിമാശാലകൾ എന്നിവ നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തികളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

6. ഉപസംഹാരം

നമ്മുടെ ഇതുവരെയുള്ള വികസന സമീപനം ആ ശാസ്ത്രീയമാണെന്ന് ഇതുവരെനടന്ന ചർച്ചകളിലൂടെയും നാടിന്റെ അനുഭവത്തിൽ നിന്നും ബോധ്യമായല്ലോ. ഈ വികസന സംസ്കാരം മാറ്റി ശാസ്ത്രീയമായ പുതിയ ഒരു വികസന തന്ത്രം രൂപപ്പെടുത്തുന്നതിന്റെ മുന്നോടിയായിനടക്കുന്ന പ്രവർത്തനമായി ഈ ജനകീയാസൂത്രണ പദ്ധതിയുടെ മൊത്തം പ്രവർത്തനത്തെ കാണേണ്ടിയിരിക്കുന്നു. വികസനം വെറും ഡിപ്പാർട്ടുമെന്റ് പരിപാടിയായി മാറിയ ഇന്നത്തെ ദുഃസ്ഥിതിക്ക് അടിസ്ഥാനപരമായ ഒരു പരിഹാരമായി, ഈ പ്രസ്ഥാനത്തെകാണുകയും അതിനെപരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് നാടിന്റെ സമഗ്ര വികസനത്തിനു അത്യന്താപേക്ഷിതമാണ്. ഓരോ പ്രദേശത്തിനും അനുയോജ്യവും പ്രവർത്തനക്ഷമവുമായ നല്ല പദ്ധതികളിലാണ്. നാടിന്റെ ഭാവി നിലകൊള്ളുന്നത്. നല്ല പദ്ധതികൾ തയ്യാറാക്കണമെങ്കിൽ നമ്മുടെ പഞ്ചായത്തിലെ സാദ്ധ്യതകളെക്കുറിച്ചു സമഗ്രമായ ചർച്ച നടക്കണം. 40 ശതമാനം പദ്ധതി വിഹിതം എന്നുപറഞ്ഞാൽ മൊത്തം പദ്ധതിതുകയായ 14800 കോടി രൂപയുടെ 40 ശതമാനം 5920 കോടി രൂപയാണ്. ഇതിന്റെ പകുതിതുകയും ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി അവകാശപ്പെട്ടതാണ്. അതായത് 2960 കോടിരൂപ പത്തോ പന്ത്രണ്ടോ ലക്ഷത്തിലൊതുങ്ങുന്ന നമ്മളെപ്പോലുള്ള പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുമായി തട്ടിച്ചുനോക്കുമ്പോൾ 75 ലക്ഷത്തോളം രൂപ ജനകീയപദ്ധതിയിലൂടെ പ്രതിവർഷം ഗ്രാമപഞ്ചായത്തിനു ലഭിക്കുന്നു എന്നതുതന്നെ വലിയൊരു കാര്യമാണ്. പക്ഷെ ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന ആശകൾക്കും ആവശ്യങ്ങൾക്കും പ്രാവർത്തികരൂപം നൽകണമെങ്കിൽ വിഭവ സമാഹരണത്തിന്റെ കാര്യത്തിൽ നാം ഇനിയും എത്രയോ മുന്നേറേണ്ടിയിരിക്കുന്നു. അതിലേക്ക് വഴി തെളിക്കുന്ന സമഗ്രമായ ഒരു ചർച്ചയിലൂടെ ഈ വികസന രേഖക്ക് മൂർത്തമായ ഒരു രൂപം നൽകണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് വികസന റിപ്പോർട്ട് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

❑



തിരുത്ത്

പേജ്	തിരുത്തി വായിക്കേണ്ടത്
7	18–ാംവരി ആത്മാർത്ഥമായ എല്ലാ വിഭാഗീയതകളേയും മാറ്റിവെച്ചു കൊണ്ടുള്ള പ്രവർത്തനത്തിന്റെ.....
12	2–ാംവരി കൊട്ടക്കാവയൽ
12	51–ാംവരി വ്യവസ്ഥിതിയുടെ ആന്തരിക വൈരുദ്ധ്യം.
12	79–ാംവരി (പ്രശ്നം 7) തൊഴിൽ രംഗത്തെ സ്ത്രീ പങ്കാളിത്തക്കുറവ്.
16	11–ാംവരി നിർമ്മിക്കുന്നതിനായി എന്ന് തിരുത്തുക.
19	31–ാംവരി വിഭവങ്ങളുടെ എന്ന വാക്ക് ഒഴിവാക്കുക.
26	7–ാംവരി അവസ്ഥ പിറകിലാണ് എന്ന് തിരുത്തുക.
29	(പട്ടിക 10ൽ 7, 8, 9 കോളത്തിന്ന് മുകളിൽ) അദ്ധ്യാപകരുടെ എണ്ണം എന്ന് ചേർക്കണം.
29	(പട്ടിക 10ൽ 22, 23. 24, 25, 26 കോളത്തിന്ന് മുകളിൽ) ഇനി ആവശ്യമുള്ളവ എന്ന് ചേർക്കണം.
29	പട്ടിക 10ൽ ലാബറട്ടറി, ബി, ബി എന്നീ കോളങ്ങളിൽ മുട്ടാഞ്ചേരി A. L. P. A I D E Dന്റെ നേരെ യഥാക്രമം ഇല്ലാ, ഉണ്ട് എന്നും P T A കോളം പുല്ലാളൂർ A L. P. Sനും ചക്കാലക്കൽ H. Sനും നേരെ ഉണ്ട് എന്നും കുടിവെള്ളത്തിന്റെ കോളം 11–ാംനമ്പറിന്ന് നേരെ ടാപ്പ് എന്നും ചേർക്കുക.
30	സകകസു എന്നത് സ്ക്കൂൾ എന്ന് തിരുത്തുക. (പ്രശ്നം 13)
31	5–ാംവരി .....മൂലം ജലം സംഭരിക്കാൻ .....
33	7–ാംവരി ടാറിടാത്ത എന്നും 13–ാംവരിയിൽ സ്വകാര്യ ബസ്സുകളും എന്നും തിരുത്തുക.
34, 36	6, 21, 50, 55, 62, 65 നമ്പർ ഒഴിവാക്കണം.
37	74–ാം നമ്പറായി കൂളിപ്പുറത്ത്താഴം എന്ന് ചേർക്കുക.
37	75–ാംനമ്പറായി ആക്കിപ്പൊയിൽ — വട്ടക്കണ്ടം മുട്ടാഞ്ചേരി റോഡ്
,,	76 ,, പൂവ്വത്തുംകണ്ടി — മേക്കപ്പൊടി
,,	77 ,, കിടാരത്തിൽ — പൈമ്പാലശ്ശേരി – മുണ്ടോളിത്താഴം.
,,	78 ,, പരനിലം — കീണങ്ങൽതാഴം
,,	79 ,, വള്ളോപ്പ — പള്ളിക്കുന്ന് റോഡ്
,,	80 ,, മടവൂർമുക്ക് -- എടനിലാവിൽറോഡ്
,,	81 ,, കിഴക്കേതിൽ — പുള്ളൂനിച്ചാലിൽ കുഴിപ്പാറ റോഡ്.
,,	82 ,, പൊയിൽതാഴം — കറുത്തോട്ത്ത്പൊയിൽ റോഡ്
,,	83 ,, കറുത്തോട്ത്ത്പൊയിൽ — എട്ടുകണ്ടംകടവ്.
39	പട്ടിക 13-ൽ 8–ാമത്തെ ഇനം 6 മാസത്തിന്ന് താഴെയുള്ള കുഞ്ഞുങ്ങൾക്ക് (എന്ന് കൂടി ചേർക്കണം.)
41	പട്ടിക 15–ൽ 6–ാമത്തെ ഇനം ഫ്ളയിംഗ് ആരോസ് എന്ന് തിരുത്തുക.
42	പട്ടിക 15–ൽ 20A എന്ന ഇനമായി കല, മഹിളാസമാജം മടവൂർമുക്ക് എന്ന് ചേർക്കുക.
42	പട്ടിക 15–ൽ 42–ാമത്തെ ഇനമായി സി. എച്ച്. സ്മാരക വായനശാല പുല്ലാളൂർ എന്ന് ചേർക്കുക.
42	പട്ടിക 15–ൽ 43–ാമത്തെ ഇനമായി പാസ്ക് പുല്ലാളൂർ എന്ന് ചേർക്കണം.
44	19–ാം വരി .....രണ സംഘവും 5 വായ്പേതര ..... എന്ന് തിരുത്തുക.
45	6–ാമത്തെ ഇനമായി താഴെ കൊടുത്തത് ചേർക്കുക.

6	എരവന്നൂർ ക്ഷീര വ്യവസായ സഹകരണ സംഘം	വായ്പാതരം	8–ാം വാർഡ്	1–1–93	10,000/-	2810	ഇല്ല.	140 ലി	ഇല്ല
					ആകെ	276881 16820	25000	840 ലി	3856847